32nd Year of Service 2024

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

November 08, 2024 | Vol. XXXII No. 45 | Periodicals Postage Paid






ചിക്കാഗോ സീറോ മലബാർ രൂപതയുടെ രണ്ടാമത് എപ്പാർക്കിയൽ അസംബ്ലിയിൽ പങ്കെടുത്ത വൈദികരും സന്ന്യസ്തരും അത്മായരും രൂപതാദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോയി ആലപ്പാട്ട്, ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവരോടൊപ്പം. (ഫോട്ടോ: ഫാ. അബ്രാഹം മുത്തോലത്ത്)

(വാർത്ത 9-ാം പേജിൽ)

KUNNATHA INJURY LAWYERS

Free Consultation/Case Evaluation / ATLANTA : 404 633 4200 / CHICAGO: 312 757 4700

EXPERIENCE
PERSONAL
ATTENTION
RESULTS



Salu K. Kunnatha | Reena Emmanuel | Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

No legal fees until we collect compensation for you


Millions recovered for our clients each year!

ATLANTA
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

CHICAGO
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com

## ജോസഫ് വാച്ചാച്ചിറ (കുഞ്ഞൂഞ്ഞുകുട്ടി)
### ചിക്കാഗോയിൽ അന്തരിച്ചു



ചിക്കാഗോ: കുമരകം സ്വദേശിയും ചിക്കാഗോയിൽ സ്ഥിരതാമസക്കാരനുമായ ജോസഫ് വാച്ചാച്ചിറ (കുഞ്ഞൂഞ്ഞുകുട്ടി – 79) ചിക്കാഗോയിൽ അന്തരിച്ചു.

ഭാര്യ: 1999 – ൽ ചിക്കാഗോയിൽ കാറപകടത്തിൽ മരണമടഞ്ഞ മേരിക്കുട്ടി കൂടല്ലൂർ പടിഞ്ഞാത്ത് കുടുംബാംഗമാണ്.

ഭാര്യ: പുന്നത്തുറ കല്ലുവെട്ടുകുഴിയിൽ ലിറ്റിൽ ഫ്ളവർ (കുഞ്ഞുമോൾ).

കുമരകം വാച്ചാച്ചിറയിൽ പരേതരായ ജോസഫും (കൊച്ച്) തങ്കമ്മയുമാണ് മാതാപിതാക്കൾ.

മക്കൾ: ജെയ്സൺ, ജോൺസൺ, ജിൻസൺ വാച്ചാച്ചിറ.

മരുമക്കൾ: ബോബി മാക്കീൽ, ജോംസി ഏലംതാനത്ത്, മിനു പടിഞ്ഞാക്കര.

കൊച്ചുമക്കൾ – എട്ട്.

സഹോദരങ്ങൾ: പരേതയായ മേരിക്കുട്ടി പാട്ടക്കണ്ടം, കെസിസിഎൻഎ മുൻ പ്രസിഡണ്ട് ജോയി വാച്ചാച്ചിറ, കുഞ്ഞൂഞ്ഞമ്മ ചെറിയത്തിൽ, ജോപ്പൻ വാച്ചാച്ചിറ, എൽസമ്മ ചാലുങ്കൽ, ലിസി പള്ളത്തടം, ഫോമാ മുൻ പ്രസിഡണ്ട് ബെന്നി വാച്ചാച്ചിറ.

സംസ്കാരച്ചടങ്ങുകൾ ബെൻസൻവില്ല് സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ പള്ളിയിൽ വെച്ച് നടത്തപ്പെടും. തീയതി പിന്നീട്.

## മേരി ജേക്കബ് ചാമക്കാലായിലിന്റെ
### സംസ്കാരച്ചടങ്ങുകൾ നവംബർ 8, 9 തീയതികളിൽ



ന്യൂജേഴ്സി: ന്യൂജേഴ്സിയിൽ അന്തരിച്ച കൈപ്പുഴ ആട്ടുകാരൻ ചാമക്കാലായിൽ പരേതനായ ചാക്കോച്ചന്റെ (സി. ജെ. ജേക്കബ്, റിട്ടയർഡ് സൂപ്രണ്ട്, കെഎസ്ആർടിസി) ഭാര്യ മേരി ജേക്കബിന്റെ (92) സംസ്കാരച്ചടങ്ങുകൾ നവംബർ 8, 9 (വെള്ളി, ശനി) ദിവസങ്ങളിൽ ന്യൂജേഴ്സിയിൽ നടക്കും. നവംബർ 8 – ന് വെള്ളിയാഴ്ച വൈകുന്നേരം 5 മണി മുതൽ 9 മണി വരെ ന്യൂജേഴ്സി ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ പള്ളിയിൽ **(67 Fitch Street, Carteret, NJ 07008)** പൊതുദർശനം നടക്കും. നവംബർ 9 – ന് ശനിയാഴ്ച രാവിലെ 8 മണി മുതൽ 9 വരെ ക്രിസ്തുരാജ പള്ളിയിൽ പൊതുദർശനം. തുടർന്ന് ദിവ്യബലിയും പ്രാർത്ഥനാ ശുശ്രൂഷകളും. തുടർന്ന് സെന്റ് ജെർട്രൂഡ് സെമിത്തേരിയിൽ **(53 Inman Ave, Colonia, NJ 07067)** സംസ്കാരം നടക്കും.

പരേത കൂടല്ലൂർ ഞെള്ളങ്ങനാട്ടിൽ കുടുംബാംഗമാണ്. മക്കൾ: ആനിയമ്മ വാളത്താറ്റ്, ലൂക്കോസ് ചാമക്കാലായിൽ, മേഴ്സി മൂക്കേട്ട്, ജോണി ചാമക്കാലായിൽ, ജോസ് ചാമക്കാലായിൽ, ജോബി ചാമക്കാലായിൽ (എല്ലാവരും അമേരിക്കയിൽ). മരുമക്കൾ: പരേതനായ ജോർജ് മാത്യു വാളത്താറ്റ് (കുമരകം), ആഗ്നസ് വെള്ളിയാൻ (ഒളശ്ശ), ജെയിംസ് മൂക്കേട്ട് (വെളിയന്നൂർ), സാലി അരീച്ചിറയിൽ (മാൻവെട്ടം), ജെസ്സി ആറ്റുമാലിൽ (വെളിയനാട്), സ്മിത പ്ലാച്ചേരിപ്പുറത്ത് (ചുള്ളിക്കര).

32nd Year of Service 2024
Price $1.00
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 കാനഡയെ ഇന്ത്യ പ്രതിഷേധമറിയിച്ചു
9 എപ്പാർക്കിയൽ അസംബ്ലി വിജയകരമായി സമാപിച്ചു
10 വയനാട്ടിൽ വാഗ്ദാനങ്ങളുമായി മുന്നണികൾ
12 മാർ തോമസ് തറയിൽ അഭിഷിക്തനായി
15 ലാന സാഹിത്യോത്സവം 2024 സമാപിച്ചു

# ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ ഓർമയായി




കൊച്ചി: യാക്കോബായ സുറിയാനി സഭയുടെ അധ്യക്ഷൻ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ (95) കാലം ചെയ്തു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ഒക്ടോബർ 31-നായിരുന്നു അന്ത്യം.

രണ്ടു പതിറ്റാണ്ടിലേറെയായി യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്കയായിരുന്നു. 1999 ഫെബ്രുവരി 22-ന് എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് നിയുക്ത കാതോലിക്കയും കാതോലിക്കാ ബാവായും മെത്രാപ്പൊലീത്തൻ ട്രസ്റ്റിയുമായി. 2002 ജൂലൈ 26-നു പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ, ബസേലിയോസ് തോമസ് പ്രഥമൻ എന്ന പേരിൽ ശ്രേഷ്ഠ കാതോലിക്കയായി വാഴിച്ചു. പ്രായാധിക്യത്തെത്തുടർന്ന് 2019 ഏപ്രിൽ 27-നു മെത്രാപ്പൊലീത്തൻ ട്രസ്റ്റി സ്ഥാനം ഒഴിഞ്ഞു.

പ്രതിസന്ധി നാളുകളിൽ യാക്കോബായ സഭയ്ക്കു ധീരമായ നേതൃത്വം നൽകിയ ശ്രേഷ്ഠ ബാവാ, സഭയുടെ നിലനിൽപിനു വേണ്ടിയുള്ള (ശേഷം 24-ാം പേജിൽ)

# ജാർഖണ്ഡിൽ ആദിവാസികളെ ഒഴിവാക്കി ഏകവ്യക്തി നിയമം

ന്യൂഡൽഹി: ജാർഖണ്ഡിലെ ആദിവാസികൾക്ക് ഏകവ്യക്തി നിയമം (യുസിസി) ബാധകമാക്കില്ലെന്നു ബിജെപി പ്രകടനപത്രിക. ആദിവാസി പ്രദേശങ്ങളിലെ കുടിയേറ്റക്കാരെ പുറത്താക്കാൻ കർശന നടപടി സ്വീകരിക്കുമെന്നും



ജാർഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പിനുള്ള ബിജെപിയുടെ പ്രകടന പത്രിക പുറത്തിറക്കി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു. ഇന്ത്യയിൽ ഏകവ്യക്തിനിയമം നടപ്പാക്കണമെന്നതാണ് ബിജെപി നിലപാടെങ്കിലും ആദിവാസികളുടെ സാംസ്കാരിക സ്വത്വം നിലനിർത്തണം.

അതിനാൽ സാന്താൾ അടക്കമുള്ള ആദിവാസികളെ ഏകവ്യക്തിനിയമത്തിൽനിന്ന് ഒഴിവാക്കും. നുഴഞ്ഞു കയറ്റക്കാർ കൈവശപ്പെടുത്തിയ ഭൂമി ആദിവാസികൾക്കു തിരികെ നൽകുമെന്നും ആദിവാസികളെ വിവാഹം കഴിക്കുന്ന നുഴഞ്ഞുകയറ്റക്കാരുടെ മക്കൾക്കു ഗോത്ര പദവി ലഭിക്കുന്നതു തടയുമെന്നും പ്രകടനപത്രികയിലുണ്ട്. അധികാരത്തിലെത്തിയാൽ മട്ടി, ബേട്ടി, റൊട്ടി (ഭൂമി, മകൾ, ഭക്ഷണം) എന്നിവയ്ക്കു സംരക്ഷണം ഉറപ്പാക്കുമെന്ന് അമിത് ഷാ പറഞ്ഞു. (ശേഷം 24-ാം പേജിൽ)

## പാലക്കാട് ഉപതെരഞ്ഞെടുപ്പ് തീയതി മാറ്റി

ന്യൂഡൽഹി: പാലക്കാട് ഉപതെരഞ്ഞെടുപ്പിന്റെ തീയതി മാറ്റി. കൽപ്പാത്തി രഥോത്സവം കണക്കിലെടുത്ത് ഈ മാസം 20-ലോക്കാണ് തെരഞ്ഞെടുപ്പ് മാറ്റിയത്. 13-നാണ് വോട്ടെടുപ്പ് നടക്കേണ്ടിയിരുന്നത്.

വിവിധ രാഷ്ട്രീയപാർട്ടികൾ വോട്ടെടുപ്പ് മാറ്റണമെന്ന് ആവശ്യപ്പെട്ടിരുന്നു. കേരളം, പഞ്ചാബ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ 14 മണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പാണ് മാറ്റിയത്.

# സിൽവർലൈൻ: തുടർ നടപടികൾക്ക് കേന്ദ്രം സന്നദ്ധം

തിരുവനന്തപുരം: കെ-റെയിൽ പദ്ധതിയുമായി അതിവേഗം മുന്നോട്ടു പോകാനുറച്ച് കേരളം. ചീഫ് സെക്രട്ടറി ശാരദാ മുരളീധരനെ കെ-റെയിലിന്റെ ചെയർമാനും ഡയറക്ടറുമായി നിയമിച്ചത് പദ്ധതി നിലയ്ക്കാതിരിക്കാനുള്ള കരുതലിന്റെ ഭാഗമാണ്. അഡി. ചീഫ് സെക്രട്ടറി ഡോ എ. ജയതിലകിനെ ഡയറക്ടർ ബോർഡംഗമാക്കിയിരുന്നു.

പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന രബീന്ദ്രകുമാർ അഗർവാളിന് പകരമായിരുന്നു ആ നിയമനം. സീനിയർ ഉദ്യോഗസ്ഥരെ തലപ്പത്ത് എത്തിച്ചതു തന്നെ കെ-റെയിലുമായി മുമ്പോട്ട് പോകുകയെന്ന ലക്ഷ്യത്തോടെയാണ്.

കെ-റെയിൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നേരത്തെ റെയിൽ മന്ത്രി അശ്വി



നി വൈഷ്ണവുമായി ഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. പിന്നാലെയാണ് നവംബർ മൂന്നിന് പദ്ധതി അടഞ്ഞിട്ടില്ലെന്ന കേന്ദ്ര റെയിൽ മന്ത്രി അശ്വിനി വൈഷ്ണവിന്റെ പ്രസ്താവന. വായ്പകൾക്കു കേന്ദ്രത്തിന്റെ ഗ്യാരന്റി ഉണ്ടാകില്ലെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുക്കലും ജനകീയപ്രതിരോധവുമാണ് കെ-റെയിൽ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.

വിശദമായ ഭൂസർവെയും പരിസ്ഥിതി ആഘാത പഠനവും നടത്താതെ സ്ഥലം ഏറ്റെടുക്കാൻ നടത്തിയ നീക്കങ്ങൾ വിവാദമായിരുന്നു. പുതിയ സാഹചര്യത്തിൽ അലൈൻമെന്റിൽ അടക്കം മാറ്റം വരുത്തുന്നത് സർക്കാർ പരിഗണിക്കും.

പ്രതിഷേധങ്ങൾ കുറച്ച് ജനങ്ങളെ വിശ്വാസത്തിലെടുത്ത് പദ്ധതിയുമായി മുമ്പോട്ട് പോകേണ്ടത് അനിവാര്യതയാണെന്നു പിണറായി സർക്കാർ വിലയിരുത്തിയിരുന്നു. ഇതിനിടെയാണ് സാങ്കേതിക പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിച്ചാൽ കെ-റെയിലിൽ തുടർനടപടികൾക്കു സന്നദ്ധമെന്നാണു കേന്ദ്ര സർക്കാർ വിശദീകരിക്കുന്നത്.

പുതിയ സാഹചര്യത്തിൽ പദ്ധതി മാറ്റങ്ങളോടെ വീണ്ടും കേന്ദ്രത്തിനു കൈമാറും. (ശേഷം 24-ാം പേജിൽ)

# മുനമ്പം: ചർച്ചയ്ക്ക് തയ്യാറായി സർക്കാർ

തിരുവനന്തപുരം: മുനമ്പം ഭൂമി തർക്കം പരിഹരിക്കാനുള്ള സാധ്യത പരിശോധിക്കാൻ മന്ത്രിതല ചർച്ച നടത്താൻ സർക്കാർ ഉപതെരഞ്ഞെടുപ്പിനുശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല ചർച്ച നടത്താൻ തീരുമാനം.

മുഖ്യമന്ത്രിയെ കൂടാതെ റവന്യൂമന്ത്രി കെ. രാജേന്ദ്രൻ, നിയമമന്ത്രി പി. രാജീവ്, വഖഫിന്റെ ചുമതലയുള്ള മന്ത്രി പി. അബ്ദുറഹ്മാൻ എന്നിവരാണ് ചർച്ചയിൽ പങ്കെടുക്കുക.

മുനമ്പത്തെ ഭൂമിയുമായി ബന്ധപ്പെട്ട് പത്ത് കേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ടെന്നാണ് സർക്കാർ വിലയിരുത്തൽ. കേസുകൾ തീർപ്പാക്കുകയാണ് പ്രധാനമായും മന്ത്രിതല യോഗത്തിൽ ചർച്ച ചെയ്യുക. വി.എസ്. അച്യുതാനന്ദൻ സർക്കാരിന്റെ കാലത്ത് നിയോഗിച്ച നിസാർ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് മുനമ്പം ഭൂമിയിൽ വഖഫുമായി ബന്ധപ്പെട്ട ഇപ്പോഴത്തെ തർക്കങ്ങൾ ഉടലെടുത്തിരിക്കുന്നത്. ഇതിനെ തരണം ചെയ്യാൻ നിയമഭേദഗതി അടക്കമുള്ളവയും ചർച്ചയ്ക്കെത്തും.

മുനമ്പത്തെ ഭൂമിക്ക് പകരം സർക്കാർ ഭൂമി കൊടുക്കണമെന്ന നിർദേശവും ഉയരുന്നുണ്ട്. എന്നാൽ, ഇത്രത്തോളം ഭൂമി നല്കാൻ കഴിയുമോ എന്ന കാര്യത്തിൽ ആശങ്കയുണ്ട്. എന്തായാലും മന്ത്രിതല ചർച്ചയ്ക്ക് ശേഷമാകും തുടർനടപടികൾ ആലോചിക്കുക.

എന്നാൽ, സർവകക്ഷി യോഗം വിളിച്ച് പ്രശ്നം ചർച്ച ചെയ്യാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണമെന്നാണ് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ആവശ്യപ്പെടുന്നത്. മന്ത്രിതല ചർച്ചയിലൂടെ മാത്രം മുനമ്പത്തെ ജനകീയ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ലെന്ന വാദവുമുണ്ട്.

## ആറ് വർഷത്തിനുശേഷം ജമ്മു കാശ്മീരിൽ നിയമസഭാ സമ്മേളനം തുടങ്ങി

ശ്രീനഗർ: ആറു വർഷത്തിനുശേഷം ചേർന്ന ജമ്മു കശ്മീർ നിയമസഭാ സമ്മേളനത്തിന്റെ ആദ്യ ദിവസം തന്നെ സഭയിൽ ബഹളം. പ്രതിപക്ഷമായ പീപ്പിൾസ് ഡെമോക്രാറ്റിക് പാർട്ടിയുടെ എംഎൽഎ വാഹിദ് പാറ ആർട്ടിക്കിൾ 370 റദ്ദാക്കിയതിനെതിരെ പ്രമേയം കൊണ്ടുവന്നു.

ജമ്മു കാശ്മീരിന് പ്രത്യേക പദവി പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു. ഇതിനെ ബിജെപി അംഗങ്ങൾ എതിർത്തു. അതേസമയം, ഇതുവരെ പ്രമേയം അംഗീകരിച്ചിട്ടില്ലെന്ന് സ്പീക്കർ റഹീം റാത്തർ പറഞ്ഞു. സമ്മേളനം എട്ടാം തീയതി വരെയുണ്ടാകും.

# കാനഡയെ ഇന്ത്യ പ്രതിഷേധമറിയിച്ചു

ന്യൂഡൽഹി: സിഖ് വിഘടനവാദി നേതാവ് ഹർദീപ് സിംഗ് നിജ്ജാറിന്റെ കൊലപാതകത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായ്ക്കു പങ്കുണ്ടെന്ന കാനഡയുടെ ആരോപണത്തിനെതിരെ കടുത്ത പ്രതിഷേധവുമായി ഇന്ത്യ.

കനേഡിയൻ ഹൈക്കമ്മീഷൻ പ്രതിനിധിയെ വിളിച്ചുവരുത്തിയ വിദേശകാര്യ മന്ത്രാലയം പ്രതിഷേധമറിയിക്കുന്ന കുറിപ്പ് കൈമാറി.

കനേഡിയൻ വിദേശകാര്യ ഉപമന്ത്രി ഡേവിഡ് മോറിസൺ അമിത് ഷായ്ക്കെതിരെ നടത്തിയ അടിസ്ഥാന രഹിതമായ ആരോപണങ്ങൾക്കെതിരെ കടുത്ത പ്രതിഷേധം കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

2024 ഒക്ടോബർ 29-ന് ഒട്ടാവയിൽ നടന്ന പാർലമെന്റിന്റെ പബ്ലിക് സേഫ്റ്റി ആൻഡ് നാഷണൽ കമ്മിറ്റി യോഗത്തിൽ നിജ്ജാർ വധത്തിൽ അമിത് ഷായ്ക്ക് പങ്കുണ്ടെന്ന് കനേഡിയൻ മന്ത്രി പരാമർശം നടത്തിയത് അമേരിക്കയിലെ വാഷിങ്ടൺ പോസ്റ്റ് പത്രം റിപ്പോർട്ട് ചെയ്തിരുന്നു.

പരാമർശത്തിനു പിന്നാലെ കാനഡയുടെ ആരോപണങ്ങൾ ആശങ്കപ്പെടുത്തുന്നതാണെന്ന് അമേരിക്കയും അഭിപ്രായപ്പെട്ടിരുന്നു.

നയതന്ത്ര ഉദ്യോഗസ്ഥരെ പുറത്താക്കുന്നതുൾപ്പെടെ ഇന്ത്യയും കാനഡയും തമ്മിലുള്ള അസ്വാരസ്യങ്ങൾ തുടരുന്നതിനിടെ കാനഡയിലെ ബ്രാംപ്ടണിലെ ഹിന്ദു ക്ഷേത്രം ആക്രമിച്ച് ഖലിസ്ഥാൻ തീവ്രവാദികൾ. ബ്രാംപ്ടണിലെ ഹിന്ദു മഹാസഭ ക്ഷേത്രത്തിനു നേരെയാണ് ആക്രമണം ഉണ്ടായത്. ഒരുപറ്റം ആളുകൾ ഖലിസ്ഥാൻ അനുകൂല മുദ്രാവാക്യങ്ങളുമായി ക്ഷേത്രത്തിനകത്തേക്ക് പ്രവേശിക്കുകയും ക്ഷേത്രകവാടത്തിൽ നിന്ന ഭക്തരെയും ഇന്ത്യയുടെ പതാക ഏന്തിയ ആളുകളെയും മർദ്ദിക്കുകയുമായിരുന്നു.

എന്നാൽ, പ്രതിഷേധത്തെക്കുറിച്ച് അറിയാമായിരുന്നുവെന്ന് പീൽ ജനറൽ പോലീസ് പറഞ്ഞു. കനേഡിയൻ ചാർട്ടർ ഓഫ് റൈറ്റ്സ് ആൻഡ് ഫ്രീഡം പ്രകാരം പ്രതിഷേധിക്കാനുള്ള വ്യക്തിഗത അവകാശത്തെ തങ്ങൾ മാനിക്കുന്നുണ്ടെങ്കിലും പൊതുക്രമം നിലനിർത്തുന്നതിനും എല്ലാവരുടെയും സുരക്ഷ ഉറപ്പാക്കുന്നതിനും ഉത്തരവാദിത്വമുണ്ടെന്നും പോലീസ് വ്യക്തമാക്കി. അക്രമത്തിന് ഉത്തരവാദികളായവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണമെന്ന് ബ്രാംപ്ടൺ മേയർ പാട്രിക് ബ്രൗൺ ആവശ്യപ്പെട്ടു. മതസ്വാതന്ത്ര്യം കാനഡയിൽ അടിസ്ഥാന മൂല്യമാണ്. എല്ലാവരും അവരവരുടെ ആരാധനാലയങ്ങളിൽ സുരക്ഷിതത്വം അനുഭവിക്കണമെന്നും ബ്രൗൺ എക്സിൽ പ്രതികരിച്ചു.

ഹിന്ദു ക്ഷേത്രത്തിനു നേരെയുണ്ടായ അക്രമത്തെ കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ അപലപിച്ചു. മതാചാരങ്ങൾ സുരക്ഷിതമായും സ്വതന്ത്രമായും അനുഷ്ഠിക്കാനുള്ള അവകാശം കാനഡ ഉയർത്തിപ്പിടിക്കുന്നുവെന്ന് ട്രൂഡോ വ്യക്തമാക്കി. ക്ഷേത്രത്തിനെതിരെയുണ്ടായ അക്രമം അസ്വീകാര്യമാണെന്നും നടപടിയുണ്ടാകുമെന്നും ട്രൂഡോ പറഞ്ഞു.

# ചങ്ങനാശേരി അതിരൂപതയിൽ മൂന്ന് പുതിയ വികാരി ജനറാൾമാർ

ചങ്ങനാശേരി: ചങ്ങനാശേരി അതിരൂപതയിൽ മൂന്ന് പുതിയ വികാരി ജനറാൾമാരെ ആർച്ച്ബിഷപ് മാർ തോമസ് തറയിൽ നിയമിച്ചു. മുഖ്യ വികാരിജനറാൾ (പ്രോട്ടോ സിഞ്ചെല്ലൂസ്) ഫാ. ആന്റണി ഏത്തയ്ക്കാട്, വികാരി ജനറാൾമാരായി (സിഞ്ചെല്ലൂസ്) റവ.ഡോ. മാത്യു ചങ്ങങ്കരി, റവ.ഡോ. ജോൺ തെക്കേക്കര എന്നിവരെയാണ് നിയമിച്ചത്. ചാൻസലറായി റവ.ഡോ. ജോർജ് പുതുമനമൂഴിയെയും അസോസിയേറ്റ് പ്രൊക്യൂറേറ്ററായി ഫാ. ആന്റണി മാളേക്കലിനെയും നിയമിച്ചു.

കുറുമ്പനാടം സെ. ആന്റണീസ് ഫൊറോനാ ഇടവകാംഗമായ ഫാ. ആന്റണി ഏത്തയ്ക്കാട് തൃക്കൊടിത്താനം ഫൊറോന വികാരിയായി സേവനമനുഷ്ഠിച്ചു വരവേയാണ് പുതിയ നിയമനം. വെരൂർ സെ. ജോസഫ്സ് ഇടവകാംഗമായ റവ.ഡോ. മാത്യു ചങ്ങങ്കരി അതിരൂപതാ ജുഡീഷ്യൽ വികാരി, മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണൽ ജഡ്ജ് എന്നീ സേവനങ്ങൾ നിർവഹിച്ചു വരവെയാണ് പുതിയ നിയമനം. ഇത്തിത്താനം സെ. മേരീസ് ഇടവകാംഗമായ റവ.ഡോ. ജോൺ തെക്കേക്കര ബാംഗ്ളൂർ സെ. ജോൺസ് മെഡിക്കൽ കോളജ് അസോസിയേറ്റ് ഡയറക്ടറായി സേവനം നിർവഹിച്ചു വരവേയാണ് പുതിയ നിയമനം. പുന്നത്തുറ സെ. തോമസ് ഇടവകാംഗമായ റവ.ഡോ. ജോർജ് പുതുമനമൂഴിയിൽ അതിരൂപതാ വൈസ് ചാൻസലർ. വിരിപ്പുകാല സെ. ജൂഡ് പള്ളി വികാരി എന്നീ സേവനങ്ങൾ നിർവഹിക്കവേയാണ് പുതിയ നിയമനം. പുളിങ്കുന്ന് സെ. മേരീസ് ഫൊറോനാ ഇടവകാംഗമായ ഫാ. ആന്റണി മാളേക്കൽ വെരൂർ സെ. ജോസഫ് പള്ളി വികാരിയായി സേവനം നിർവഹിച്ചു വരവേയാണ് പുതിയ നിയമനം. നിലവിലുള്ള വികാരി ജനറാൾ മോൺ. വർഗീസ് താനമാവുങ്കൽ, പ്രൊക്യുറേറ്റർ ഫാ. ചെറിയാൻ കാരിക്കൊമ്പിൽ എന്നിവർ തുടരും.

# വയനാട്: ടൗൺഷിപ്പിനു കണ്ടെത്തിയ സ്ഥലങ്ങൾ നിയമക്കുരുക്കിൽ

കൽപറ്റ: വാടകവീടുകളിൽ എത്ര കാലം കഴിയേണമെന്ന ആശങ്കയിൽ പുഞ്ചിരിമട്ടം ഉരുൾദുരന്ത ബാധിതർ. സ്ഥിരം പുനരധിവാസത്തിനു ടൗൺഷിപ്പ് സജ്ജമാക്കാൻ സർക്കാർ കണ്ടെത്തിയ സ്ഥലങ്ങൾ നിയമക്കുരുക്കിൽ പ്പെട്ടതാണ് ദുരന്തബാധിതർക്കു തിരിച്ചടിയായത്.

പുഞ്ചിരിമട്ടം, മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലെ നൂറുകണക്കിന് ആളുകളാണ് ഉരുൾപൊട്ടലിൽ ഭവനരഹിതരായത്. രണ്ട് ടൗൺഷിപ്പുകൾ ഒരുക്കി ഇവരുടെ സ്ഥിരം പുനരധിവാസം സാധ്യമാക്കാനാണു സർക്കാർ പദ്ധതിയിട്ടത്. രണ്ടിലുമായി 1,000 വീടുകൾ നിർമിക്കുമെന്നാണു മുഖ്യമന്ത്രി നിയമസഭയിൽ വ്യക്തമാക്കിയതും.

സ്ഥിരം പുനരധിവാസത്തിനു ഹാരിസൺ മലയാളം കമ്പനിയുടെ കൈവശം മേപ്പാടി നെടുമ്പാലയിലുള്ളതിൽ 65.41 ഹെക്ടറും കൽപറ്റയ്ക്കടുത്ത് എൽസ്റ്റൻ എസ്റ്റേറ്റിലെ പുൽപ്പാറ ഡിവിഷനിൽപ്പെട്ട 78.73 ഹെക്ടറും ഭൂമിയാണു സർക്കാർ കണ്ടെത്തിയത്. ഈ സ്ഥലങ്ങൾ 2005-ലെ ദുരന്തനിവാരണ നിയമം അനുസരിച്ച് സർക്കാർ ഏറ്റെടുക്കുന്നതിനെതിരെ മാനേജ്മെന്റുകൾ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. ഇതിനു പിന്നാലെ ഈ ഭൂമികളിൽ അവകാശം ഉന്നയിച്ച് ജില്ലാ കളക്ടർ ബത്തേരി സബ് കോടതിയിൽ സിവിൽ കേസും ഫയൽ ചെയ്തു. ഇതോടെയാണു സ്ഥലമെടുപ്പ് അനിശ്ചിതത്വത്തിലായത്.



നിയമപ്രശ്നങ്ങൾ ഇല്ലാത്തതും ടൗൺഷിപ്പുകൾക്കു യോജിച്ചതുമായ വേറെ ഭൂമി വയനാട്ടിൽ സുലഭമല്ലാത്ത സാഹചര്യമാണ് നിലവിൽ. ഉരുൾദുരന്ത ബാധിതർ ജനശബ്ദം ജനകീയ കർമസമിതിയുടെ നേതൃത്വത്തിൽ ഈയിടെ കളക്ട്രേറ്റ് ധർണ നടത്തിയിരുന്നു. പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുക, അർഹതയുള്ള മുഴുവൻ കുടുംബങ്ങളെയും ഗുണഭോക്താക്കളാക്കുക, മുഖ്യമന്ത്രി പ്രഖ്യാപിച്ച അടിയന്തര സഹായം ലഭ്യമാക്കുക, മേപ്പാടി പഞ്ചായത്തിലെ 10, 11, 12 വാർഡുകളിലുള്ളവരുടെ മുഴുവൻ വായ്പകളും എഴുതിത്തള്ളുക, ഡോ. ജോൺ മത്തായി കമ്മിറ്റി റിപ്പോർട്ട് തള്ളുക, പുഞ്ചിരിമട്ടം, മുണ്ടക്കൈ, ചൂരൽമല പ്രദേശത്തെ പ്രകൃതിദുരന്ത സാധ്യത മറ്റൊരു വിദഗ്ധസമിതിയെ നിയോഗിച്ച് പരിശോധിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു സമരം.

# മുണ്ടക്കൈ – ചൂരൽമല ദുരന്തം: മൂന്ന് മാസം പിന്നിട്ടിട്ടും സഹായമില്ല

കൽപറ്റ: 251 പേർ മരിക്കുകയും 47 പേരെ കാണാതാകുകയും ചെയ്ത മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തമുണ്ടായി മൂന്ന് മാസം കഴിഞ്ഞിട്ടും ധനസഹായം അനുവദിക്കാതെ കേന്ദ്ര സർക്കാർ. വയനാട്ടിലേതു തീവ്ര ദുരന്തമായി പ്രഖ്യാപിക്കണമെന്ന ആവശ്യത്തോടു കേന്ദ്രം മുഖം തിരിക്കുകയാണ്.

തീവ്രദുരന്തമായി പ്രഖ്യാപിച്ചാൽ രാജ്യാന്തര തലത്തിലുൾപ്പെടെ പുനരധിവാസത്തിനായി ഫണ്ട് ശേഖരണം നടത്താൻ കേരളത്തിനു കഴിയും. ദുരന്തപ്രതികരണ നിധിയിലെ വ്യവസ്ഥ പ്രകാരം, പൂർണമായി തകർന്ന വീടിനു 1.30 ലക്ഷം രൂപയും ഒരു കിലോമീറ്റർ റോഡ് നന്നാക്കാൻ 75,000 രൂപയും മാത്രമേ അനുവദിക്കാനാകൂ. ദുരന്തപ്രതികരണ നിധിയിലെ പണം ഉപയോഗിക്കാമെന്നു കേന്ദ്രം വാദിക്കുമ്പോഴും അപ്രായോഗികമായ ഇത്തരം വ്യവസ്ഥകൾ തടസ്സമാകുമെന്ന് റവന്യൂ ഉദ്യോഗസ്ഥർ പറയുന്നു. കേരള ബാങ്ക് ദുരന്തബാധിതരുടെ കടം എഴുതിത്തള്ളിയപ്പോഴും ദേശസാത്കൃത ബാങ്കുകളിലെ കടം എഴുതിത്തള്ളാൻ ഇതുവരെ കേന്ദ്രം ആവശ്യപ്പെട്ടിട്ടില്ല.

# മെഡിക്കൽ കോളജിന് അദ്ധ്യാപക യോഗ്യത തീരുമാനിക്കാം: എൻഎംഎസി

ന്യൂഡൽഹി: മെഡിക്കൽ കോളജിൽ അദ്ധ്യാപകരായി നിയമിക്കപ്പെടുന്നവർക്കെല്ലാം എംബിബിഎസ് യോഗ്യത നിർബന്ധമായിരിക്കണമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതു തടയാൻ കഴിയില്ലെന്ന് ദേശീയ മെഡിക്കൽ കമ്മീഷൻ വ്യക്തമാക്കി. ഇക്കാര്യത്തിൽ കോളജുകൾക്കു തീരുമാനമെടുക്കാമെന്നും കമ്മീഷൻ അറിയിച്ചു. മെഡിക്കൽ കോളജുകളിലെ ട്യൂട്ടർ നിയമനവുമായി ബന്ധപ്പെട്ട് എംഎസ്സി മെഡിസിൻ അസോസിയേഷൻ നല്കിയ പരാതിയിലാണ് പ്രതികരണം. മെഡിക്കൽ കോളജുകളിലെ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതാ വ്യവസ്ഥകൾ ലംഘിച്ച് ആഗ്രയിലെ സരോജിനി നായിഡു മെഡിക്കൽ കോളജ് നിയമനം നടത്തുന്നു എന്ന വിഷയമാണ് അസോസിയേഷൻ ഉന്നയിച്ചത്. ആഗ്ര മെഡിക്കൽ കോളജ് പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം എം.എസ്സി മാത്രംകൊണ്ട് ട്യൂട്ടർ നിയമനം നല്കാൻ കഴിയില്ലെന്നതാണ് പ്രശ്നം. പകരം എംബിബിഎസോ പിഎച്ച്.ഡിയോ വേണമെന്നതാണ് നിബന്ധന.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 45
November 08, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

നീതി നടത്താൻ താമസിച്ചാൽ അത് നിഷേധിക്കുന്നതിന് തുല്യമാണ്.
**ജോൺ എഫ് കെന്നഡി**

ശക്തനായി ഇരിക്കുന്നതിലല്ല, ശക്തി ശരിയായി ഉപയോഗിക്കുന്നതിലാണ് മഹത്വമിരിക്കുന്നത്.
**ബിച്ചർ**

# MEDICARE PLANS

**QUESTIONS ANSWERED**

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT


**Raj Surendran, MBA**

Senior Medicare Specialist

708-945-3985

www.questwealthgroup.com
rsurendran007@gmail.com






Steve Crifase


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

Fee Discounts Available To Malayalee Clients On Specific Cases

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# കുറ്റവാളികളെ സംരക്ഷിക്കാനുള്ളതല്ല നിയമവാഴ്ച

കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ടും സിപിഎം നേതാവുമായ പി.പി. ദിവ്യക്ക് മുൻകൂർജാമ്യം നിഷേധിച്ചുകൊണ്ടുള്ള തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതിയുടെ തീരുമാനത്തിനു പ്രേരണയായത് നീതിയെയും നിയമവാഴ്ചയെയുംകുറിച്ചുള്ള വേവലാതിയാണ്. ജാമ്യംനൽകിയാൽ, പ്രതി രാഷ്ട്രീയസ്വാധീനം ഉപയോഗിച്ച് കേസ് ദുർബലപ്പെടുത്താൻ സാധ്യതയുണ്ടെന്ന ആശങ്കയാണ് കോടതി രേഖപ്പെടുത്തിയത്. ദിവ്യയുടെ പ്രസംഗം ആസൂത്രിതമാണെന്നും ജാമ്യംനൽകുന്നത് തെറ്റായ സന്ദേശമാകുമെന്നും കോടതി വിലയിരുത്തി.

രാഷ്ട്രീയസ്വാധീനമുള്ളവർ പ്രതിചേർക്കപ്പെടുന്ന കേസുകളിൽ തെളിവുകൾ തേച്ചുമായ്ക്കാനും കൃത്രിമത്തെളിവുണ്ടാക്കാനും സാക്ഷികളെ സ്വാധീനിക്കാനുമുള്ള സാധ്യത പ്രബലമാണ്. ഈ പരിഗണനയാണ്, പി.പി. ദിവ്യക്ക് ജാമ്യം നിഷേധിക്കുന്നതിൽ കോടതിയെ പ്രധാനമായും നയിച്ചതെന്നാണു വ്യക്തമാകുന്നത്. ദിവ്യക്കെതിരെ ചുമത്തിയിരിക്കുന്ന ആത്മഹത്യാപ്രേരണക്കുറ്റം നിലനിൽക്കുമെന്നും ഇതോടെ വ്യക്തമാകുകയാണ്. ഈ മാസം 14-ന് കണ്ണൂർ കളക്ടറേറ്റിൽ നടന്ന യാത്രയയപ്പുയോഗത്തിൽ ദിവ്യ ആക്ഷേപിച്ചു സംസാരിച്ചതിനെത്തുടർന്ന് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് (എഡിഎം) കെ. നവീൻ ബാബു ആത്മഹത്യ ചെയ്തെന്നാണ് കേസ്. ദിവ്യയുടെ പ്രസംഗത്തോടെ നവീൻ ബാബു അപമാനിതനായെന്ന് ജാമ്യം നിഷേധിച്ചുള്ള ഉത്തരവിൽ കോടതി നിരീക്ഷിക്കുന്നു. പെട്രോൾ പമ്പിന് അനുമതിരേഖ നൽകാൻ നവീൻ ബാബു കൈക്കൂലി വാങ്ങിയെന്നു ധ്വനിപ്പിച്ചാണ് ദിവ്യ യാത്രയയപ്പു ചടങ്ങിൽ സംസാരിച്ചത്. ക്ഷണിക്കാതെവന്ന് മനഃപൂർവം ആക്ഷേപശരങ്ങൾ തൊടുക്കുകയും അതിന്റെ ദൃശ്യങ്ങൾ പ്രചരിപ്പിക്കാൻ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തതായി ഇതിനകം വ്യക്തമായിട്ടുണ്ട്.

ജനപ്രതിനിധികളാണെന്നു കരുതി നിയമം കൈയിലെടുക്കരുതെന്നും അതത് സംവിധാനങ്ങളെ ആശ്രയിക്കുകയാണു വേണ്ടതെന്നും ദിവ്യയുടെ നടപടികളെ നിശിതമായി വിമർശിച്ചുകൊണ്ട് കോടതി വ്യക്തമാക്കി. അഴിമതി ആരോപണങ്ങളുണ്ടെങ്കിൽ അത് നേരിടാൻ ഇവിടെ സംവിധാനങ്ങളുണ്ട്. ഒരു വ്യക്തിയെ മനപ്പൂർവ്വം അയാളുടെ യാത്രയയപ്പുവേളയിലെത്തി വ്യക്തിഹത്യ നടത്തുകയും അതു ചിത്രീകരിച്ച് അയാളുടെ നാട്ടിൽ പോലും മനപ്പൂർവ്വം പ്രചരിപ്പിച്ച് ആത്മഹത്യയിലേക്ക് തള്ളിവിടുകയുമായിരുന്നെന്ന നിരീക്ഷണം കേരളം കാത്തിരുന്ന വാക്കുകളാണ്.

നവീൻബാബുവിന്റെ കാര്യത്തിൽ നീതിനിയമങ്ങൾ പുലരുന്ന ഒരു നാട്ടിൽ നടക്കരുതാത്ത സംഭവങ്ങളാണ് ഉണ്ടായത്. നവീൻബാബു മനപ്പൂർവ്വം അപമാനിക്കപ്പെട്ടതിനു പിന്നിൽ സംഘടിതമായ ഒരു ഗൂഢാലോചനയുണ്ടായതായി സാമാന്യബോധമുള്ള കേരളീയർ ചിന്തിച്ചിടത്താണ് സിപിഎം നേതാവായ ദിവ്യക്ക് അടിപതറിയത്. ഗതികെട്ട് ഒരു മുഴം കയറിൽ നവീൻ ബാബു ജീവിതമൊടുക്കിയപ്പോൾ ദിവ്യക്കൊപ്പമുള്ളവർ അവർക്ക് സംരക്ഷണത്തിന്റെ ഉരുക്കു കവചം നിർമിക്കാനാണു ശ്രമിച്ചത്. ആരോപണത്തിന്റെ പേരിൽ ദിവ്യയുടെ രാഷ്ട്രീയജീവിതം പകരമെടുക്കാൻ അനുവദിക്കില്ലെന്ന വാദവും. ദിവ്യ പരസ്യമായി ഉയർത്തിയ ആരോപണത്തിന്റെ പേരിൽ ജീവിതംതന്നെ നൽകേണ്ടി വന്ന നവീൻ ബാബുവിനൊപ്പമാണു കേരളമനസെന്ന് വൈകാതെ പലർക്കും ബോധ്യപ്പെട്ടതോടെയാണ് ആ ശ്രമങ്ങൾ കുറച്ചെങ്കിലും അവസാനിച്ചത്.

ഈ ജനവികാരത്തിനു മുന്നിൽ തങ്ങൾ കെട്ടിയ ഉരുക്കുകോട്ടകൾ മൺചിറകളാകുമെന്ന തിരിച്ചറിവ് വരാൻ നേതാക്കൾക്ക് അധികസമയം വേണ്ടി വന്നില്ല. അങ്ങനെയാണ് വൈകിയെങ്കിലും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനം അവരെക്കൊണ്ട് രാജിവെപ്പിച്ചത്. പ്രതിചേർക്കപ്പെട്ട ദിവ്യക്ക് അവരുടെ മുൻകൂർ ജാമ്യഹർജി തള്ളുംവരെ സംരക്ഷണമൊരുക്കിയ അധികാരകേന്ദ്രങ്ങൾ ജനങ്ങൾക്കു മുന്നിൽ പരിഹാസ്യരാകുകയായിരുന്നു. അവർ നയിക്കുന്ന പോലീസിനെ ലോകത്തിനു മുന്നിൽ കോമാളി വേഷങ്ങളാക്കുകയായിരുന്നു. പക്ഷപാതികളായ രാഷ്ട്രീയകേന്ദ്രങ്ങളുടെ കൂലിപ്പട്ടാളമെന്ന തൂവൽ ഒരിക്കൽക്കൂടി പോലീസിനു ചാർത്തിക്കൊടുക്കുകയായിരുന്നു.

എന്നാൽ കോടതിയുടെ തീരുമാനങ്ങൾക്കപ്പുറം, അവിടെ നടന്ന ചില നിരീക്ഷണങ്ങൾ ഈ പേക്കൂത്തുകളെ നിഷ്പ്രഭമാക്കുന്നതായിരുന്നു. പി.പി. ദിവ്യയുടെ നടപടികളിലെ കുറ്റങ്ങൾ അടിവരയിട്ട് നിരത്തി. കളക്ടർക്കു മുന്നിൽ നവീൻ ബാബു കുറ്റസമ്മതം നടത്തിയെന്ന വാദം പോലും കോടതി തള്ളിക്കളഞ്ഞു. ഇതോടെയാണ് ദിവ്യയുടെ കീഴടങ്ങൽ അല്ലെങ്കിൽ അറസ്റ്റ് നടക്കുന്നത്.

നവീൻ ബാബുവിന്റെ മരണത്തിനു പിന്നിൽ നടന്ന ഗൂഢാലോചനയിൽ സമഗ്രമായ അന്വേഷണമാണു നടക്കേണ്ടത്. കൈക്കൂലി നൽകിയെന്നു പറഞ്ഞ് പുറത്തുവന്ന പരാതിയുടെ നിജസ്ഥിതിയും തുടർന്നു നടന്ന കെട്ടിച്ചമയ്ക്കലുകളും അന്വേഷിച്ചു സത്യം പുറത്തുവന്നാൽ മാത്രമേ ഒരു ആരോപണത്തിന്റെ പേരിൽ ജീവിതം തന്നെ അവസാനിപ്പിക്കേണ്ടി വന്ന നവീൻ ബാബുവിനു നീതി കിട്ടുകയുള്ളൂ. ഭർത്താവിനെയും അച്ഛനെയും മകനെയും നഷ്ടപ്പെട്ടവർക്ക് ആശ്വാസമാകുകയുള്ളൂ. അല്ലെങ്കിൽ അനേകം ദിവ്യമാർ രാഷ്ട്രീയത്തണലിൽ വിഹരിക്കുന്ന നമ്മുടെ നാട്ടിൽ രാഷ്ട്രീയാന്ധത സംരക്ഷണമൊരുക്കുന്ന മറ്റൊരു നാടകം കൂടി കേരളത്തിനു കാണാം.

# ഉയർന്ന പിഎഫ് പെൻഷൻ കിട്ടിയത് രണ്ട് ശതമാനം പേർക്ക്

കോഴിക്കോട്: ശമ്പളത്തിന് ആനുപാതികമായി ഉയർന്ന ഇപിഎഫ് പെൻഷൻ അനുവദിക്കണമെന്ന സുപ്രീം കോടതി വിധി വന്ന് രണ്ട് വർഷം പൂർത്തിയാകുമ്പോഴും അപേക്ഷകരിൽ ഒരു ശതമാനത്തിനു പോലും പെൻഷൻ ലഭിച്ചില്ല. കേരളത്തിലെ അപേക്ഷകരിൽ രണ്ട് ശതമാനത്തോളം പേർക്കു മാത്രമാണ് ഇതുവരെ പെൻഷൻ അനുവദിച്ചിട്ടുള്ളതെന്നു വിവരാവകാശ ചോദ്യത്തിനുള്ള എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ മറുപടിയിൽ വ്യക്തമാകുന്നു.

രാജ്യത്താകെ17,48,775 പേർ ഓപ്ഷൻ നല്കിയതിൽ കഴിഞ്ഞ ഓഗസ്റ്റ് 7 വരെ 8401 പേർക്കു മാത്രമാണ് പെൻഷൻ പെയ്മെന്റ് ഓർഡറുകൾ (പിപിഒ) അയച്ചതെന്ന വിവരം പുറത്തുവന്നിരുന്നു. 3,14,147 ഓപ്ഷനുകൾ തൊഴിലുടമകൾ ഇപിഎഫ്ഒയിലേക്ക് നല്കിയിട്ടില്ല. ബാക്കിയുള്ള 14,34,628 അപേക്ഷകളിൽ 1,48,434 എണ്ണം ഇപിഎഫ്ഒ നിരസിച്ചിട്ടുണ്ട്. 89,235 പേർക്കു മാത്രമേ ഡിമാൻഡ് നോട്ടീസ് അയച്ചിട്ടുള്ളൂ.

കേരളത്തിലെ ആകെ 90,919 പേരാണ് ഉയർന്ന പെൻഷന് ഓപ്ഷൻ സമർപ്പിച്ചത്. ഇതിൽ 15,596 ഓപ്ഷനുകൾ തൊഴിലുടമകൾ അംഗീകരിച്ച് ഇപിഎഫ്ഒയിലേക്ക് കൈമാറിയിട്ടില്ല. സമയം കഴിഞ്ഞതിനാൽ ഈ അപേക്ഷകൾ ഇനി പരിഗണനയ്ക്കു വരില്ല. ബാക്കിയുള്ള 75,323 അപേക്ഷകളിൽ 4648 എണ്ണം ഇപിഎഫ്ഒ ഇതുവരെ നിരസിച്ചു. അധികമായി പെൻഷൻ പദ്ധതിയിലേക്ക് അടയ്ക്കാനുള്ള തുക സംബന്ധിച്ച ഡിമാൻഡ് നോട്ടീസ് 10,151 പേർക്ക് അയച്ചിട്ടുണ്ട്. പെൻഷൻ അനുവദിച്ചത് 1910 പേർക്കുമാത്രമാണ്. ഒക്ടോബർ 4 വരെയുള്ള കണക്കാണിത്.

പി.എഫ് ഓപ്ഷനുകളിലെ ജീവനക്കാരുടെ കുറവും പെൻഷൻ കണക്കാക്കുന്നതിനു ഫലപ്രദമായ സോഫ്റ്റ്വെയർ ഇല്ലാത്തതുമാണ് നടപടികൾ ഇഴയുന്നതിനു പ്രധാനകാരണം. 32,000ലേറെ ജോയിന്റ് ഓപ്ഷനുകൾ കൈകാര്യം ചെയ്യേണ്ട കൊച്ചി റീജനൽ ഓഫീസിൽ ഇതിനുള്ള സെക്ഷനിൽ രണ്ട് ഉദ്യോഗസ്ഥരാണുള്ളത്. ഡേറ്റകളെല്ലാം ഉദ്യോഗസ്ഥർ തന്നെ നേരിട്ട് സിസ്റ്റത്തിൽ ചേർക്കണം. ഇപ്പോഴത്തെ അവസ്ഥയിൽ മാസങ്ങളെടുത്താലും ഉയർന്ന പെൻഷൻ അപേക്ഷകളിൽ നടപടി പൂർത്തിയാകില്ല.

# കൊടകര കുഴൽപ്പണക്കേസ് തുടരന്വേഷണത്തിനു സർക്കാർ നീക്കം

തിരുവനന്തപുരം: ബിജെപി സംസ്ഥാന പ്രസിഡണ്ട് കെ. സുരേന്ദ്രനെതിരെ ഉയർന്ന കൊടകര കുഴൽപ്പണക്കേസിൽ തുടരന്വേഷണത്തിനു തീരുമാനം. ഉപതെരഞ്ഞെടുപ്പിൽ ബിജെപിയെ കടുത്ത പ്രതിരോധത്തിലാക്കി കൊടകര കുഴൽപ്പണക്കേസിൽ ബിജെപി മുൻ ഓഫീസ് സെക്രട്ടറി തിരൂർ സതീഷ് നടത്തിയ പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ തുടരന്വേഷണം ആവശ്യപ്പെട്ടു കോടതിയെ സമീപിക്കാനാണ് പോലീസിന്റെ നീക്കം.

കുഴൽപ്പണമായെത്തിയതു ബിജെപിയുടെ തെരഞ്ഞെടുപ്പു ഫണ്ടാണെന്നും ധർമരാജൻ എന്നയാൾ ചാക്കിൽ കെട്ടിയാണു പണം കൊണ്ടുവന്നതെന്നുമാണ് സതീഷ് ഈയിടെ പറഞ്ഞത്. ചാക്കുകെട്ടുകൾ ഓഫീസിൽ വെച്ചുവെന്നും ജില്ലാ ഓഫീസിന്റെ നിർദേശപ്രകാരമാണ് എല്ലാം ചെയ്തതെന്നും അക്കാലത്തെ ബിജെപി ഓഫീസ് സെക്രട്ടറിയായിരുന്ന തിരൂർ സതീഷ് വ്യക്തമാക്കിയിരുന്നു.

പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും സംസ്ഥാന പോലീസ് മേധാവി ഷെയ്ക് ദർബേഷ് സാഹിബുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കു പിന്നാലെയാണ് പോലീസ് നടപടി.

വയനാട് പാർലമെന്റ് മണ്ഡലത്തിലെയും ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലെയും ഉപതെരഞ്ഞെടുപ്പുകളുടെ പ്രചാരണ പ്രവർത്തനങ്ങൾ മൂർധന്യാവസ്ഥയിലായ സമയത്താണ് കൊടകര കുഴൽപ്പണക്കേസിൽ പുതിയ നീക്കവുമായി പോലീസ് മുന്നോട്ടു പോകുന്നത്.

അതേസമയം, കേസിൽ തുടരന്വേഷണം നടത്താനുള്ള കേരള സർക്കാർ നീക്കം ബിജെപി-സിപിഎം കൂട്ടുകെട്ടിൽനിന്നു ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള തന്ത്രം മാത്രമാണെന്നാണു പ്രതിപക്ഷത്തിന്റെ ആരോപണം.

പുതിയ വെളിപ്പെടുത്തൽ നടത്തിയ ബിജെപി മുൻ ഓഫീസ് സെക്രട്ടറി തിരൂർ സതീശന്റെ മൊഴി രേഖപ്പെടുത്തിയ ശേഷം കോടതിയുടെ അനുമതിയോടെ തുടരന്വേഷണം നടത്താനാണ് തീരുമാനം.

ഉപതെരഞ്ഞെടുപ്പിനിടെ ബിജെപിയെ പ്രതിരോധത്തിലാക്കുന്ന കൊടകര കുഴൽപ്പണക്കേസിലെ പുതിയ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ പുനരന്വേഷണം നടത്തണമെന്ന സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റിന്റെ നിർദേശത്തിനു പിന്നാലെയാണ് സർക്കാർ നടപടി. ഒരു തവണ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച കേസ് വീണ്ടും അന്വേഷിക്കാനാണ് തീരുമാനം.

കൊടകര ദേശീയ പാതയിൽവെച്ച് കാറിൽ കൊണ്ടുപോകുകയായിരുന്ന 3.5 കോടി രൂപ ക്രിമിനൽ സംഘം തട്ടിയെടുത്തതുമായി ബന്ധപ്പെട്ടതാണ് കേസ്.

2021 ഏപ്രിൽ നാലിനു പുലർച്ചെ കൊടകരയിൽ വ്യാജ അപകടം സൃഷ്ടിച്ച് കാർ തട്ടിക്കൊണ്ടുപോയാണ് മൂന്നരക്കോടി കവർന്നത്. ഇതു ബിജെപിയുടെ തെരഞ്ഞെടുപ്പു ഫണ്ടായിരുന്നുവെന്നാണ് ആരോപണം.

തെരഞ്ഞെടുപ്പിനായി കർണാടകയിൽനിന്നു കടത്തിക്കൊണ്ടുവന്ന പണം ബിജെപി ആലപ്പുഴ ജില്ലാ ട്രഷറർക്കു നൽകാൻ കൊണ്ടുപോയതാണെന്ന് ഇരിങ്ങാലക്കുട ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ച ആദ്യകുറ്റപത്രത്തിൽ കാണിച്ചിരുന്നു. 23 പേർ അറസ്റ്റിലായി. ബിജെപി നേതാക്കൾ ഉൾപ്പെടെ 19 പേർ സാക്ഷികളാണ്. കവർന്ന തുകയിൽ 1.4 കോടി എവിടെയെന്നു കണ്ടെത്താൻ സാധിച്ചില്ല.

# സുരേഷ് ഗോപിക്കെതിരെ കേസ്

തൃശൂർ: പൂരത്തിനിടെ ആംബുലൻസിൽ സ്വരാജ് റൗണ്ടിൽ പ്രവേശിച്ചതിന് ബിജെപി എംപിയും കേന്ദ്രമന്ത്രിയുമായ സുരേഷ് ഗോപിക്കെതിരെ കേസ്. സിപിഐ നേതാവ് അഡ്വ. സുമേഷ് നല്കിയ പരാതിയിലാണ് നടപടി.

ഐപിസി 279, 34, മോട്ടോർ വെഹിക്കിൾ ആക്ട് 179, 184, 188, 192 എന്നീ വകുപ്പുകൾ ചുമത്തിയാണ് തൃശൂർ ഈസ്റ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്തത്. അഭിജിത്ത് നായർ, ആംബുലൻസ് ഡ്രൈവർ എന്നിവർക്കെതിരെയും കേസുണ്ട്. ജീവന് ആപത്തുണ്ടാകുന്നവിധം അലക്ഷ്യമായി വാഹനമോടിക്കുക, മോട്ടോർ വാഹനവകുപ്പ് നിയന്ത്രണങ്ങളുടെ ലംഘനം തുടങ്ങിയവയാണ് ചുമത്തിയ വകുപ്പുകൾ.



ബിജെപി സ്ഥാനാർത്ഥിയായിരുന്ന സുരേഷ് ഗോപിയും മറ്റു പ്രതികളും തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി തൃശൂർ തിരുവമ്പാടി ദേവസ്വം ഭാരവാഹികളുമായി സംസാരിക്കുന്നതിന്, രോഗികളെ മാത്രം കൊണ്ടുപോകാൻ അനുവാദമുള്ള, സേവാഭാരതിയുടെ പേരിലുള്ള ആംബുലൻസിൽ എത്തിയെന്നാണ് എഫ്ഐആറിൽ പറയുന്നത്. രോഗികളെ കൊണ്ടുപോകുന്ന ആംബുലൻസ് യാത്രയ്ക്ക് ഉപയോഗിച്ച് ദുരുപയോഗം ചെയ്തെന്ന് എഫ്ഐആറിൽ പറയുന്നു. തൃശൂർ പൂരത്തിന്റെ ഭാഗമായി വാഹനങ്ങൾക്ക് പോലീസ് ഏർപ്പെടുത്തിയ നിയന്ത്രണം ലംഘിക്കാനായിരുന്നു ഇതെന്നും മനുഷ്യജീവന് അപകടകരമായ രീതിയിൽ ആംബുലൻസ് ഓടിച്ചുവെന്നും എഫ്ഐആറിൽ പറയുന്നു.

പൂരനഗരിയിലേക്ക് ആംബുലൻസിൽ എത്തിയില്ലെന്ന് സുരേഷ് ഗോപി ആദ്യം നിലപാടെടുത്തെങ്കിലും ആംബുലൻസിൽ വന്നിറങ്ങുന്ന ദൃശ്യങ്ങൾ പുറത്തുവന്നതോടെ വീണ്ടും നിലപാട് മാറ്റി. കാലിനു പരുക്കേറ്റിരുന്നെന്നും ആളുകൾക്കിടയിലൂടെ നടക്കാൻ കഴിയുമായിരുന്നില്ലെന്നും സുരേഷ് ഗോപി പിന്നീട് വിശദീകരിച്ചു.

ആംബുലൻസ് ഇത്ര വിവാദമാക്കേണ്ട കാര്യമില്ലെന്നും തനിക്കെതിരെ പരാതി നല്കിയ ആളുടെ മൊഴി എടുത്തെങ്കിൽ എന്തുകൊണ്ട് കേസ് രജിസ്റ്റർ ചെയ്യുന്നില്ലെന്നും സുരേഷ് ഗോപി ആരാഞ്ഞിരുന്നു. ഇതിനു പിന്നാലെയാണ് കേസ് രജിസ്റ്റർ ചെയ്തത്.

Law Office of Sovmya George

IMMMIGRATION LAW FIRM



SERVICES:

Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.

*"We Handle Cases All Across the USA!"*

-Sovmya George, Esq.

Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com

Read our stellar reviews

DUBAI PROPERTY ALERT!

# WHY INVEST IN DUBAI REAL ESTATE?









## FACTORS WHY TO INVEST IN DUBAI PROPERTY MARKET

by Nova Capital Real Estate

- High ROI: Dubai offers some of the highest rental yields in the world, with an average of 6-8% ROI, making it a hotspot for investors.
- Tax-Free Income: No property tax or capital gains tax, allowing investors to maximize returns.
- Global Hub: Dubai's strategic location, connecting East and West, makes it a global business and tourism hub.
- Innovative Projects: Cutting-edge infrastructure, iconic developments, and luxury lifestyle options ensure long-term value appreciation.
- Investor-Friendly Policies: Visa options for property buyers and secure legal frameworks make the market attractive to international investors.
- Expo 2020 Legacy: Continued economic growth and development spurred by Expo 2020's lasting impact on tourism, infrastructure, and innovation.

NOVA
CAPITAL REAL ESTATE

Contact
NG Jerome - Mob: +91 944 62 11 630
Email: foreignpress44@gmail.com

# HOUSE FOR SALE NEAR COCHIN AIRPORT



A well maintained 3600 sq. feet house in 16 cents lot, fruit trees and more for sale.
House is in a gated community near Cochin Airport.

**Interested parties can contact**

**Das @650 235 6510**

**LDROSE8@GMAIL.COM**

# ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പും ഏകീകൃത സിവിൽ കോഡും ആവർത്തിച്ച് മോദി

ന്യൂഡൽഹി: ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്, ഏകീകൃത സിവിൽ കോഡ് എന്ന രീതിയിലേക്കാണ് ഇന്ത്യ നീങ്ങുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സർദാർ വല്ലഭ് ഭായ് പട്ടേലിന്റെ 149-ാം ജന്മവാർഷികദിനമായ ഒക്ടോബർ 31-ന് ഗുജറാത്തിലെ സ്റ്റാച്യൂ ഓഫ് യൂണിറ്റി പ്രതിമയിൽ ആദരമർപ്പിച്ചശേഷം പ്രസംഗിക്കുകയായിരുന്നു മോദി.

ഇന്ത്യയിലെ എല്ലാ തെരഞ്ഞെടുപ്പുകളും ഒരേസമയം നടത്താൻ ലക്ഷ്യമിട്ടുള്ള "ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്" എന്ന നിർദേശം ഉടൻ പ്രാവർത്തികമാക്കുമെന്ന് പ്രധാനമന്ത്രി ആവർത്തിച്ചു. ഇത് ഇന്ത്യയുടെ ജനാധിപത്യത്തെ ശക്തിപ്പെടുത്തുമെന്നും വികസിത ഇന്ത്യ എന്ന സ്വപ്നത്തിന് ആക്കം കൂട്ടുമെന്നും മോദി പറഞ്ഞു. ഇന്ത്യ ഏകീകൃത സിവിൽ കോഡ് നടപ്പാക്കുന്നതിലേക്ക് നീങ്ങുകയാണ്. മതേതരത്വ സിവിൽ കോഡാണിത്.

ഇന്ത്യയുടെ ഐക്യത്തിനായുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്. നേരത്തെ ഇന്ത്യയിൽ വ്യത്യസ്ത നികുതിസമ്പ്രദായങ്ങളായിരുന്നു. എന്നാൽ ഇപ്പോഴത് ജിഎസ്ടി എന്ന ഏകീകൃത സംവിധാനത്തിലേക്കു മാറി. 'വൺ നേഷൻ വൺ പവർ ഗ്രിഡ്' ഉപയോഗിച്ചു സർക്കാർ ഇന്ത്യയുടെ ഊർജമേഖലയെ ശക്തിപ്പെടുത്തി. 'വൺ നേഷൻ വൺ റേഷൻകാർഡ്' വഴി പാവപ്പെട്ടവർക്കു ലഭ്യമായ സൗകര്യങ്ങൾ സംയോജിപ്പിച്ചു. ആയുഷ്മാൻ ഭാരത് എന്നപേരിൽ ഇന്ത്യയിലെ ജനങ്ങൾക്ക് ഒരു രാജ്യം ഒരു ആരോഗ്യ ഇൻഷുറൻസ് എന്ന സൗകര്യം ഒരുക്കാൻ സാധിച്ചുവെന്നും മോദി പറഞ്ഞു.

ആർട്ടിക്കിൾ 370 എന്നന്നേക്കുമായി കുഴിച്ചുമൂടപ്പെട്ടുവെന്നും ഇതുമൂലം 70 വർഷമായി നടന്നുകൊണ്ടിരുന്ന കുപ്രചരണം അവസാനിപ്പിക്കാൻ സാധിച്ചുവെന്നും മോദി വ്യക്തമാക്കി. വടക്കു-കിഴക്കൻ സംസ്ഥാനങ്ങൾ നിരവധി വെല്ലുവിളികളെ അഭിമുഖീകരിച്ചു. പരസ്പര സംഭാഷണത്തിലൂടെയും വികസനപ്രവർത്തനങ്ങളിലൂടെയും ഇതിനെ മറികടന്നു. ലോകത്തിലെ വിവിധ രാജ്യങ്ങൾ തമ്മിൽ ബന്ധം വഷളായപ്പോഴും ഇന്ത്യയുമായുള്ള ബന്ധം തുടർന്നുവെന്നും ഇന്ത്യ മറ്റു രാജ്യങ്ങൾക്ക് ഒരു വിശ്വബന്ധുവായി ഉയർന്നുവരുന്നത് ചരിത്രമാണെന്നും അദ്ദേഹം വ്യക്തമാക്കി.

പ്രതിപക്ഷ പാർട്ടികളെയും മോദി പരോക്ഷമായി വിമർശിച്ചു. ചില ശക്തികൾ ഇന്ത്യയുടെ ഐക്യത്തിനും പുരോഗതിക്കും വെല്ലുവിളി ഉയർത്തുന്നു. സമ്പദ് വ്യവസ്ഥയെ അസ്ഥിരമാക്കാനും നിക്ഷേപങ്ങൾ ഇല്ലാതാക്കാനും അവർ ശ്രമിക്കുന്നു. ഇന്ത്യയുടെ ഐക്യത്തെ തകർക്കാൻ ശ്രമിക്കുന്ന ഈ അർബൻ നക്സലുകളെ തിരിച്ചറിയുകയും പ്രതിരോധിക്കുകയും വേണമെന്നും മോദി പറഞ്ഞു.



ഇന്ത്യ-പാക് അതിർത്തിയായ ഗുജറാത്തിലെ കച്ച് ജില്ലയിൽ സൈനികർക്കൊപ്പം ദീപാവലി ആഘോഷിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി.

## വയോജന ചികിത്സ: നേഴ്സുമാർക്ക് മരുന്ന് കുറിക്കാം

ന്യൂഡൽഹി: വയോജന ചികിത്സയുടെ ഭാഗമായി സ്വതന്ത്രമായി മരുന്നു നൽകാനും ചികിത്സ നിർദേശിക്കാനും കഴിയുന്ന നേഴ്സിങ് പ്രാക്ടീഷണർമാരെ സൃഷ്ടിക്കാൻ ഇന്ത്യയിൽ പുതിയ ബിരുദാനന്തര ബിരുദ കോഴ്സ് വരുന്നു. ബിഎസ്സി നേഴ്സിങ് കഴിഞ്ഞവർക്കായി രണ്ട് വർഷത്തെ നേഴ്സിങ് പ്രാക്ടീഷണർ ഇൻ ജെറിയാട്രിക് നേഴ്സിങ് (എൻപിജിഎൻ) എന്ന പാഠ്യപദ്ധതി ഇന്ത്യൻ നേഴ്സിങ് കൗൺസിൽ രൂപപ്പെടുത്തി. വൈകാതെ ഇതു നേഴ്സിങ് കോളജുകളിലും മെഡിക്കൽ കോളജുകളിലും ആരംഭിക്കും. കേന്ദ്ര, സംസ്ഥാന തലങ്ങളിൽ 'എൻപിജിഎൻ' പുതിയ കേഡറായി പ്രവർത്തിക്കും.

കോഴ്സ് പൂർത്തിയാക്കുന്നവർക്കും സംസ്ഥാന നേഴ്സ് ആൻഡ് മിഡ് വൈഫ്സ് രജിസ്ട്രേഷൻ കൗൺസിലിൽ (എസ്എൻആർസി) പ്രത്യേകം രജിസ്ട്രേഷൻ വരും. ആശുപത്രികളിൽ നേഴ്സിങ് പ്രാക്ടീഷണർമാർക്ക് ഉചിതമായ തസ്തിക സൃഷ്ടിക്കാനും ലൈസൻസ് അനുവദിക്കാനും നയപരമായ മാറ്റമുണ്ടാകുമെന്നും കൗൺസിൽ വ്യക്തമാക്കി. എൻപിജിഎൻ വിദ്യാർത്ഥികൾ അധ്യാപകരുടെ മേൽനോട്ടത്തിൽ വേണം മരുന്ന് നൽകേണ്ടത്.

ലോകമാകെ ആയുർദൈർഘ്യം വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ലോകാരോഗ്യ സംഘടന 2022-ൽ പുറത്തുവിട്ട റിപ്പോർട്ടിന്റെ ചുവടുപിടിച്ചാണ് നേഴ്സിങ് കൗൺസിൽ കോഴ്സിനു രൂപം നൽകിയിരിക്കുന്നത്. ആയുർദൈർഘ്യം കൂടുമ്പോൾ വയോജനങ്ങളിലെ രോഗവും ആരോഗ്യപ്രശ്നങ്ങളും വർധിക്കും. ഈ വെല്ലുവിളി നേരിടാനുള്ള വിഭവശേഷി ഇല്ലെന്ന പ്രതിസന്ധി പരിഹരിക്കാനാണ് പുതിയ ചുവടുവെപ്പ്. 1975-ൽ തന്നെ എൻപിജിഎൻ യുഎസിലുണ്ട്. ഓസ്ട്രേലിയ, ഇസ്രയേൽ, നോർവേ തുടങ്ങിയ രാജ്യങ്ങളും ഇതു നടപ്പാക്കിയതായി കൗൺസിൽ ചൂണ്ടിക്കാട്ടുന്നു.

## ഇന്ത്യ–ചൈന അതിർത്തിയിലെ സൈനിക പിന്മാറ്റം പൂർത്തിയായി

ന്യൂഡൽഹി: കിഴക്കൻ ലഡാക്കിലെ യഥാർത്ഥ നിയന്ത്രണരേഖയ്ക്ക് (എൽഎസി) സമീപം സംഘർഷം നിലനിന്ന ഡെപ്സാങ്, ഡെംചോക് മേഖലകളിൽനിന്ന് ഇന്ത്യ-ചൈന സൈനികപിന്മാറ്റം പൂർത്തിയായി.

കഴിഞ്ഞ 21-ന് ഒപ്പിട്ട കരാർ പ്രകാരമുള്ള പൂർണപിന്മാറ്റം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഇരുസേനകളും മേഖലയിൽ സംയുക്തപരിശോധന നടത്തിവരുന്നു. ദീപാവലി ആഘോഷത്തോടനുബന്ധിച്ച് ഇരുസൈന്യവും മധുരം കൈമാറി.

പിന്മാറ്റം പൂർത്തിയായതോടെ എൽഎസിയിൽ 2020 ഏപ്രിലിനു മുമ്പുള്ള സ്ഥിതി പുനഃസ്ഥാപിക്കപ്പെട്ടു. ഇരുസേനകളുടെയും പട്രോളിങ് ഉടൻ പുനരാരംഭിക്കും. സമാധാനാന്തരീക്ഷം ഉറപ്പാക്കുന്നതിന്റെ ഭാഗമായി കമാൻഡർ തലത്തിലുള്ള ചർച്ചകൾ തുടരും. കിഴക്കൻ ലഡാക്കിൽ കഴിഞ്ഞ നാലരവർഷമായി ഇരുസൈന്യവും നേർക്കുനേർ നിൽക്കുന്ന ഫ്ളാഷ് പോയിന്റുകളായിരുന്നു ഡെംചോക്കും ഡെപ്സാങ്ങും. സമാധാനചർച്ചകളെത്തുടർന്ന് 2022 സെപ്റ്റംബറിൽ ഇരു സൈന്യവും ഗോഗ്ര ഹോട്ട് സ്പ്രിങ്സ് മേഖലയിലെ പട്രോളിങ് പോയിന്റ് 15-ൽ നിന്നു പിന്മാറിയിരുന്നു. അതിനുശേഷം ചർച്ചകൾ നിലച്ചു. തുടർന്ന്, അടുത്തിടെ പുനരാരംഭിച്ച സമാധാനനീക്കങ്ങളുടെ ഭാഗമായി കഴിഞ്ഞ 23-ന് തുടങ്ങിയ സൈനികപിന്മാറ്റമാണ് ഒക്ടോബർ 30-ന് പൂർത്തിയായത്.

അതിർത്തിത്തർക്കത്തിൽ ഇരുരാജ്യങ്ങളും തമ്മിലുണ്ടാക്കിയ ധാരണ പ്രകാരം ക്രമാനുഗത പിന്മാറ്റമാണു നടന്നതെന്ന് ചൈനീസ് വിദേശകാര്യവക്താവ് ലിൻ ജിയാൻ വ്യക്തമാക്കി.

എൽഎസിയിൽനിന്ന് ഇരുസേനകളും ഉപകരണങ്ങളടക്കം നിശ്ചിതമേഖലയിലേക്കു പിന്മാറുന്ന നടപടിയാണു പൂർത്തിയായത്. 2020 മേയിൽ ഇരു സൈന്യവും നേർക്കുനേർ ഏറ്റുമുട്ടിയ ശേഷം ഉണ്ടാക്കിയ താത്കാലികനിർമിതികളും പൊളിച്ചുമാറ്റി. പട്രോളിങ് മാനദണ്ഡങ്ങൾ കമാൻഡർ തലത്തിലുള്ള തുടർചർച്ചകളിൽ തീരുമാനിക്കും. പട്രോളിങ്ങും പുനരാരംഭിക്കുന്നതോടെ എൽഎസിയിൽ സമാധാനം പുനഃസ്ഥാപിക്കപ്പെടാൻ വഴിതെളിഞ്ഞതായി മിലിട്ടറി ഓപ്പറേഷൻസ് മുൻമേധാവി റിട്ട. ലെഫ്റ്റനന്റ് ജനറൽ വിനോദ് ഭാട്യ ചൂണ്ടിക്കാട്ടി.

നേരത്തെ ഇരുസൈന്യവും പിന്മാറിയ ഗാൽവാൻ താഴ്വര, പാങ്ഗോങ് സോ, ഗോഗ്ര (പട്രോളിങ് പോയിന്റ് 17എ), ഹോട്ട് സ്പ്രിങ്സ് (പട്രോളിങ് പോയിന്റ്-15) എന്നിവിടങ്ങളിൽ ഇരുകൂട്ടരുടെയും പട്രോളിങ്ങിനു താത്കാലിക നിയന്ത്രണമുള്ളബഫർസോണുകൾ സൃഷ്ടിച്ചിരുന്നു.

എന്നാൽ, ഡെപ്സാങ്, ഡെംചോക് മേഖലകളിൽ ബഫർസോൺ നിശ്ചയിക്കാത്തതിനാൽ പട്രോളിങ് പുനരാരംഭിക്കാൻ തടസമില്ല. മറ്റിടങ്ങളിലെ പട്രോളിങ് മൊറട്ടോറിയം പിൻവലിക്കുന്നതു സംബന്ധിച്ച് തുടർചർച്ചകളിൽ തീരുമാനമെടുക്കും.


HEATING & AIR CONDITIONING

Honest Reliable Professional

Lifetime Comfort, Inc

HEATING, AIR CONDITIONING AND ENERGY MANAGEMENT

Services at Reasonable Rates

847-924-4277

LIFETIME COMFORT. INC

Repairs • Maintenance • Installation

Air Conditioners • Furnaces • Boilers

Water Heaters • Humidifiers



24 Hour Emergency Service

• Honest • Reliable

• Licensed • Insured • Bonded

Contact: Eby Elakkatt

16 years of experience

Forlifetimecomfort@gmail.com

We Offer FREE Second Opinion

PINNACLE MORTGAGE

MAKING YOUR DREAMS COME TRUE



George Kurian

Mortgage Specialist

NMLS ID 220917

1325 Wiley Rd Suite 160

Schaumburg, IL 60173

NMLS ID 2278494 Lic # MB.6761681

☎ 8473408708

avicote2@gmail.com

http://pinnacle.mortgage

"Licensed to originate Mortgage both in Illinois and Georgia"

# ചിക്കാഗോ സീറോ മലബാർ രൂപതയുടെ രണ്ടാമത് എപ്പാർക്കിയൽ അസംബ്ലി വിജയകരമായി സമാപിച്ചു

ഷോളി കുമ്പിളുവേലി



ചിക്കാഗോ: ഒക്ടോബർ 28 മുതൽ 31 വരെ, മൻഡലീൻ സെമിനാരിയിൽ വെച്ച് നടന്ന ചിക്കാഗോ സീറോ മലബാർ രൂപതയുടെ രണ്ടാമത് എപ്പാർക്കിയൽ അസംബ്ലി വിജയകരമായി സമാപിച്ചു. ചിക്കാഗോ സീറോ മലബാർ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വൈദികരും സന്ന്യസ്തരും അല്മായരും അടങ്ങുന്ന നൂറ്റി ഒമ്പത് പ്രതിനിധികളാണ് അസംബ്ലിയിൽ പങ്കെടുത്തത്.

ചിക്കാഗോ രൂപതയുടെ ആദ്യ എപ്പാർക്കിയൽ അസംബ്ലി 2008-ലാണ് നടന്നത്. ഇന്ത്യക്ക് പുറത്ത് രൂപീകരിച്ച ആദ്യ സീറോമലബാർ രൂപതയായ ചിക്കാഗോ സീറോ മലബാർ രൂപത 2001-ൽ സ്ഥാപിതമായി. രൂപതയുടെ സിൽവർ ജൂബിലി 2026-ൽ ആഘോഷിക്കാൻ പോകുകയാണ്. അതിനു മുന്നോടിയായി ഇന്നുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അതിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് കടക്കുമ്പോൾ സ്വീകരിക്കേണ്ട ആദ്ധ്യാത്മികവും ഭൗതികവുമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപതയുടെ വിവിധ മേഖലകളിൽ സേവനം ചെയ്യുന്നവരിൽനിന്നും ആരായുന്നതിനു വേണ്ടിയാണ് നാലുദിവസം നീണ്ടുനിന്ന എപ്പാർക്കിയൽ അസംബ്ലി മുഖ്യമായും ലക്ഷ്യമിട്ടത്.








അപ്പസ്തോലന്മാരുടെ പ്രബോധനം ഉൾക്കൊണ്ട്, കൂട്ടായ്മ, പ്രാർത്ഥന, അപ്പംമുറിക്കൽ ശുശ്രൂഷ എന്നിവയിൽ അധിഷ്ഠിതമായി, പരിശുദ്ധാത്മാവിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് അസംബ്ലി നടന്നത്.

നാളിതുവരെ ദൈവ പരിപാലനയിൽ രൂപതയെ നയിച്ചതിന് ദൈവത്തിനു നന്ദി പ്രകാശിപ്പിക്കുന്നതിനോടൊപ്പം ചിക്കാഗോ സീറോമലബാർ രൂപതയുടെ പ്രസക്തി, മുന്നോട്ടുള്ള പ്രയാണം, നേരിടേണ്ടിവരുന്ന വെല്ലുവിളികൾ എന്നിവയെല്ലാം ചർച്ചകൾക്ക് വിഷയങ്ങളായി. കുട്ടികളുടെയും യുവജനങ്ങളുടെയും വിശ്വാസപരിശീലനം, വിശ്വാസജീവിതത്തിൽ അടിയുറച്ച് നിലനിർത്തുന്നതിനുള്ള മുൻകരുതലുകൾ, അമേരിക്കയിലെ സീറോമലബാർ വിശ്വാസി സമൂഹത്തിന്റെ വളർച്ച എന്നീ വിഷയങ്ങളും വിശദമായ ചർച്ചകൾക്ക് പാത്രീഭവിച്ചു. സീറോമലബാർ സഭയുടെ പാരമ്പര്യവും ആരാധനാക്രമവും എന്നീ വിഷയങ്ങളിൽ വടവാതൂർ സെമിനാരി പ്രസിഡണ്ട് റവ. ഫാ. ഡോ. പോളി മണിയാട്ട് നടത്തിയ പ്രഭാഷണങ്ങൾ അസംബ്ലിയിൽ പങ്കെടുത്തവർക്ക് ഉൾക്കാഴ്ച നല്കുന്നതായിരുന്നു.









ചിക്കാഗോ സീറോ മലബാർ രൂപതയുടെ രണ്ടാമത് എപ്പാർക്കിയൽ അസംബ്ലി ഒക്ടോബർ 28-ന് തിങ്കളാഴ്ച വൈകുന്നേരം രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പസ്സായിക് റുതേനിയൻ ഗ്രീക്ക് കാത്തലിക് ബിഷപ് മാർ കർട്ട് ബർനെറ്റെ ഉദ്ഘാടനം ചെയ്തു. ചിക്കാഗോ രൂപതയുടെ പ്രഥമ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത് മുഖ്യപ്രഭാഷണം നടത്തി. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ വിഷയങ്ങളിൽ ചർച്ചകളും അവലോകനങ്ങളും നടന്നു. സമാപന സമ്മേളനം ഒക്ടോബർ 31-ന് വ്യാഴാഴ്ച ഔർ ലേഡി ഓഫ് ലബനോൻ ലോസ് ആൻഞ്ചലെസ് ബിഷപ് മാർ ഏലിയാസ് സെയ്ഡൻ നിർവഹിച്ചു. ബിഷപ് മാർ ജോയി ആലപ്പാട്ട് അദ്ധ്യക്ഷത വഹിച്ചു. ചിക്കാഗോ രൂപതയുടെ സ്ഥാപക ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത് അനുഗ്രഹ പ്രഭാഷണം നടത്തി. ഇടുക്കി രൂപത ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ, അമേരിക്കയിലെ സീറോ മലങ്കര രൂപത ബിഷപ് ഫിലിപ്പോസ് മാർ സ്റ്റിഫാനോസ് എന്നിവരുടെ സാന്നിദ്ധ്യവും പ്രഭാഷണങ്ങളും അസംബ്ലിയെ ധന്യമാക്കി.







നാലു ദിവസം നീണ്ടുനിന്ന എപ്പാർക്കിയൽ അസംബ്ലിക്ക് രൂപതാ വികാരി ജനറാൾമാരായ ഫാ. ജോൺ മേലേപ്പുറം, ഫാ. തോമസ് മുളവനാൽ, ഫാ. തോമസ് കടുകപ്പള്ളി, ചാൻസലർ റവ.ഫാ.ഡോ. ജോർജ് ദാനവേലിൽ, പ്രൊക്യുറേറ്റർ ഫാ. കുര്യൻ നെടുവേലിചാലുങ്കൽ തുടങ്ങി വിവിധ വൈദികരും അല്മായരും നേതൃത്വം നല്കി. സമാപനസമ്മേളനത്തിൽ, 2025 മെയ് മാസം 23, 24, 25 തീയതികളിൽ ന്യൂജേഴ്സിയിലെ സോമർസെറ്റിൽ വെച്ച് നടക്കുന്ന യുക്രിസ്റ്റിക് കോൺഗ്രസിന്റെ ലോഗോ പ്രകാശനവും നടന്നു.

# വയനാട്ടിൽ വികസന വാഗ്ദാനങ്ങളുമായി മുന്നണികൾ

കൽപറ്റ: യുഡിഎഫിന് അഞ്ചു ലക്ഷത്തിലധികം വോട്ട് ഭൂരിപക്ഷം വേണം. എൽഡിഎഫിന് അട്ടിമറിയിലൂടെ മണ്ഡലം പിടിച്ചെടുക്കണം. എൻഡിഎയ്ക്ക് പടിപടിയായുള്ള വളർച്ചയ്ക്ക് അടിവരയിടണം. ഇങ്ങനെ വലിയ സ്വപ്നങ്ങളുമായാണ് മൂന്നു മുന്നണികളും വയനാട് പാർലമെന്റ് മണ്ഡലം ഉപതെരഞ്ഞെടുപ്പിനെ നേരിടുന്നത്. രൂപീകൃതമായതു മുതൽ മണ്ഡലം കൈയടക്കിവെച്ചിരിക്കുകയാണ് യുഡിഎഫ്. 2009-ലും 2014-ലും തെരഞ്ഞെടുപ്പുകളിൽ വിജയിച്ച് കോൺഗ്രസിലെ എം.ഐ. ഷാനവാസ് ലോക്സഭയിലെത്തി. 2009-ൽ 1,53,439 വോട്ടായിരുന്നു യുഡിഎഫിനു ഭൂരിപക്ഷം. 2014-ൽ ഇത് 20,870 വോട്ടായി കുറഞ്ഞു. 2019-ലും 2024-ലും കോൺഗ്രസ് ദേശീയ നേതാവ് രാഹുൽ ഗാന്ധിയാണ് യുഡിഎഫ് ടിക്കറ്റിൽ മണ്ഡലത്തിൽ ജനവിധി തേടിയത്. 2019-ൽ 4,31,770 വോട്ടായിരുന്നു രാഹുലിനു ഭൂരിപക്ഷം. 2024-ൽ അത് 3,64,422 വോട്ടായി കുറഞ്ഞു. ഒടുവിലത്തെ തെരഞ്ഞെടുപ്പിൽ രണ്ട് മണ്ഡലങ്ങളിൽ വിജയിച്ച രാഹുൽ റായ്ബറേലി നിലനിർത്താൻ തീരുമാനിച്ചു. അതോടെയാണ് വയനാട് മണ്ഡലത്തിൽ ഉപതെരഞ്ഞുടുപ്പിന് വഴിതെളിഞ്ഞത്.

മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കുന്നവരുടെ എണ്ണം ഡസനിൽ അധികം വരും. എങ്കിലും യുഡിഎഫിലെ പ്രിയങ്ക ഗാന്ധി, എൽഡിഎഫിലെ സത്യൻ മൊകേരി, എൻഡിഎയിലെ നവ്യ ഹരിദാസ് എന്നിവരുടേതാണ് വോട്ടർമാരുടെ മനസിൽ പതിഞ്ഞ സ്ഥാനാർത്ഥി ചിത്രങ്ങൾ. ഐഐസിസി ജനറൽ സെക്രട്ടറിയാണ് ആദ്യമായി തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന പ്രിയങ്ക ഗാന്ധി. സത്യൻ മൊകേരി സിപിഐ ദേശീയ കൗൺസിൽ അംഗവും മുൻ എംഎൽഎയുമാണ്. മഹിളാ മോർച്ച സംസ്ഥാന ജനറൽ സെക്രട്ടറിയും കോഴിക്കോട് കോർപറേഷൻ കൗൺസിലറും സോഫ്റ്റ്വേർ എഞ്ചിനീയറുമാണ് നവ്യ. വയനാട് മണ്ഡലത്തിനു പുറമേനിന്നുള്ളവരാണ് മൂന്നുപേരും. സത്യൻ മൊകേരിക്ക് മണ്ഡലത്തിൽ രണ്ടാം മത്സരമാണ്. സത്യനാണ് 2019-ൽ കോൺഗ്രസിലെ എം.ഐ. ഷാനവാസിനെ ഇടതുമുന്നണിക്കുവേണ്ടി നേരിട്ടത്.



പ്രിയങ്ക ഗാന്ധി



സത്യൻ മൊകേരി



നവ്യ ഹരിദാസ്

വോട്ടെടുപ്പ് നവംബർ 13-ന് നടക്കാനിരിക്കെ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണം ചൂടുപിടിക്കുകയാണ്. സമ്മതിദായകർക്കിടയിൽ ഇരിപ്പുറപ്പിക്കാൻ തുറുപ്പുശീട്ടുകൾ ഒന്നൊന്നായി ഇറക്കുകയാണ് മുന്നണികൾ. തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ മറ്റു മുന്നണികളെ അപേക്ഷിച്ച് ഏറെ മുന്നിലാണ് യുഡിഎഫ്. എഐസിസി മാസങ്ങൾക്കു മുമ്പ് പ്രഖ്യാപിച്ചതാണ് പ്രിയങ്കയുടെ സ്ഥാനാർത്ഥിത്വം. ഇതിനു തൊട്ടുപിന്നാലെ യുഡിഎഫ് ആരംഭിച്ചതാണ് തെരഞ്ഞെടുപ്പ് ഒരുക്കം. തെരഞ്ഞെടുപ്പ് വിജ്ഞാപനം ചെയ്തതിനുശേഷം മണ്ഡലം, നിയോജക മണ്ഡലം, പഞ്ചായത്തുതല കൺവൻഷനുകൾ പൂർത്തിയാക്കിയ യുഡിഎഫ് ബൂത്ത്തലത്തിൽ ഗൃഹസന്ദർശനത്തിലേക്ക് കടന്നിരിക്കയാണ്.

സ്ഥാനാർത്ഥി പ്രഖ്യാപനത്തിനു പിന്നാലെ മണ്ഡലം, നിയോജകമണ്ഡലം കൺവൻഷനുകൾ നടത്തിയ എൽഡിഎഫ് ഒക്ടോബർ 30-ന് മണ്ഡലത്തിൽ ഒന്നാംഘട്ട പ്രചാരണം പൂർത്തിയാക്കി. വരുംദിവസങ്ങളിൽ എൽഡിഎഫ് ഉന്നത നേതാക്കൾ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചാരണം കൊഴുപ്പിക്കാനെത്തും. വരും ദിവസങ്ങളിൽ മുഖ്യമന്ത്രി പിണറായി വിജയൻ കൽപ്പറ്റ, തിരുവമ്പാടി, നിലമ്പൂർ എന്നിവിടങ്ങളിൽ എൽഡിഎഫ് തെരഞ്ഞെടുപ്പു യോഗങ്ങളിൽ പങ്കെടുക്കും.

ബൂത്തുതലത്തിൽ എൻഡിഎ പ്രവർത്തകർ വീടുകൾ കയറി പ്രചാരണം തുടരുകയാണ്. സ്ഥാനാർത്ഥിയുടെ വിദ്യാഭ്യാസ പശ്ചാത്തലവും പ്രസരിപ്പും എൻഡിഎയുടെ ഭാഗമല്ലാത്ത വോട്ടർമാർക്കിടയിലും ചർച്ചയാണ്. മണ്ഡലത്തിൽ എൻഡിഎയുടെ കരുത്തും വളർച്ചയും പ്രകടമാക്കുന്നതാകണം തെരഞ്ഞെടുപ്പുഫലമെന്ന വാശിയിലാണ് നേതാക്കളും പ്രവർത്തകരും.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ മണ്ഡലത്തിലെ ഏഴ് നിയോജക മണ്ഡലങ്ങളിലുമായി 1,41,045 വോട്ടാണ് നേടിയത്. ഇതിലധികം വോട്ടാണ് എൻഡിഎയുടെ ഉന്നമെന്ന് ബിജെപി സംസ്ഥാന സമിതിയംഗം കെ. സദാനന്ദൻ പറഞ്ഞു. 2019-ൽ മണ്ഡലത്തിൽ 7.2 ശതമാനമായിരുന്നു എൻഡിഎ വോട്ട് വിഹിതം. കഴിഞ്ഞ തവണ ഇത് 13 ശതമാനമായാണ് വർധിച്ചത്. മോദി സർക്കാരിന്റെ ജനക്ഷേമ പദ്ധതികൾ ചൂണ്ടിക്കാട്ടുന്ന അവർ ഇടത്, വലത് മുന്നണികളുടെ വീഴ്ചകൾ എണ്ണിപ്പറയുന്നുമുണ്ട്.

വയനാട് കാലങ്ങളായി നേരിടുന്ന വികസന വിഷയങ്ങൾ ഉപതെരഞ്ഞെടുപ്പിൽ മൂന്നു മുന്നണികളും ചർച്ചയാക്കുന്നുണ്ട്. ദേശീയപാത 766-ലെ ബന്ദിപ്പുര വനഭാഗത്ത് പതിറ്റാണ്ടിലധികമായി തുടരുന്ന രാത്രിയാത്രാ വിലക്ക്, മാനന്തവാടി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിലെ ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത, വനാതിർത്തി പ്രദേശങ്ങളിലെ അതിരൂക്ഷ വന്യജീവി സംഘർഷം, ചുരം ബദൽ റോഡിനായുള്ള കാത്തിരിപ്പ്, കാർഷിക മേഖലയിലെ പ്രതിസന്ധി, പരിസ്ഥിതി ദുർബല മേഖല (ഇഎസ്എ), പരിസ്ഥിതി സംവേദക മേഖല (ഇഎസ്സെഡ്), വയനാട് റെയിൽവേ, ആദിവാസികൾക്കിടയിലെ ഭൂരാഹിത്യം ഇങ്ങനെ നീളുന്നതാണ് തെരഞ്ഞെടുപ്പു വിഷയങ്ങൾ.

നാമനിർദേശ പത്രികാസമർപ്പണത്തിന് എത്തിയ പ്രിയങ്ക ഗാന്ധി കൽപ്പറ്റയിൽ പൊതുസമ്മേളനത്തിൽ പ്രസംഗിക്കുമ്പോൾ ഈ വിഷയങ്ങളിൽ പരാമർശം നടത്തുകയും അവസരം ലഭിച്ചാൽ പരിഹാരത്തിന് ശ്രമിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തിരുന്നു. ദേശീയപാതയിലെ രാത്രി യാത്രാവിലക്ക്, വന്യമൃഗശല്യം, കാർഷിക പ്രതിസന്ധി എന്നീ വിഷയങ്ങളിൽ കോൺഗ്രസിനെയും ബിജെപിയെയുമാണ് എൽഡിഎഫ് പഴിപറയുന്നത്. കർണാടകയിലേത് കോൺഗ്രസ് സർക്കാരായിട്ടും രാത്രിയാത്രാവിലക്ക് നീങ്ങുന്നതിന് ഉതകുന്ന നിലപാട് സ്വീകരിപ്പിക്കാൻ രാഹുൽഗാന്ധിക്ക് കഴിഞ്ഞില്ലെന്നു ഇടതുനേതാക്കൾ കുറ്റപ്പെടുത്തുന്നു.

ജനസൗഹൃദമായി വനം-വന്യജീവി സംരക്ഷണ നിയമം പൊളിച്ചെഴുതുന്നതിലെ വിമുഖത ചൂണ്ടിക്കാട്ടിയാണ് ബിജെപിക്ക് എതിരായ വിമർശനം. കാർഷികപ്രതിസന്ധിയുടെ ഉത്തരവാദിത്വം കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ ചാരിയാണ് കോൺഗ്രസ് പ്രചാരണം. ഗവ. മെഡിക്കൽ കോളജ് ആശുപത്രിയുടെ ശോച്യാവസ്ഥ ഇടതു, വലതു മുന്നണികളെ കടന്നാക്രമിക്കാൻ എൻഡിഎ ആയുധമാക്കുന്നുണ്ട്.

## സർക്കാർ ഓഫീസുകളിലെ സാംസ്കാരിക കൂട്ടായ്മകൾക്ക് വിലക്ക്

തിരുവനന്തപുരം: സർക്കാർ ഓഫീസുകളിൽ ജീവനക്കാരുടെ സാംസ്കാരിക ഫോറങ്ങളും വകുപ്പ് അടിസ്ഥാനത്തിലുള്ള കൂട്ടായ്മകളും രൂപീകരിക്കുന്നതു വിലക്കി മുഖ്യമന്ത്രിക്കു കീഴിലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഉത്തരവിറക്കി. ഓഫീസ് പ്രവർത്തനത്തിനു തടസ്സമാകുന്നുവെന്നാണ് ഉത്തരവിൽ പരാമർശമെങ്കിലും ചില സർവീസ് സംഘടനകൾക്കു ബദലായി ഇത്തരം കൂട്ടായ്മകൾ മാറുന്നതാണ് വിലക്കിനു കാരണമായി പറയുന്നത്.

കഴിഞ്ഞ മേയിൽ ഒരു ഭരണാനുകൂല സംഘടനസർക്കാരിനു നൽകിയ നിവേദനത്തിൽ അനധികൃത കൂട്ടായ്മകൾക്കു നിയന്ത്രണം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. സെക്രട്ടേറിയറ്റ് കേന്ദ്രീകരിച്ച് സാംസ്കാരിക കൂട്ടായ്മകൾ രൂപീകരിച്ചതും ഓഫീസ് സമയത്ത് പരിപാടികൾ സംഘടിപ്പിച്ചതും അടുത്തകാലത്ത് വിവാദമായിരുന്നു. ഇതിന്റെ പേരിൽ ചിലരെ സ്ഥലംമാറ്റുകയും ചെയ്തു.

ഒരേ വകുപ്പിൽ ജോലി ചെയ്യുന്നവർ, ഒരുമിച്ചു സർവീസിൽ പ്രവേശിച്ചവർ, ഒരുമിച്ചു വിരമിക്കാനിരിക്കുന്നവർ, പങ്കാളിത്ത പെൻഷൻകാർ തുടങ്ങിയ കൂട്ടായ്മകളുണ്ട്. ആദ്യം വാട്സാപ്പിൽ ഗ്രൂപ്പുണ്ടാക്കി പിന്നീട് യോഗങ്ങളും യാത്രകളുമടക്കമുള്ള പരിപാടികളിലേക്കു കൂട്ടായ്മകൾ വളർന്നു.

ചില വകുപ്പു സെക്രട്ടറിമാർ ഇത്തരം കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുക കൂടി ചെയ്തതോടെയാണു സർവീസ് സംഘടന സർക്കാരിനു പരാതി നൽകിയത്.






# വേൾഡ് മലയാളി കൗൺസിലിന് വേണ്ടി ഡോ. ബാബു സ്റ്റീഫൻ നിർമ്മിച്ചു നൽകിയ വീടിന്റെ താക്കോൽ ദാനം നടന്നു



തിരുവനന്തപുരം: ഭവനരഹിതർക്ക് നൽകാനായി ആഗോള മലയാളി സംഘടനയായ വേൾഡ് മലയാളി കൗൺസിലിന് വേണ്ടി അമേരിക്കയിലെ പ്രമുഖ വ്യവസായിയും വേൾഡ് മലയാളി കൗൺസിൽ ബിസിനസ് ഫോറം രക്ഷാധികാരിയുമായ ഡോ. ബാബു സ്റ്റീഫൻ സാമ്പത്തിക സഹായം നൽകി നിർമ്മാണം പൂർത്തിയാക്കിയ ആദ്യ വീടിന്റെ താക്കോൽ ദാനം കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ നിർവഹിച്ചു. വീട്ടുടമ അനിത താക്കോൽ ഏറ്റുവാങ്ങി.

ചടങ്ങിൽ വേൾഡ് മലയാളി കൗൺസിൽ ഭാരവാഹികളായ കെ. വിജയചന്ദ്രൻ, സുരേഷ് കുമാർ എന്നിവരും പങ്കെടുത്തു.

ബാബു സ്റ്റീഫനുവേണ്ടി ഗ്ലോബൽ ജോയിന്റ് സെക്രട്ടറി കെ. വിജയചന്ദ്രൻ ഉപഹാരം ഏറ്റുവാങ്ങി.

സംസ്ഥാന ശിശു ക്ഷേമ സമിതി സെക്രട്ടറി ദീപക്, മുൻ മേയർ ശ്രീകുമാർ തുടങ്ങി നിരവധി പേർ ചടങ്ങിൽ പങ്കെടുത്തു.

# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ ബൈബിൾ റീഡിങ് ചലഞ്ച് സംരംഭത്തിന് തുടക്കം കുറിച്ചു



ചിക്കാഗോ: ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയുടെ ആഭിമുഖ്യത്തിൽ രൂപത അടിസ്ഥാനത്തിൽ ആരംഭിച്ചിരിക്കുന്ന ബൈബിൾ റീഡിങ് ചലഞ്ചിന് ചിക്കാഗോ സെന്റ് മേരീസ് ദേവാലയത്തിൽ തുടക്കം കുറിച്ചു. ദൈവത്തെക്കുറിച്ചുള്ള ആഴത്തിലുള്ള അറിവും ദൈവം ആഗ്രഹിക്കുന്ന ഒരു ജീവിതം എങ്ങനെ ജീവിക്കണം എന്നതിനെക്കുറിച്ചുള്ള മാർഗ്ഗനിർദേശവും ബൈബിൾ പാരായണത്തിലൂടെ കുട്ടികളിൽ ജനിപ്പിച്ചെടുക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ബൈബിൾ റീഡിങ് ചലഞ്ച് മതബോധന സ്കൂളിൽ ആരംഭിച്ചിരിക്കുന്നത്. നാലു മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ സംരംഭത്തിന്റെ പ്രാരംഭമായി പുതിയ നിയമത്തിന്റെ 27 പുസ്തകങ്ങളാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ നവംബർ മാസത്തിൽ തുടങ്ങി മുടക്കാതെ ഏപ്രിൽ മാസം വരെ ആറുമാസംകൊണ്ട് പുതിയ നിയമം മുഴുവൻ വായിച്ചുപൂർത്തീകരിക്കത്തക്ക രീതിയിലാണ് ഈ സംരംഭം ക്രമീകരിച്ചിരിക്കുന്നത്. മാതാപിതാക്കളുടെയും മതാദ്ധ്യാപകരുടെയും മേൽനോട്ടത്തിൽ ഓരോ ദിവസവും പുതിയ നിയമത്തിലെ ഓരോ അധ്യായങ്ങൾ വായിച്ച് മാസാവസാനം കുട്ടികൾ അവരവരുടെ മതാദ്ധ്യാപകരെ ഏൽപ്പിക്കുന്ന രീതിയിൽ ഒരു Reading Log ഇതിനായി പ്രത്യേകം സജ്ജമാക്കിയിട്ടുണ്ട്.

റീഡിങ് ലോഗിൽ രേഖപ്പെടുത്തിയിരിക്കുന്നത് പോലെ ഓരോ ദിവസവും അതാത് ബൈബിൾ ഭാഗങ്ങൾ വായിച്ച് ആറുമാസം കൊണ്ട് ബൈബിൾ പാരായണം പൂർത്തീകരിക്കുന്ന എല്ലാ കുട്ടികൾക്കും ഇടവക തലത്തിലും രൂപതാ തലത്തിലും അനുമോദന സർട്ടിഫിക്കറ്റുകളും വളരെ ആകർഷകമായ സമ്മാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

നവംബർ 3-ന് ഞായറാഴ്ച മതബോധന സ്കൂളിലെ നാല് മുതൽ 10 വരെയുള്ള എല്ലാ ക്ലാസിലെയും മതാദ്ധ്യാപകർ കുട്ടികൾക്ക് ഈ ബൈബിൾ റീഡിങ് ചലഞ്ചിനെ പറ്റി കൂടുതൽ വിശദീകരിച്ചു പറയുകയും അതിൽ പങ്കുചേരുവാൻ കുട്ടികളോട് പ്രത്യേകം ആഹ്വാനം ചെയ്യുകയും ചെയ്തു. അതേത്തുടർന്ന് ഇതിനായി സജ്ജമാക്കിയിരിക്കുന്ന Reading Log എല്ലാ കുട്ടികൾക്കും വിതരണം ചെയ്യുകയും ചെയ്തു.

ഇടവകയിലെ മിഷൻ ലീഗ് യൂണിറ്റിന്റെ പ്രസിഡണ്ട് Azriel Valathattu കുട്ടികളുടെ വിശുദ്ധ കുർബാനയ്ക്ക് ശേഷം ഈ ബൈബിൾ റീഡിങ് ചലഞ്ചിനെ പറ്റി എല്ലാ കുട്ടികളോടും ചെറിയൊരു വിശദീകരണം കൊടുക്കുകയും ഇതിൽ പങ്കുചേരുവാൻ പ്രത്യേകം ആഹ്വാനം ചെയ്യുകയും ചെയ്തു.

(ശേഷം 24-ാം പേജിൽ)



# മാർ തോമസ് തറയിൽ ചങ്ങനാശേരി ആർച്ച് ബിഷപ്പായി അഭിഷിക്തനായി

ചങ്ങനാശേരി: സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിൽ അനേകായിരങ്ങൾ പങ്കുചേർന്ന ഭക്തിസാന്ദ്രമായ തിരുക്കർമങ്ങളുടെ ചൈതന്യത്തിൽ ചങ്ങാനാശേരി അതിരൂപതാധ്യക്ഷനായി മാർ തോമസ് തറയിൽ സ്ഥാനമേറ്റു. വിദേശത്തുനിന്നുൾപ്പെടെ ബിഷപ്പുമാരും സമർപ്പിതരും വിശ്വാസികളും പങ്കെടുത്ത പ്രൗഢമായിരുന്നു. ഒക്ടോബർ 30-ന് രാവിലെ ഒമ്പതിന് മെത്രാപ്പോലീത്തൻ പള്ളി പാരിഷ് ഹാളിൽനിന്ന് ബിഷപ്പുമാർ തിരുവസ്ത്രങ്ങളണിഞ്ഞ് പ്രദക്ഷിണമായി പ്രത്യേകം തയാറാക്കിയ മദ്ബഹയിലെത്തിയതോടെ ആഹ്ലാദസൂചകമായി ആചാരവെടികളും പള്ളിമണികളും മുഴങ്ങി. മാർ ജോസഫ് പെരുന്തോട്ടം ആമുഖ പ്രസംഗം നടത്തി. ചാൻസലർ തോമസ് തറയിലിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനമധ്യേ തിരുവനന്തപുരം ലത്തീൻ ആർച്ച്ബിഷപ് ഡോ. തോമസ് ജെ. നെറ്റോ വചനസന്ദേശം നൽകി.

നൂൺഷ്യോ ആർച്ച്ബിഷപ് ഡോ. ലെയോപോൾദോ ജിറേല്ലി ആശംസയർപ്പിച്ചു. തിരുക്കർമങ്ങളിൽ അമ്പത് ബിഷപ്പുമാരും നൂറുകണക്കിനു വൈദി



ചങ്ങനാശേരി ആർച്ച് ബിഷപ്പായി സ്ഥാനമേറ്റ മാർ തോമസ് തറയിലിനെ സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ ഔദ്യോഗിക പീഠത്തിൽ ഇരുത്തിയപ്പോൾ.

സ്ഥാനാരോഹണച്ചടങ്ങിന് സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ മുഖ്യകാർമികനായിരുന്നു. വിരമിച്ച ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം, പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് എന്നിവർ സഹകാർമികരായി. വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ ചടങ്ങിൽ ആർച്ച് ഡീക്കനായിറവ. ഡോ. ഐസക് ആലഞ്ചേരി മാർ തോമസ് തറയിലിന്റെ നിയമനപത്രം വായിച്ചു. തുടർന്ന് മാർ തോമസ് തറയിൽ മുടിയും അംശവടിയും ധരിച്ച് അതിരൂപതയുടെ അഞ്ചാമത്തെ ആർച്ച്ബിഷപ്പായി പ്രത്യേക പീഠത്തിൽ ഉപവിഷ്ടനായി. തുടർന്ന് മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ പുതിയ ഇടയന് അനുമോദനം അറിയിച്ചു. മാർ കരും സന്യസ്തരും അല്മായപ്രതിനിധികളും പങ്കുചേർന്നു. തുടർന്ന് മാർ തോമസ് തറയിലിനെ അനുമോദിക്കുന്നതിനും മാർ ജോസഫ് പെരുന്തോട്ടത്തിനു നന്ദിയർപ്പിക്കുന്നതിനുമായി പൊതുസമ്മേളനം ചേർന്നു.

# മാർ തോമസ് തറയിൽ പിതാവിന് ലൂർദ് സൗഹൃദ വേദിയുടെ ആശംസകൾ

ജയിംസ് ജോസഫ് കാരക്കാട്ട്

തിരുവനന്തപുരം: സുന്ദരനും സുമുഖനും മധുരഭാഷിയുമായ മാർ തോമസ് തറയിൽ പിതാവ് തിരുവനന്തപുരത്തേക്ക് കടന്നുവന്നപ്പോൾ യുവത്വത്തിന്റെ പ്രസരിപ്പും ആത്മീയതയുടെ പരിവേഷവും കൊണ്ട് വശ്യമായ ആ വ്യക്തിത്വത്തെ തലസ്ഥാന നഗരി വിസ്മയത്തോടെയാണ് വരവേറ്റത്. വലിയ കാര്യങ്ങൾ ചെറിയ വാക്യങ്ങളിൽ നാടൻ സംസാര ഭാഷയിൽ നർമ്മരസം പുരട്ടി അദ്ദേഹം അവതരിപ്പിച്ചപ്പോൾ, എത്രയോ അടുത്തു പരിചയമുള്ള ഒരു സ്നേഹിതൻ, മുമ്പ് പലതവണ സംസാരിച്ചിട്ടുള്ളതുപോലെ, ഇപ്പോഴും ഇതാ തന്റെ ഹൃദയവുമായി സംവദിക്കുന്നു എന്നാണ് ഓരോ ശ്രോതാവിനും അനുഭവപ്പെട്ടത്. ഹൃദ്യതയാണ് ആ പെരുമാറ്റത്തിന്റെയും പ്രഭാഷണത്തിന്റെയും മുഖമുദ്ര. തലസ്ഥാന നഗരിയിൽ സാമൂഹിക, സാംസ്കാരിക മേഖലകളിൽ സ്വന്തമായ ഒരിടം സീറോമലബാർ സമൂഹത്തിനുണ്ടാകണമെന്ന ആഗ്രഹത്തോടെയാണ് 'ലൂർദ് സൗഹൃദ വേദി'ക്ക് അദ്ദേഹം ജന്മം നല്കിയത്. ഇടയന്റെ സാമീപ്യം സംഗീതംപോലെ ആസ്വദിക്കുന്ന തന്റെ അജഗണം മാത്രമല്ല, കേരളമാകെത്തന്നെ, ഈ ബഹുസ്വര സമൂഹത്തിന്റെ വിശാല വിഹായസിൽ ഇന്ന് ഏറ്റവും ശോഭയോടെ പ്രകാശിക്കുന്ന ക്രിസ്തീയ നക്ഷത്രമായി തറയിൽ പിതാവിനെ മനസ്സിലേറ്റി. അദ്ദേഹം ആർച്ച് ബിഷപ്പായി വാഴിക്കപ്പെട്ടപ്പോൾ കേരള ജനത ഒന്നടങ്കം, വിശിഷ്യാ തിരുവനന്തപുരത്തെ അദ്ദേഹത്തിന്റെ ആരാധകവൃന്ദം ആഹ്ലാദചിത്തരായി അദ്ദേഹത്തിന് ആശംസകൾ നേരുന്നു.



മാർ തോമസ് തറയിൽ



ലേഖകൻ

# മേരി ചാക്കോ ചകിരിയാംതടത്തിൽ അന്തരിച്ചു



ഏറ്റുമാനൂർ: ചകിരിയാംതടത്തിൽ പരേതനായ ചാക്കോയുടെ ഭാര്യ മേരി (86) അന്തരിച്ചു. പരേത പുന്നത്തുറ പൂഴിക്കാലായിൽ കുടുംബാംഗമാണ്. മക്കൾ: സണ്ണി ചകിരിയാംതടം, മോളി പാലത്തടത്തിൽ, ജോണി ചകിരിയാംതടം, പരേതനായ ഷാജി ചകിരിയാംതടം, സിബി ചകിരിയാംതടം, കുഞ്ഞുമോൾ കൊച്ചിപ്പടിക്കൽ. മരുമക്കൾ: സെലിൻ കുരുട്ടുപറമ്പിൽ, തോമസ് പാലത്തടത്തിൽ, റീന ഈയലേൽ, ബിന്ദു കുരുട്ടുപറമ്പിൽ, സ്മിത ഓണശ്ശേരിൽ, ബെന്നി കൊച്ചിപ്പടിക്കൽ. പരേതനായ കുട്ടപ്പൻ പൂഴിക്കാലാ (പുന്നത്തുറ) ഏക സഹോദരനാണ്.

# സഹകരണസംഘം ഭരണസമിതി: മത്സരനിയന്ത്രണം നീക്കി

കൊച്ചി: സഹകരണസംഘം ഭരണസമിതിയിൽ തുടർച്ചയായി മൂന്ന് തവണ അംഗമായവർക്ക് തുടർന്നു മത്സരിക്കുന്നതിനു വിലക്ക് ഏർപ്പെടുത്തുന്ന സഹകരണനിയമത്തിലെ ഭേദഗതി ഹൈക്കോടതി റദ്ദാക്കി. സംഘങ്ങളുടെ സ്വയംഭരണ, ജനാധിപത്യ അവകാശങ്ങളിലുള്ള കടന്നുകയറ്റമാണ് ഇതെന്നു വിലയിരുത്തിയാണ് ജസ്റ്റിസ് എൻ. നഗരേഷിന്റെ ഉത്തരവ്. വ്യവസ്ഥ ഭരണഘടനാവിരുദ്ധമാണെന്നു വ്യക്തമാക്കിയ കോടതി ഹർജിക്കാർ ചോദ്യം ചെയ്ത മറ്റു ഭേദഗതികളെല്ലാം ശരിവെച്ചു.

സർക്കാരിന് നിയമങ്ങളിലൂടെ സഹകരണസംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കാമെങ്കിലും ഏകപക്ഷീയമായ വ്യവസ്ഥകളിലൂടെ സംഘങ്ങളുടെ ജനാധിപത്യ പ്രവർത്തനങ്ങളിൽ ഇടപെടാനാകില്ലെന്നു കോടതി പറഞ്ഞു. ഭരണസമിതി അംഗങ്ങൾക്കു കൂടുതൽ അനുഭവപരിചയമുണ്ടാകുന്നത് സഹകരണസംഘത്തിനു പ്രയോജനകരമാണ്. ദീർഘകാലം ഭരണസമിതിയിലിരുന്നാൽ സ്ഥാപിത താൽപര്യം ഉണ്ടാകുമെന്നത് ഉൾപ്പെടെയുള്ള ആശങ്കകൾ പരിഗണിക്കേണ്ടത് ജനറൽ ബോഡി അംഗങ്ങളാണ്. ജനറൽ ബോഡിക്ക് ആവശ്യമെങ്കിൽ നിയമാവലിയിൽ വ്യവസ്ഥകൾ ചേർക്കാം. സർക്കാർ ഇത്തരത്തിൽ വിലക്കേർപ്പെടുത്തുമ്പോൾ ഏറ്റവും മികച്ച അംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള ജനറൽ ബോഡിയുടെ അവകാശത്തിൽ ഇടപെടുകയാണ്.

ക്രെഡിറ്റ് സൊസൈറ്റികൾക്കാണ് ഇത്തരത്തിൽ വിലക്ക് ബാധകമാക്കിയത്. എന്നാൽ, എല്ലാ സഹകരണസംഘങ്ങളെയും പ്രോത്സാഹിപ്പിക്കാനുള്ള ഉത്തരവാദിത്തം സർക്കാരിനുണ്ടെന്നും വ്യവസ്ഥ വിവേചനപരമാണെന്നും കോടതി പറഞ്ഞു.




FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.




For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# WHO IS ELIGIBILE TO APPLY FOR EB-2 NIW?

EB-2 NIW stands for Employment Based Second Preference Category National Interest Waiver. It is a green card pathway offered by USCIS which does not require one to have a sponsoring employer. This is a great option for those who do not have a sponsoring employer, and instead want to self-petition for a green card. The big question is “who can apply for an EB-2 NIW?” Essentially anyone from any country can apply as long as they can represent themselves as being of a national interest to the United States. What does this mean?

The National Interest Waiver was created to provide an option for highly motivated and skilled workers to be able to still apply for a green card, but without needing to find a sponsoring employer or without having to follow the entire EB-2 green card pathway. If you are not familiar, EB-2 is quite a lengthy process requiring one’s employer to place ads, obtain a prevailing wage determination, file and obtain a PERM labor certification, etc. In order to avoid all this and its lengthy process, USCIS decided to create EB-2 NIW where an applicant can still apply for a green card without having to go through any of this. The catch is that they must prove they are of a national interest to the United States as a whole and will positively impact the Unites States’ economic growth.

A qualified applicant will have at least a master’s degree or higher or will have a bachelor's degree plus five (5) years of relevant experience in the profession and he/she will be seen to have satisfied all three (3) prongs of the Matter of Dhanasar case. These three prongs are as follows: (1) the proposed endeavor is of substantial merit and national importance; (2) the foreign national is in a position to advance the proposed endeavor; and (3) the U.S. would benefit on balance, to waive the job offer criteria for an EB-2. A lot of people have a hard time proving they meet the three (3) prong test, mainly because they do not fully understand what the prongs mean. It is highly recommended to seek the guidance of an attorney to help you through the entire process as it can get quite overwhelming.

The amount of evidence that is needed to support one’s EB-2 NIW petition is significant. Working with the Law Office of Sovmya George, PLLC will guarantee Attorney George working with you closely on your case, telling you what documents that are needed for your petition, and will guide you through the entire process. A strong legal argument needs to be made in support of an EB-2 NIW filing. It can be difficult for someone who is not familiar with legal terminology or precedent cases to sufficiently make an argument. Therefore, if you would like to get your case started or have more questions related to EB-2 NIW, give our office a call at 972-905-0948 or email Attorney George at sovmya.george@lawofficesg.com so we can discuss your case!



**Sovmya George, Esq.**
**Attorney/Founder**
**Law Office of Sovmya George, PLLC**
**T: 972.905.0948**
**www.lawofficesg.com**

## ജേഴ്സി സിറ്റിയിൽ ശാന്തിഗ്രാം വെൽനെസ് കേരള ആയുർവേദ പ്രവർത്തനമാരംഭിച്ചു









ന്യൂജേഴ്സി: അമേരിക്കയിൽ ആയുർവേദത്തിനു പുതിയ മേൽവിലാസം സൃഷ്ടിച്ചു മുന്നേറുന്ന ശാന്തിഗ്രാം വെൽനെസ് കേരള ആയുർവേദ ജേഴ്സി സിറ്റിയിൽ പുതിയ കേന്ദ്രം ആരംഭിച്ചു. ന്യൂജേഴ്സി സ്റ്റേറ്റ് സെനറ്റർ രാജ് മുഖർജി, ജേഴ്സി സിറ്റി മേയർ സ്റ്റീവൻ ഫുലോപ്പ് എന്നിവർ ഉൾപ്പെടെയുള്ള ന്യൂജേഴ്സിയിലെ പ്രമുഖ നേതാക്കൾ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തു.

കേരള ആയുർവേദ ചികിത്സകൾ ന്യൂജേഴ്സിയിലേക്ക് കൊണ്ടുവരുന്നതിലുള്ള ശാന്തിഗ്രാമിന്റെ പങ്കിനെ സെനറ്റർ മുഖർജി അഭിനന്ദിച്ചു.

ആയുർവേദത്തിലൂടെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള സമർപ്പണത്തിന് ശാന്തിഗ്രാമിന്റെ സ്ഥാപകനും പ്രസിഡണ്ടും സിഇഒയുമായ ഡോ. ഗോപിനാഥൻ നായരെ അംഗീകരിക്കുന്ന സംസ്ഥാന സെനറ്റിന്റെയും അസംബ്ലിയുടെയും സംയുക്ത പ്രമേയം അദ്ദേഹം വായിച്ചു.

മേയർ സ്റ്റീവൻ എം. ഫുലോപ്പും കൗൺസിൽ അംഗങ്ങളും ഇൻസ്പെക്ടർ ഉസ്മാനി ഗനിയും പുതിയ സംരംഭത്തിന് ആശംസകൾ നേർന്നു. ശാന്തിഗ്രാമിന് സിറ്റിയുടെ എല്ലാവിധ പിന്തുണയും ഉറപ്പു നല്കുകയും ചെയ്തു.

പരിപാടിയിൽ പങ്കെടുത്ത ഉപഭോക്താക്കൾ ശാന്തിഗ്രാമിന്റെ ചികിത്സകളിൽ നിന്ന് അവർക്കുണ്ടായ നേട്ടങ്ങളും രോഗശാന്തിയടക്കമുള്ള അനുഭവങ്ങളും സാക്ഷ്യപ്പെടുത്തി. ആരോഗ്യത്തിനും ക്ഷേമത്തിനും ആയുർവേദ ചികിത്സകൾക്കുള്ള സ്വാധീനം അടിവരയിടുന്ന ഇക്കാര്യങ്ങൾ പ്രതിഫലിപ്പിച്ചുകൊണ്ട് ഡോ. ഗോപിനാഥൻ നായർ തന്റെ ഉദ്യമത്തെക്കുറിച്ചുള്ള ശുഭാപ്തിവിശ്വാസം പങ്കുവെച്ചു. യോഗയ്ക്കും ആയുർവേദത്തിനും ആവശ്യക്കാർ ഏറെയുള്ള ന്യൂയോർക്ക് സിറ്റിക്കു സമീപത്തുള്ള ഈ കേന്ദ്രം ഒരു നാഴികക്കല്ലാകുമെന്ന പ്രത്യാശയും അദ്ദേഹം പ്രകടിപ്പിച്ചു.

ജേർണൽ സ്ക്വയർ പാത്ത് ട്രെയിൻ സ്റ്റേഷനു സമീപം സ്ഥിതി ചെയ്യുന്ന ഈ പുതിയ കേന്ദ്രം അമേരിക്കയിലും പുറത്തും ലോക ആയുർവേദ ദിനം ആഘോഷിക്കുന്ന സമയത്തുതന്നെ പ്രവർത്തന സജ്ജമാക്കാൻ സാധിച്ചതിൽ അഭിമാനമുണ്ടെന്ന് ശാന്തിഗ്രാമിന്റെ അമരക്കാരനായ ഡോ. ഗോപിനാഥൻ നായർ അഭിപ്രായപ്പെട്ടു. അയ്യായിരം വർഷം പഴക്കമുള്ള (ശേഷം 30-ാം പേജിൽ)





Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana
We can provide you a PRE-APPROVAL IN MINUTES
Purchase
Jumbo Loan
Refinance
Cashout
WWW.CITYWIDEMA.COM
EQUAL HOUSING LENDER
Illinois Residential Mortgage Licensee

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

Jeremy Karedan
Mortgage Broker/Owner
jeremy@citywidema.com
773-202-2600

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# വയലാർ അനുസ്മരണവും ഗാനസന്ധ്യയും നാഷ്‌വില്ലിൽ അരങ്ങേറി






നാഷ്‌വിൽ: കേരളത്തിന്റെ ജനകീയ കവിയായിരുന്ന വയലാർ രാമവർമ്മയുടെ അമ്പതാം ചരമവാർഷികം മുൻനിർത്തി കേരള അസോസിയേഷൻ ഓഫ് നാഷ്‌വിലും നാഷ്‌വിൽ സാഹിതിയും സംയുക്തമായി വയലാർ അനുസ്മരണം അവതരിപ്പിച്ചു. വയലാർ സ്മൃതി: സംഗീതത്തിന്റെ സൗരഭ്യം എന്ന പേരിൽ നടന്ന പരിപാടിയിൽ പ്രശസ്ത ഗാനരചയിതാവും കേരളത്തിന്റെ മുൻ ചീഫ് സെക്രട്ടറിയും മലയാളം സർവകലാശാലയുടെ ആദ്യത്തെ വൈസ് ചാൻസലറുമായിരുന്ന കെ. ജയകുമാർ ഐഎഎസ് മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് വയലാർ കവിതകളും സിനിമാ ഗാനങ്ങളും കെ. ജയകുമാർ രചിച്ച സിനിമാ ഗാനങ്ങളും കോർത്തിണക്കി അതിമനോഹരമായ ഗാനസന്ധ്യയും അരങ്ങേറി.

1970-ൽ കെ. ജയകുമാർ അദ്ദേഹത്തിന്റെ കവിതാജീവിതത്തിന്റെ തുടക്ക കാലഘട്ടത്തിൽ രചിച്ച 'എന്റെ ആയിഷ' എന്ന കവിതയെ അനുമോദിച്ചുകൊണ്ട് വയലാർ രാമവർമ്മ അയച്ച സന്ദേശത്തിൽ സൂചിപ്പിച്ച 'ആഖ്യാന കവിതാ മണ്ഡലത്തിലേക്ക് ആദ്യ പുഷ്പവുമായി കയറിവരുന്ന അനാഗതശ്മശ്രുവായ അനുജനെ വലംകൈ പിടിച്ച് ആസ്വാദക സമൂഹത്തിന്റെ മുമ്പിൽ പരിചയപ്പെടുത്തിയ' അനുഭവം കെ. ജയകുമാർ പങ്കുവെച്ചത് തികച്ചും മനോഹരമായ അനുഭവം തന്നെയായിരുന്നു. വയലാറിന്റെ കവിതകളെക്കുറിച്ചും കാലാകാലങ്ങളിൽ വന്ന അദ്ദേഹത്തിന്റെ ചിന്താധാരകളെക്കുറിച്ചും അത് ഗാനരചനയിൽ വരുത്തിയ മാറ്റങ്ങളെ കെ. ജയകുമാർ അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽ വിവരിച്ചു.

കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ പ്രസിഡണ്ട് ഷിബു പിള്ള അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ ലാന പ്രസിഡണ്ട് ശങ്കർ മന ആശംസയർപ്പിച്ചു. നാഷ്‌വിൽ സാഹിതി കൺവീനർ അശോകൻ വട്ടക്കാട്ടിൽ സ്വാഗതവും കേരള അസോസിയേഷൻ സെക്രട്ടറി സുശീല സോമരാജൻ നന്ദിയും രേഖപ്പെടുത്തി. കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ ഭരണസമിതി അംഗങ്ങൾ എല്ലാവരും ചേർന്ന് കെ. ജയകുമാറിന് ഫലകം നല്കി ആദരിക്കുകയും ചെയ്തു.

തുടർന്ന് നാഷ്‌വില്ലിലെ കലാകാരന്മാരായ സന്ദീപ് ബാലൻ, അനിൽകുമാർ ഗോപാലകൃഷ്ണൻ, ലിനു രാജു, ലയ ജിജേഷ്, കല്യാണി പതിയാരി, അഭിരാമി അനിൽകുമാർ എന്നിവരുടെ കവിതകളെയും ഗാനങ്ങളെയും കോർത്തിണക്കി അവതരിപ്പിച്ച ഗാനസന്ധ്യ സ്വരമാധുര്യത്തിന്റെ നല്ലൊരു അനുഭൂതി സമ്മാനിച്ചു. അതിൽ അവതരിപ്പിച്ച ഓരോ ഗാനങ്ങളെക്കുറിച്ചും അതിന്റെ പശ്ചാത്തലത്തെക്കുറിച്ചും കെ. ജയകുമാർ അനുഭവങ്ങൾ അവതരിപ്പിച്ചത് പങ്കെടുത്തവർക്ക് ഒരു വ്യത്യസ്ത അനുഭവം സമ്മാനിക്കുകയുണ്ടായി.

# ബിലിവേഴ്സ് ചർച്ച് മെഡിക്കൽ കോളജ് ലോക ഒക്യുപേഷണൽ തെറാപ്പിദിനം ആചരിച്ചു

തിരുവല്ല: ബിലിവേഴ്സ് ചർച്ച് മെഡിക്കൽ കോളജ് ഹോസ്പിറ്റലിലെ (ബിസിഎംസിഎച്ച്) ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ ഡിപ്പാർട്ടുമെന്റ് ലോക ഒക്യുപേഷണൽ തെറാപ്പിദിനം ആചരിച്ചു. എല്ലാ വർഷവും ഒക്ടോബർ 27-ന് ലോകമെമ്പാടും ഒക്യുപേഷണൽ തെറാപ്പിദിനം ആചരിക്കപ്പെടുന്നു. 'ഒക്യുപേഷണൽ തെറാപ്പി എല്ലാവർക്കുമായി' എന്നതായിരുന്നു ഈ വർഷത്തെ തീം. എല്ലാ പ്രായത്തിലുമുള്ള വ്യക്തികൾക്കായുള്ള പുനരധിവാസ ചികിത്സയിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾക്കുള്ള പ്രാധാന്യത്തെ പരിപാടി എടുത്തുകാട്ടി.

ബിലിവേഴ്സ് ചർച്ച് മെഡിക്കൽ കോളജ് ഹോസ്പിറ്റൽ അസോസിയേറ്റ് ഡയറക്ടർ ഡോ. ജോൺ വല്ല്യത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഓൾ ഇന്ത്യ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ (എ.ഐ.ഒ.ടി.എ) ഓണററി സെക്രട്ടറിയും കേരള ഒക്യുപേഷണൽ തെറാപ്പി അസോസിയേഷൻ (കെ.ഒ.ടി.എ) പ്രസിഡണ്ടുമായ ഡോ. ജോസഫ് സണ്ണി മുഖ്യാതിഥിയായി. പലതരം രോഗങ്ങളോ അപകടങ്ങളോ മൂലം ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് നിത്യജീവിതത്തിൽ സ്വയംപര്യാപ്തത വീണ്ടെടുക്കുന്നതിനും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലുമുള്ള ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളുടെ അർപ്പണബോധത്തെ ഡോ. ജോസഫ് സണ്ണി തന്റെ പ്രസംഗത്തിൽ പ്രശംസിച്ചു.

ബിലിവേഴ്സ് ചർച്ച് ഹോസ്പിറ്റലിൽ പ്രവർത്തിക്കുന്ന ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളെ ചടങ്ങിൽ ആദരിച്ചു. ഒക്യുപേഷണൽ തെറാപ്പി സേവനങ്ങൾ സ്വീകരിച്ചിട്ടുള്ള രോഗികൾ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു.

ബിലിവേഴ്സ് ചർച്ച് മെഡിക്കൽ കോളജ് ഹോസ്പിറ്റൽ പ്രിൻസിപ്പൽ പ്രഫ.ഡോ. എലിസബത്ത് ജോസഫ്,





എൻആർസി, എൻസിഡി ഡയറക്ടർ ജോൺസൺ ഇടയാറന്മുള, ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ ഡിപ്പാർട്ടുമെന്റ് മേധാവി ആൻഡ് സീനിയർ കൺസൾട്ടന്റ് ഡോ. തോമസ് മാത്യു, റീഹാബിലിറ്റേഷൻ ഡയറക്ടർ ബിജു മറ്റപ്പള്ളി, ബ്ര. അഭിജിത്ത്, ജോഷിമോൻ തോമസ് എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.കേരള ഒക്യുപേഷണൽ തെറാപ്പി അസോസിയേഷൻ വൈസ് പ്രസിഡണ്ട് മേരി ഫിലിപ്പിന്റെ ബോധവത്കരണ പ്രഭാഷണത്തോടെ പരിപാടി സമാപിച്ചു.

# ജനഹൃദയങ്ങളിൽ ഇടം നേടിയ ശ്രേഷ്ഠ ഇടയൻ

**ജിനു കുര്യൻ പാമ്പാടി**

യാക്കോബായ സുറിയാനി സഭയെ പോരാട്ടത്തിന്റെ കനൽവഴിയിൽ മുന്നിൽനിന്നു കരുതലോടെ നയിച്ച ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവ കാലം ചെയ്തു. സമർപ്പിത ജീവിതത്തിന്റെ സുവർണപ്രഭ മാറ്റപ്പെട്ടിരിക്കുന്നു. പ്രായമേറെയായപ്പോൾ ക്ഷീണിതമാണ് ശരീരമെങ്കിലും തീക്ഷ്ണമായ മനസ്സുകൊണ്ട് എന്നും അദ്ദേഹം കർമ്മനിരതനായിരുന്നു. തന്നെ ചുമതലയേല്പിച്ച ജനങ്ങളെയും ദേവാലയങ്ങളെയും ഓർത്ത് ദൈവസന്നിധിയിൽ കണ്ണുനീർ വീഴ്ത്താത്ത ദിവസങ്ങളില്ലായിരുന്നു. പോരാളിയായും നാഥനായും ദൈവം നല്കിയ ഇരട്ടവേഷങ്ങൾ തീവ്രമായി പകർന്നാടിയ ജീവിതം.



വ്യവഹാരങ്ങളിൽ തളർന്നുപോയ സഭയെ, ഒന്നുമില്ലായ്മയിൽ നിന്നു കെട്ടുറപ്പും അംഗബലവുമുള്ള ദൈവജന സമൂഹമായി വളർത്താൻ അദ്ദേഹം ഏറ്റ പീഡകളേറെ. അപസ്മാരബാധ അലട്ടിയ ബാല്യവും അഞ്ചലോട്ടക്കാരന്റെ കൗമാരവും കടന്നാണ് ദൈവവേലയ്ക്കെത്തിയ പുത്തൻകുരിശ് വടയമ്പാട് ചെറുവിള്ളിൽ കുഞ്ഞൂഞ്ഞ് യാക്കോബായ സഭയുടെ അമരക്കാരനായത്. വൈദികനായിരുന്നപ്പോൾ അത്യുജ്ജ്വലമായ വാക്ചാതുരി കൊണ്ട് ആയിരങ്ങളെ ആകർഷിച്ച ഫാദർ തോമസ് ചെറുവിള്ളിൽ അറിയപ്പെട്ടിരുന്നത് സുവിശേഷക്കാരിലെ സ്വർണ്ണ നാവുകാരൻ എന്നായിരുന്നു.

1929 ജൂലൈ 22-ന് പുത്തൻകുരിശ് വടയമ്പാടി ചെറുവിള്ളിൽ മത്തായി-കുഞ്ഞമ്മ ദമ്പതികളുടെ മകനായി ജനനം. 1958 ഒക്ടോബർ 21-ന് വൈദികപട്ടം സ്വീകരിച്ചു. 1974-ൽ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെട്ടു. 1998 ഫെബ്രുവരി 22-ന് സുന്നഹദോസ് പ്രസിഡണ്ടായി. 2000 ഡിസംബർ 27-ന് പുത്തൻകുരിശിൽ ചേർന്ന പള്ളി പ്രതിപുരുഷയോഗം നിയുക്ത ശ്രേഷ്ഠ കാതോലിക്കയായി തെരഞ്ഞെടുത്തു. 2002 ജൂലൈ 26-ന് ശ്രേഷ്ഠ കാതോലിക്കയായി അഭിഷിക്തനായി. യാക്കോബായ സുറിയാനി സഭയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച 1975-ലെ തിരുത്തിശ്ശേരി അസോസിയേഷനും 1994, 1997, 2000, 2002, 2007, 2012, 2019 വർഷങ്ങളിലെ അസോസിയേഷൻ യോഗങ്ങൾക്കും നേതൃത്വം നല്കിയത് ശ്രേഷ്ഠ ബാവയാണ്. സഭയുടെ അവകാശ പോരാട്ടങ്ങളിലെ മുന്നണിപ്പോരാളിയായിരുന്നു അദ്ദേഹം. വൈദികൻ, ധ്യാനഗുരു, സുവിശേഷപ്രസംഗകൻ, സാമൂഹികപ്രവർത്തകൻ തുടങ്ങിയ നിലകളിൽ മികച്ച പ്രവർത്തനമാണ് അദ്ദേഹം കാഴ്ചവെച്ചത്. പുതിയ സ്ഥാപനങ്ങൾ പടുത്തുയർത്തിയും ഭദ്രാസനങ്ങൾ സ്ഥാപിച്ചും സഭയ്ക്ക് അവിസ്മരണീയമായ വളർച്ച പ്രദാനം ചെയ്തു. പതിമൂന്ന് മെത്രാപ്പോലീത്താമാരെ വാഴിക്കുകയും നാനൂറോളം വൈദികർക്ക് പട്ടം നല്കുകയും ചെയ്തു. വിശ്വാസകാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്തതായിരുന്നു ശ്രേഷ്ഠ ബാവയുടെ ജീവിതം. സഭയുടെ മക്കൾ എവിടെയെല്ലാം പ്രതിസന്ധി നേരിട്ടോ അവിടെയെല്ലാം ബാവ ഓടിയെത്തി. ആലുവ തൃക്കുന്നത്തും കോലഞ്ചേരിയിലും പഴന്തോട്ടത്തും മണർകാട്ടും എല്ലാം സത്യവിശ്വാസ സംരക്ഷണത്തിന് ബാവ സഹിച്ച ത്യാഗത്തിന് അളവില്ല. ജാതി മത അതിർവരമ്പുകൾ ഇല്ലാതെ എല്ലാവിഭാഗം ജനങ്ങളുമായി സൗഹൃദം പുലർത്തിയ ശ്രേഷ്ഠ ബാവയ്ക്ക് രാഷ്ട്രീയരംഗത്തുള്ളവരുമായും ഏറെ അടുപ്പമുണ്ടായിരുന്നു. ആരോഗ്യകാരണങ്ങളാൽ 2019 മെയ് 1-ന് ഭരണച്ചുമതലകളിൽ നിന്ന് ഒഴിഞ്ഞെങ്കിലും ആത്മീയ നേതൃസ്ഥാനത്ത് തുടർന്ന് കാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നതിനിടെയാണ് തോമസ് പ്രഥമൻ കാലം ചെയ്തത്.

'ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോ രാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം'. ശ്രേഷ്ഠ പിതാവേ സമാധാനത്തോടെ പോകുക.

# ലാന സാഹിത്യോത്സവം 2024 ന്യൂയോർക്കിലെ അക്ഷരനഗരിയിൽ സമാപിച്ചു

കോരസൺ / ഉമ സജി

ന്യൂയോർക്ക്: മലയാള ഭാഷ ഒരു ചെറു ഭാഷയല്ലെന്നും പല ഭാഷകളും വേരോടെ ഉണങ്ങിപ്പോകുമ്പോളും തളിരുകൾ അവിടവിടെയായി മുളപ്പിക്കാൻ ശേഷിയുള്ള സുന്ദര ഭാഷയാണെന്നും സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് നോവലിസ്റ്റും ചെറുകഥാകൃത്തും കേരള സാഹിത്യ അക്കാഡമി അവാർഡ് ജേതാവും



ആയ ഇ. സന്തോഷ് കുമാർ പറഞ്ഞു. പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ലോകസമൂഹത്തെ പരസ്പരം ബന്ധിപ്പിക്കുന്നതിൽ ഭാഷയുടെ പ്രാധാന്യത്തെക്കുറിച്ചും പല ഭാഷകളും മരണത്തിലേക്ക് പോയതും ഭാഷ രാജ്യങ്ങളുടെ രൂപീകരണത്തിനും സ്വാതന്ത്ര്യത്തിനും കാരണമായതിനെക്കുറിച്ചും സന്തോഷ്കുമാർ പറഞ്ഞു. കേരള സംസ്ഥാനം ഭാഷാടിസ്ഥാനത്തിൽ രൂപീകൃതമായ നവംബർ ഒന്നിനുതന്നെ ലാനയുടെ സാഹിത്യോത്സവത്തിന് തുടക്കം കുറിച്ചത് ഭാഷയോടുള്ള ആദരവ് കൂടിയാണെന്ന് അദ്ദേഹം പറഞ്ഞു.

ലാന നേതൃത്വനിരയിലെ ഏഴ് അംഗങ്ങൾ ആറ് ജ്ഞാനപീഠം അവാർഡ് ജേതാക്കളുടെ കൃതികളിൽ നിന്നും തെരഞ്ഞെടുത്ത വരികൾ ഉദ്ധരിച്ചുകൊണ്ടും ഒരംഗം ജ്ഞാനപീഠം ലഭിച്ചില്ലെങ്കിലും അതോടൊപ്പം എന്നും നില്ക്കുന്ന ബഷീർ കൃതിയിലെ വാക്കുകൾ അടർത്തിയെടുത്തുകൊണ്ടും ഉദ്ഘാടനം വ്യത്യസ്തമാക്കി.

ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡണ്ട് ശങ്കർ മനയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടനച്ചടങ്ങിൽ അമേരിക്കയുടെയും കാനഡയുടെയും വിവിധ ഭാഗങ്ങളിൽ നിന്നും എത്തിച്ചേർന്ന മലയാളം എഴുത്തുകാർ സംബന്ധിച്ചു. മൂന്നു ദിവസങ്ങൾ നീണ്ടുനിൽക്കുന്ന സമ്മേളനങ്ങളിൽ ഭാഷാപരമായ വിവിധ തലങ്ങൾ ചർച്ച ചെയ്യപ്പെടും.

മുൻ ലാന പ്രവർത്തകരായിരുന്ന ഡോ. എം. എസ്.ടി നമ്പൂതിരി, ഏബ്രഹാം തെക്കേമുറി, റീനി മാമ്പലം എന്നിവർക്ക് കെ.കെ. ജോൺസൺ സ്മരണാഞ്ജലി അർപ്പിച്ചു. കവിയും ചലച്ചിത്രനിർമ്മാതാവും ലാനയുടെ സജീവ അംഗവുമായ ജയൻ കെ.സിയുടെ 'റിതം ഓഫ് ദമാം' എന്ന ചലച്ചിത്രത്തിന് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ കേരള കോമ്പറ്റീഷൻ വിഭാഗത്തിലേക്ക് തെരഞ്ഞെടുത്തതിന് അനുമോദനം അർപ്പിച്ചു.

അനിലാൽ ശ്രീനിവാസൻ (ലാന അഡ്വൈസറി ബോർഡ് ചെയർമാൻ), സാമുവൽ യോഹന്നാൻ (ലാന സെക്രട്ടറി), ജോസ് ഓച്ചാലിൽ (മുൻ ലാന പ്രസിഡണ്ട്), ജെ. മാത്യൂസ് (കൺവൻഷൻ വൈസ് ചെയർമാൻ, മുൻ ലാന പ്രസിഡണ്ട്), ഷിബു പിള്ള (ലാന ട്രഷറർ), സാംസി കൊടുമൺ (കൺവൻഷൻ ട്രഷറർ, മുൻ ലാന സെക്രട്ടറി), അബ്ദുൾ പുന്നയൂർക്കുളം (മുൻ ലാന സെക്രട്ടറി), രാജു തോമസ് (സെക്രട്ടറി, കേരള സെന്റർ, കൺവൻഷൻ കമ്മിറ്റി മെംബർ) എന്നിവർ ആശംസ അർപ്പിച്ചു.




കോരസൺ വർഗീസും ഉമ സജിയും അവതാരകരായി സാഹിത്യോത്സവത്തിന്റെ ഉദ്ഘാടനച്ചടങ്ങുകൾ നയിച്ചു. ജേക്കബ് ജോൺ (കൺവൻഷൻ ജനറൽ കൺവീനർ, ലാനയുടെ പ്രോഗ്രാം കോ-ഓർഡിനേറ്റർ) നന്ദി പ്രകാശിപ്പിച്ചു. തുടർന്നു നടന്ന കവിയരങ്ങിൽ അംഗങ്ങൾ അവരവരുടെ കവിതകൾ ആലപിച്ചു. ബിന്ദു ടി.ജിയും ജേക്കബ് ജോണും കവിയരങ്ങ് നിയന്ത്രിച്ചു.

ഹരിദാസ് തങ്കപ്പന്റെ നേതൃത്വത്തിൽ അരങ്ങേറിയ നാടക സിനിമ വർത്തമാനം, നടനും സംവിധായകനും അദ്ധ്യാപകനുമായ പ്രൊഫ. ഡോ. ചന്ദ്രദാസൻ മുഖ്യപ്രഭാഷണം നടത്തി. ദൃശ്യാവിഷ്കാരങ്ങളിലെ പുതുപ്രവണതകൾ, ആധുനിക കളത്തിൽ അതിരുകൾ ഭേദിച്ച് പ്രേക്ഷകരിലേക്ക് ഇറങ്ങിവരുന്ന അവതാരം ശൈലിയെക്കുറിച്ചു, നാടകത്തിന്റെ അകത്തളങ്ങളിലെ സൈദ്ധാന്തിക പ്രതിസന്ധികളെക്കുറിച്ചും പുതിയ കാഴ്ചപ്പാടുകൾ ഉണ്ടാവണം എന്നും അദ്ദേഹം പറഞ്ഞു. അനശ്വർ മാമ്പള്ളി നന്ദി പ്രകാശിപ്പിച്ചു.


















# ചിലങ്കകൾ

കഥ



പാർവ്വതി പ്രവീൺ

കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago

**കാ**ർമേഘങ്ങൾ നിറഞ്ഞ വൈകുന്നേരം. ആകാശത്ത് ഉരുണ്ട് കയറുന്ന കാർമേഘങ്ങളെ നോക്കി വൈഗ തന്റെ വീടിന്റെ വിസ്താരമേറിയ ഡെക്കിൽ നിന്നു. കാർമേഘങ്ങൾ ഭൂമിയെ ചാരനിറമുള്ള പുതപ്പിട്ട് മൂടുന്ന പോലെ അവൾക്ക് തോന്നി. 'ആ മേഘങ്ങൾ വളരെ നാളുകളായ് പ്രണയത്തിലാണ്. അവർ ആരും കാണാതെ ആകാശത്തിന്റെ ഇടനാഴിയിൽ പരസ്പരം സ്നേഹ ചുംബനങ്ങളിൽ അമരുന്നത് നിങ്ങൾ കാണുന്നില്ലേ?!' അവൾ പറന്നു പോകുന്ന പക്ഷികളോടായി ചോദിച്ചു. ആ സ്നേഹ ചുംബനങ്ങളിൽ ഇടിമിന്നലുകൾ ഉണ്ടായി, മഴമേഘങ്ങൾ ചാറിത്തുടങ്ങി. ആ സ്വകാര്യ ചുംബനത്തെ കണ്ടാസ്വദിച്ചു, ഭൂമിയുടെ താളലയത്തിൽ മഴനനഞ്ഞ ഒരു ചെറു കിളിയെ പോലെ ചിറകുകൾ ഒതുക്കി വൈഗ നിന്നു . 'എന്ത് മനോഹരമായ ഒരു വൈകുന്നേരം.' അവൾ ഉറക്കെ പറഞ്ഞു. 'വൈഗ, നിന്റെ ഫോൺ കുറേ നേരമായ് റിങ് ചെയ്യുന്നു, നാട്ടിൽ നിന്നാണെന്ന് തോന്നുന്നു, തിരിച്ച് വിളിച്ചു നോക്ക്'. ഋഷി ഡെക്കിന്റെ ഡോർ തുറന്നു വന്നു പറഞ്ഞു.

ഏതോ ലോകത്തു നിന്നും വഴുതി വീണ പോലെ അവൾ ഞെട്ടി.

'നാട്ടിൽ നിന്നോ?!, നാട്ടിൽ നിന്ന് ഈ സമയത്തു വിളിക്കുന്നത് ആരാ?, മഴ ഒന്ന് ആസ്വദിക്കുവാൻ ആരും സമ്മതിക്കില്ല!' ആത്മഗതം പറഞ്ഞു കൊണ്ട് അവൾ ഡെക്കിൽ നിന്ന് മുറിയിലേക്ക് കയറി. ഫോണിൽ തെളിഞ്ഞു നിന്ന നമ്പർ നോക്കി, അപ്പോഴേക്കും ഫോൺ വീണ്ടും റിങ് ചെയ്യുന്നു. അതേ നാട്ടിൽ നിന്നും തന്നേ മനസ്സിൽ പറഞ്ഞു കൊണ്ട് ഫോൺ എടുത്തു.

'ഹലോ' നിശബ്ദതക്കു ശേഷം, വീണ്ടും 'ഹലോ.... മനസിലായോ?' പൗരുഷമാർന്ന ഒരു ശബ്ദം അതിൽ നിന്നും കേട്ടു, ഒരു നിമിഷത്തേക്ക് അവൾ സ്തബ്ധയായി. അവൾ തേടി നടന്ന ആ ശബ്ദം കാതിലെ സിരകളിലൂടെ കയറി ആത്മാവിലെ ഉറങ്ങികിടന്ന സ്വരങ്ങളേ ഉണർത്തി. ഒരു നിമിഷത്തിനു ശേഷം അവൾ മറുപടി പറഞ്ഞു. 'മനസിലായോ എന്ന് ചോദിച്ചില്ലേ,അതുപോലെ ഓർത്തുലോ! ഇപ്പോള് എവിടെ ആണ്?'

'നാട്ടിൽ, ലീവ്നു നാട്ടിൽ വന്നപ്പോൾ ഉണ്ണിത്താൻ അങ്കിൾനെ കണ്ടു.. അപ്പോൾ തന്റെ നമ്പർ അങ്കിൾ തന്നു. 'ഒഹ്ഹ്' അവൾ മനസിൽ വിരിഞ്ഞ കൗതുകത്തെ പുറത്തുകാണിക്കാതെ ഒന്ന് മൂളി.

'താൻ എന്നാണ് നാട്ടിലേക്കു?'.

'തീരുമാനിച്ചിട്ടില്ല' ചോദിക്കുവാൻ കാത്ത് വച്ചിരുന്ന കുറേ ചോദ്യങ്ങൾ നിരനിരയായി മനസ്സിൽ വന്നു. പക്ഷേ, അവൾ ഒന്നും തന്നെ ചോദിച്ചില്ല. പകരം ചോദ്യങ്ങൾ ചോദിക്കുവാനായി അവസരം കൊടുത്തു, ഉത്തരങ്ങൾ പറയുവാനായ് ചോദ്യങ്ങളെ പ്രതീക്ഷിച്ചു നിന്നു.

'സുഖം?'

'അതെ.'

അവൾ മറുപടി പറഞ്ഞു.

'ഇതെന്റെ സെൽ നമ്പർ ആണ്, താൻ ഫോണിൽ സേവ് ചെയ്തോളൂ

'ഷുവർ ചെയ്യാം'.

'നമ്പർ സേവ് ചെയ്യില്ലേ?' ഒരു നിശബ്ദതയ്ക്കു ശേഷം, വീണ്ടും ചോദിച്ചു.

'ഉം ചെയ്യാം'.

'മെസേജ് പ്രതീക്ഷിക്കുന്നു' അതിനും അവൾ ഒരു മറുപടി പറയാതെ നിശബ്ദയായി. 'ഓർത്തതിനും വിളിച്ചതിനും ഒരുപാടു സന്തോഷം' അവൾ പറഞ്ഞു.

'അങ്ങനെ മറക്കുവാൻ പറ്റില്ലല്ലോ! നിന്റെ ചിലങ്കകൾ?'

'ആ ചോദ്യത്തിന് അവൾ ഒന്നും മറുപടി നല്കിയില്ല. പകരം ഒരു ദീർഘ നിശ്വാസത്തിലൂടെ ചിരിച്ചു. 'അപ്പോൾ ശരി... ടെയ്ക്ക് കെയർ-ബൈ'. അവൾ ഫോൺ കട്ട് ചെയ്ത്, കണ്ണുകൾ അടച്ചു. പെയ്തൊഴിഞ്ഞ മഴയിൽ, ഇലകളിൽ ഒളിച്ചിരിക്കുന്ന മഴത്തുള്ളികൾ ചെറുകാറ്റ് തട്ടി നെറുകയിൽ പതിക്കുമ്പോലെയാണ് ചില ഓർമ്മകൾ അവളെ വന്നു പുൽകി.

ഇതെന്താ തണുക്കുന്നില്ലേ? വൈ ആർ യു സിറ്റിംഗ് ഇൻ വെറ്റ് ക്ലോത്സ്? ഗോ ചേഞ്ച്? നനഞ്ഞ ഈറൻ തുണിയോടെ സ്വീകരണ മുറിയിൽ കണ്ണുകളടച്ചിരിക്കുന്ന വൈഗയെ കണ്ട് ഋഷി ചോദിച്ചു,

'ഓ ഞാൻ മറന്നുപോയി'. നനഞ്ഞ തുണികൾ മാറ്റുവാനായ് മുറിയിലേക്ക് അവൾ ഓടിക്കയറി. കണ്ണാടിയിൽ തെളിഞ്ഞു നിന്ന അവളുടെ അർദ്ധ നഗ്നമാം രൂപത്തെ അവൾ ഒന്ന് വിലയിരുത്തി. യൗവനത്തിന്റെ അവസാന തുള്ളി രക്തവും ഒലിച്ചു പോയിത്തുടങ്ങി. മിനുസമായിരുന്ന കൈ തണ്ടകൾ ചൊക്കി ചുളിവുകൾക്കായി കാത്തിരിക്കുന്നു. വിടർന്ന് നിന്നിരുന്ന കൺപോളകൾ, ഭാരമേറി, കുമ്മിത്തുടങ്ങിയിരിക്കുന്നു.

'ഇപ്പോഴാണോ മനസിൽ ചലനമറ്റു കിടന്ന താളങ്ങളെ ആ ശബ്ദം തൊട്ടുണർത്തുന്നത്? ഇതുവരെ എവിടേ ആയിരുന്നു ആ ശബ്ദം?' ഒരു പുച്ഛത്തോടെ മുൻപിൽ തെളിഞ്ഞു നിൽക്കുന്ന തന്റെ പ്രതിബിംബത്തിനോട് ചോദിച്ചു.

'ചിലങ്കകൾ!', എവിടെയോ ഊരി മറന്നു വെച്ച ചിലങ്കകളേ അവൾ ഓർത്തു. പെട്ടി തുറന്നു, നീല പട്ടുതുണിയിൽ പൊതിഞ്ഞു വച്ചിരുന്ന ചിലങ്ക നീണ്ട നിദ്ര അവസാനിപ്പിച്ചു ചെറിയ പരിഭവത്തോടെ കിലുങ്ങി. അവളുടെ മിഴികളിലേക്കു പരിഭവത്തോടെ നോക്കി, പെയ്യുവാൻ വെമ്പിനിൽകുന്ന കാർമേഘങ്ങൾ ചാറിത്തുടങ്ങിയ പോലെ പരിഭവം മാറ്റി, ചിലങ്കകൾ അവളുടെ കാലുകളിൽ പുണർന്നപ്പോൾ എവിടെയോ കയ്പു കുടിച്ചു മയങ്ങി കിടക്കുന്ന താളങ്ങൾ ശാപം മോക്ഷം കിട്ടി, പ്രതീക്ഷകളുടെ ചിറകുകൾ അടിച്ചു പറക്കുവാൻ തയ്യാറായി. അവൾ നൃത്തമാടി, ഭൂമിയും മേഘമൽഹാർ രാഗത്തിൽ നിർത്തമാടിയപ്പോൾ അവളും നാല് ചുമരുകൾക്കുള്ളിൽ നിർത്തമാടി വർഷങ്ങൾക്കു ശേഷം.

ബാദൂരി രാഗത്തിൽ 'ബ്രോവ ഭാരമാ'. നാളുകൾക്കു ശേഷമുള്ള നൃത്തചുവടുകളിൽ തളർന്നവൾ കട്ടിലിൽ പോയി കിടന്നു. അവളുടെ സെൽ ഫോണിൽ നമ്പർ സേവ് ചെയ്തു. രാജീവ് ചേട്ടൻ. വാട്സാപ്പിൽ തെളിഞ്ഞുവന്ന, നമ്പറിൽ അവൾ മെസ്സേജ് അയച്ചു, 'ഹായ്, താങ്ക്സ്'. ഒട്ടും താമസിയാതെ തിരിച്ചും 'ഹായ്, മറുപടി വന്നു.

'താങ്ക്സ്'

'എന്തിന്?' അതിനു അവൾ മറുപടിയായി പുഞ്ചിരിക്കുന്ന ഇമേജ് അയച്ചു. കാലുകളിൽ പുണർന്നു കിടന്ന ആ ചിലങ്കകളേ, അവൾ നോക്കി ചിരിച്ചു. അപ്പോഴും കാർമേഘങ്ങൾ ആകാശത്ത് ഇടവഴികളിൽ പ്രണയചുംബനങ്ങളിൽ അമർന്നിരുന്നു.

## കേരളാ എക്സ്പ്രസ് വാരാന്ത്യം

കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ് പ്രസ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കി വെയ്ക്കുന്നു.

കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.

രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർ മാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.

**രചനകൾ അയക്കേണ്ട വിലാസം:**

**news@keralaexpress.com**

# എന്നെ നായ കടിച്ച കഥ

ഓർമ്മക്കുറിപ്പ്



അനിൽ പെണ്ണുക്കര

കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago



പലപ്പോഴും കേരളം ചർച്ചചെയ്യുന്ന വിഷയം തെരുവു നായയുടെ കടിയും മറ്റുമാണല്ലോ. ചില സ്ഥലങ്ങളിലൊക്കെ രാത്രികാലങ്ങളിൽ ചെന്നിറങ്ങുമ്പോൾ നമ്മളെ സ്വീകരിക്കുക പത്തും ഇരുപതും നായകളാവും. അവിടുന്നൊക്കെ രക്ഷപെടുക എന്നത് ഭാഗ്യം കൊണ്ട് മാത്രം.

ചെറുപ്പം മുതലെ പട്ടിയും, പാമ്പും പേടിയാണ്. രണ്ടിനേയും കാണുമ്പോൾ മേലാസകലം ഒരു തരിപ്പാണ്. ഏത് പട്ടിയെ കണ്ടാലും അത് എന്നെ കടിക്കാൻ തയ്യാറെടുത്ത് നിൽക്കുകയാണെന്ന് തോന്നും.

'ഇങ്ങനെയൊരു പേടിത്തൊണ്ടൻ. പട്ടിയെ കണ്ടാൽ ഓടരുത്. ഓടിയാൽ കടിക്കും' അമ്മയുടെ നിർദ്ദേശം.

'അപ്പോൾ പാമ്പിനെ കണ്ടാലോ.'

'വട്ടത്തിൽ ഓടണം.'

പാമ്പിനെ കാണുമ്പോഴേ ജീവൻ പോകുന്ന ഞാൻ വട്ടത്തിൽ ഓടണമെന്ന്.

സ്കൂൾ പഠനകാലത്ത് നമ്മൾ ഭയക്കുന്ന ചില യാത്രാ സ്പോട്ടുകൾ ഉണ്ട്. പട്ടിയുള്ള വീടുകൾ. പട്ടികൾ വിഹരിക്കുന്ന ജംഗ്ഷനുകൾ ഒക്കെ. പട്ടിയുള്ള വീടിന്റെ അടുക്കൽ വരെ എത്തിയിട്ട് ഒറ്റ ഓട്ടം.

എന്റെ വീട്ടിൽ നിന്നും നൂറ് മീറ്റർ കഴിഞ്ഞാണ് കൊച്ചു വീട്ടിൽ സമുവേൽ സാറിന്റെ വീട്. ഭാര്യ നേഴ്സമ്മ. അവിടെ ഒരു പട്ടിയുണ്ടായിരുന്നു. ജിമ്മി.

അങ്ങനെയിരിക്കുമ്പോൾ അതിന് തോന്നിയാൽ ആരെയെങ്കിലും കടിക്കും. പുള്ളിക്ക് ആളുകളുടെ ചന്തിയാണ് പ്രിയം. കടിച്ചിട്ട് ഓടിക്കളയും. പിന്നെ നേഴ്സമ്മയ്ക്ക് പണിയാകും.

എനിക്ക് ഭയങ്കര പേടിയായിരുന്നു ജിമ്മിയെ. സാധാരണ ജിമ്മീസ് സ്പോട്ട് കടത്തിവിടും അമ്മ.

'എന്റെ കുഞ്ഞിനെ കടിച്ചാൽ നിന്നെ ശരിയാക്കും' എന്നൊക്കെ അമ്മ പറഞ്ഞാണ് ആ സ്പോട്ട് കടത്തി വിടുക. വൈകിട്ട് തിരികെ വരുമ്പോൾ റോഡിൽ തന്നെ കിടന്നുറങ്ങുകയാവും ജിമ്മി.

'സമുവേൽ സാറേ ഓടിവായോ. പട്ടിയെ പിടിക്കോ' എന്ന് ഞാൻ വിളിച്ചു കൂവും. നേഴ്സമ്മ വന്ന് ജീമ്മീടെ കഴുത്തിന് പിടിച്ചു നിൽക്കും. ഞാൻ പാസ് ചെയ്യും.

'ഇങ്ങനെ ഒരു പേടിത്തൊണ്ടൻ.'

നേഴ്സമ്മ ഇങ്ങനെ പറഞ്ഞു കൊണ്ടിരിക്കുമ്പോൾ ജിമ്മി കുതറി മാറി. ഞാൻ ഒരോട്ടം. പട്ടി എന്റെ പുറകെ. ഒറ്റ ചാട്ടം. ഒരു കടി. ഒരോട്ടം. എന്റെ ജീവൻ പോയി. ഞാൻ വീണു. നേഴ്സമ്മ എന്നെ പൊക്കിയെടുത്തു. എന്റെ കരച്ചിൽ കേട്ട് അമ്മയും മറ്റമ്മയും ഓടി വന്നു. ഒപ്പം അമ്മ തയ്യൽ പഠിപ്പിക്കുന്ന ചേച്ചിമാരും. വരുന്നവരെല്ലാം എന്റെ നിക്കർ മാറ്റി ചന്തിയിൽ പട്ടി കടിച്ചോ എന്ന് നോക്കാൻ തുടങ്ങി.

'നിക്കറിനാ കടിച്ചത്.'

നേഴ്സമ്മ

അമ്മയുടെ മുഖം കലങ്ങിയിരുന്നു.

അമ്മ വന്ന് സൂക്ഷ്മ പരിശോധന നടത്തി.

'മോനെ പട്ടി കടിച്ചോ. കരയാതെ കാര്യം പറ.'

'കടിച്ചു.'

'പാട് കാണുന്നില്ലല്ലോ'

നേഴ്സമ്മ

വിശദമായ പരിശോധനയ്ക്കിടയിൽ അമ്മ ഒരു ചെറിയ പാട് കണ്ടുപിടിച്ചു.

'പട്ടിയുടെ പല്ല് കൊണ്ടിട്ടുണ്ട്. ഇഞ്ചക്ഷൻ എടുക്കേണ്ടി വരും'

'പൊക്കിളിന് ചുറ്റും പന്ത്രണ്ടെണ്ണം'

തയ്യൽ പടിക്കാൻ വന്ന ശാന്തമ്മ ചേച്ചി പറഞ്ഞിട്ട് എന്നെ ഒരു നോട്ടം.

എന്റെ ജീവൻ പോയ നിമിഷം.

അപ്പോഴേക്കും നേഴ്സമ്മ കുറച്ച് മരുന്നുമായി വന്നു. ബെറ്റാഡിൻ, പഞ്ഞി, ഗുളിക അങ്ങനെ എന്തൊക്കെയോ.

ചന്തിയിൽ ബറ്റാഡിൻ പുരട്ടി.

'നീറ്റലുണ്ടോ'

'ചെറുതായി' ഞാൻ.

'അപ്പോൾ കടിച്ചു ഉറപ്പ്'

അമ്മ...

എന്റെ ഓമനെ സങ്കടപ്പെടാതെ. അവന് കുഴപ്പമൊന്നുമില്ല. അവൻ ഓടാൻ പോയതാ കാരണം. ചെറുതായി ജിമ്മി ഒന്ന് കമ്മി. പല്ല് ഒന്നു ഉരസി. വിഷമൊന്നുമില്ല. ആശുപത്രിയിൽ കൊണ്ടുപോകാം. ഓമന വിഷമിക്കേണ്ട.

'കുഴപ്പമില്ലെന്ന് തോന്നുന്നു.'

അമ്മ.

ശാന്തേച്ചിയും പരിവാരങ്ങളും പറഞ്ഞു. 'ജിമ്മി വളർത്തു പട്ടിയല്ലേ.. പേയൊന്നും കാണില്ല. തന്നെയുമല്ല. പല്ല് ഇറങ്ങിയ പാടൊന്നും അവന്റെ ചന്തിയിൽ ഇല്ലല്ലോ..'

'അമ്മാമ്മെ ഇനിയെങ്കിലും ജിമ്മിയെ പൂട്ടിയിടണം'

'പൂട്ടിയിട്ടാൽ പിന്നെ ഇവനെ അഴിച്ചു വിടാൻ പറ്റില്ല. പിന്നെ ഇവനെ പൂട്ടാനെ കിട്ടില്ല. അതുകൊണ്ടാ പൂട്ടാത്തത്'


ആ.. പഷ്ട്..

അപ്പോഴേക്കും സമുവേൽ സർ ജിമ്മിയെ പിടിച്ച് തുടലിട്ടു.

അപ്പോൾ അമ്മ.. ജിമ്മിയെ നോക്കി ഇങ്ങനെ പറഞ്ഞു.

'എടാ.. ജിമ്മി നിനക്ക് കടിക്കാനുള്ള തല്ല എന്റെ കൊച്ചിന്റെ ചന്തി.. കേട്ടോടാ.'

ശാന്തേച്ചിയും സംഘവും പൊട്ടി ച്ചിരിച്ചു. ഞാനും ചിരിച്ചുകൊണ്ട് നിമിഷ നേരം കൊണ്ട് പ്രശസ്തമായ എന്റെ ചന്തിയിലേക്ക് നോക്കി.



# നയൻതാര: ബീയോണ്ട് ദ ഫെയറി ടേൽ

തെന്നിന്ത്യൻ ചലച്ചിത്ര നടിയായ നയൻതാരയുടെ ജീവിതത്തെ അടിസ്ഥാനമാക്കി നിർമ്മിക്കുന്ന ഡോക്യു ഫിലിമിന്റെ നെറ്റ്ഫ്ലിക്സ് സ്ട്രീമിംഗ് നവംബർ പതിനെട്ടിന്. താരത്തിന്റെ പിറന്നാൾ ദിനമായതിനാലാണ് ഈ ദിവസം തിരഞ്ഞെടുത്തിരിക്കുന്നത്. 'നയൻതാര: ബീയോണ്ട് ദ ഫെയറി ടേൽ' എന്ന ഡോക്യു ഫിലിം സംവിധാനം ചെയ്തിരിക്കുന്നത് ഗൗതം വാസുദേവ് മേനോനാണ്. ഒരു മണിക്കൂർ 21 മിനിട്ടാണ് ഫിലിമിന്റെ ദൈർഘ്യം.

സത്യൻ അന്തിക്കാട് സംവിധാനം ചെയ്ത 'മനസ്സിനക്കരെ' എന്ന മലയാള ചിത്രത്തിലെ നായികയായാണ് നയൻതാര സിനിമയിലേക്ക് എത്തുന്നത്. അവിടെ നിന്ന് തമിഴിലേക്ക് ചുവടുവെച്ച താരം ലേഡി സൂപ്പർസ്റ്റാർ എന്ന നിലയിലേക്ക് വളരുകയായിരുന്നു. മലയാളത്തിൽ ജയറാമിന്റെ നായികയായി തുടങ്ങി, പിന്നീട് തമിഴ്, തെലുങ്ക്, ഹിന്ദി ചിത്രങ്ങളിലൂടെ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച നയൻതാരയുടെ ആവേശകരമായ ജീവിതമാണ് ആരാധകർക്കായി നെറ്റ്ഫ്ലിക്സ് ഒരുക്കുന്നത്.



വാൽക്കണ്ണാടി

# ഇലക്ടറൽ കോളജ് എന്ന മറിമായം

എന്ത്? അമേരിക്കയിൽ ഡെമോക്രസിയോ? ഇതെന്തു ജനാധിപത്യമാ? ഏറ്റവും കൂടുതൽ വോട്ട് നേടിയാലും നമ്മുടെ സ്ഥാനാർത്ഥി ജയിക്കില്ലെങ്കിൽ പിന്നെ എന്തിനു മെനക്കെടണം? തങ്ങളുടെ വോട്ടുകൾ പ്രശ്നമല്ലെന്ന് അറിയാമെങ്കിൽ ആളുകൾ എന്തിന് പ്രസിഡണ്ടിന് വോട്ട് ചെയ്യാൻ ബുദ്ധിമുട്ടണം? ഒരു പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുന്നതിൽ ഇലക്ടറൽ കോളജിൽ എല്ലാ വോട്ടർമാരും തുല്യരല്ല. ഇലക്ടറൽ കോളജ് എന്താണ് എന്നു ചോദിച്ചാൽ ആർക്കും വലിയ ഉത്തരമൊന്നും പറയാനാവുന്നില്ല. അത് ഒരു സംഭവമാണ്, ഒരു സംഗതിയാണ് എന്നൊക്കെ പറഞ്ഞു തടിയൂരുകയാണ് പതിവ്.

മറ്റ് യുഎസ് തെരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികൾ ജനകീയ വോട്ടിലൂടെ നേരിട്ട് തെരഞ്ഞെടുക്കപ്പെടുന്നു. എന്നാൽ, പ്രസിഡണ്ടിനെയും വൈസ് പ്രസിഡണ്ടിനെയും പൗരന്മാർ നേരിട്ട് തെരഞ്ഞെടുക്കുന്നില്ല. പകരം ഇലക്ടറൽ കോളജ് പ്രക്രിയയിലൂടെയാണ് അവരെ തെരഞ്ഞെടുക്കുന്നത്. ഇലക്ടറൽ കോളജ് ഒരു സ്ഥാപനമല്ല, ഇത് ഒരു പ്രക്രിയയാണ്.

വോട്ടർമാരുടെ തെരഞ്ഞെടുപ്പ് പ്രസിഡണ്ടിനും വൈസ് പ്രസിഡണ്ടിനും വോട്ട് ചെയ്ത ഇലക്ട്രേറ്റർമാരുടെ യോഗം, കോൺഗ്രസിന്റെ വോട്ടർമാരുടെ വോട്ടെണ്ണൽ, അങ്ങനെ പൗരന്മാരുടെ ജനകീയ വോട്ടും കോൺഗ്രസിലെ വോട്ടും തമ്മിലുള്ള ഒത്തുതീർപ്പാണ് ഈ പ്രക്രിയയിലുള്ളത്.


റിപ്പബ്ലിക്കൻ പാർട്ടിക്കാരനായ മുൻ വിസ്കോൺസിൻ ഗവർണർ സ്കോട്ട് വാക്കർ 2015-ൽ ഈ വ്യവസ്ഥിതി വ്യക്തമായി പറഞ്ഞു. "രാഷ്ട്രം മൊത്തത്തിൽ അടുത്ത പ്രസിഡണ്ടിനെ തെരഞ്ഞെടുക്കാൻ പോകുന്നില്ല. പന്ത്രണ്ട് സംസ്ഥാനങ്ങളാണ് ഇത് തീരുമാനിക്കുന്നത്." വോട്ടർമാരുടെ ഒരു ചെറിയകൂട്ടം അതിരുകടന്ന അധികാരം കൈവശപ്പെടുത്തുകയും അവരുടെ സംസ്ഥാനങ്ങൾ നേട്ടങ്ങൾ കൊയ്യുകയും ചെയ്യുന്നു. പ്രചാരണങ്ങളും രാഷ്ട്രീയവും യുദ്ധഭൂമിയിലെ സംസ്ഥാനങ്ങളിലെ വോട്ടർമാർക്ക് അനുകൂലമായി മാറുന്നു. തങ്ങളുടെ തെരഞ്ഞെടുപ്പിന് കാര്യമില്ലെന്ന് വോട്ടർമാർക്ക് തോന്നുന്ന 'കാഴ്ചക്കാരുടെ' സംസ്ഥാനങ്ങളിൽ പോളിങ് ശതമാനം നിരാശാജനകമാണ്. ('Becoming a Democracy' by Kristin Eberhard)

ഇലക്ടറൽ കോളജിൽ 538 ഇലക്ടർമാർ ഉൾപ്പെടുന്നു. പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ വിജയിക്കാൻ 270 ഇലക്ടറൽ വോട്ടുകൾ വേണ്ടിവരും. 2024-ലെ പ്രസിഡണ്ട് തെരഞ്ഞെടുപ്പ് ദിവസങ്ങൾക്കുള്ളിൽ അവസാനിക്കും. വൈസ് പ്രസിഡണ്ട് കമലാ ഹാരിസും മുൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപും ദേശീയ യുദ്ധഭൂമി സംസ്ഥാന തെര

**കോരസൺ**

ഞ്ഞെടുപ്പുകളിൽ കടുത്ത ചൂടിൽ തുടരുന്നു. ഇലക്ടറൽ കോളജിൽ ആരു വിജയിക്കുമെന്ന് എല്ലാ കണ്ണുകളും. ഇരുഭാഗത്തും വിജയസാധ്യതകൾ കൊണ്ടുള്ള ആഘോഷത്തിമിർപ്പിലാണ് കാര്യങ്ങൾ മറിയുന്നത്. ഈ അവസാന ലാപ്പിൽ എന്തൊക്കെയാണ് സംഭവിക്കുക എന്നു പ്രവചിക്കാനാവില്ല. പക്ഷേ, ചില കണക്കുകൂട്ടലുകൾ ഇല്ലാതെയുമില്ല. കൂടുതൽ വോട്ട് നേടിയതുകൊണ്ട് സ്ഥാനാർത്ഥി ജയിക്കണമെന്നില്ലെങ്കിൽ എന്ത് മാജിക് എന്നാണ് കാണേണ്ടത്.

ഈ സമ്പ്രദായത്തിനു കീഴിൽ, ഓരോ സംസ്ഥാനത്തിനും അതിന്റെ കോൺഗ്രസ് പ്രതിനിധി സംഘത്തിന്റെ വലുപ്പമനുസരിച്ച് നിർണ്ണയിക്കപ്പെടുന്ന നിരവധി ഇലക്ടറൽ വോട്ടുകൾ അനുവദിച്ചിരിക്കുന്നു. സെൻസസ് അടിസ്ഥാനമാക്കിയാണ് സംസ്ഥാനങ്ങൾക്കിടയിൽ ഇലക്ടറൽ വോട്ടുകൾ അനുവദിക്കുന്നത്. ഓരോ സംസ്ഥാനത്തിനും അതിന്റെ യുഎസ് കോൺഗ്രഷണൽ പ്രതിനിധി സംഘത്തിലെ സെനറ്റർമാരുടെയും പ്രതിനിധികളുടെയും എണ്ണത്തിന് തുല്യമായ നിരവധി വോട്ടുകൾ അനുവദിച്ചിരിക്കുന്നു-യുഎസ് സെനറ്റിലെ സെനറ്റർമാർക്ക് രണ്ട് വോട്ടുകളും അതിന്റെ കോൺഗ്രസ് ജില്ലകളുടെ എണ്ണത്തിന് തുല്യമായ നിരവധി വോട്ടുകളും. ഏറ്റവും കൂടുതൽ ഇലക്ടറൽ വോട്ടുകളുള്ള സംസ്ഥാനങ്ങളിൽ കാലിഫോർണിയ (54), ടെക്സാസ് (40) എന്നിവ ഉൾപ്പെടുന്നു. യുദ്ധഭൂമിയിലെ പെൻസിൽവേനിയ, വിസ്കോൺസിൻ, അരിസോണ, നൊവാഡ എന്നീ നാല് സംസ്ഥാനങ്ങളാണ് ഈ വർഷം പ്രസിഡണ്ട് സ്ഥാനം


ലേഖകൻ

നിർണ്ണയിക്കാൻ കഴിയുന്ന നാല് സംസ്ഥാനങ്ങൾ. അടുത്ത തെരഞ്ഞെടുപ്പിൽ ആരാണ് വിജയിക്കുകയെന്ന് നിർണ്ണയിക്കാൻ ദിവസങ്ങളോ അതിലധികമോ സമയമെടുത്തേക്കാം. മെയിൽ-ഇൻ വോട്ടുകൾ കണക്കാക്കുന്നതിനുള്ള മന്ദഗതിയിലുള്ള പ്രക്രിയകളും ആ ബാലറ്റുകളുടെ എണ്ണവുമാണ് ഒരു പ്രധാന കാരണം.

ഓരോ സ്റ്റേറ്റിലും പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിക്കുന്ന ഓരോ സ്ഥാനാർത്ഥിക്കും അവരുടേതായ ഇലക്ടർമാർ ഉണ്ട് (സ്റ്റേറ്റ് എന്നറിയപ്പെടുന്നത്). നിങ്ങളുടെ സംസ്ഥാനത്തെ സ്ഥാനാർത്ഥിയുടെ രാഷ്ട്രീയ പാർട്ടിയാണ് സ്റ്റേറ്റുകൾ സാധാരണയായി തെരഞ്ഞെടുക്കുന്നത്. എന്നാൽ, ഇലക്ടർമാരെ എങ്ങനെ തെരഞ്ഞെടുക്കുന്നു, അവരുടെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണ് എന്നതിൽ സംസ്ഥാന നിയമങ്ങൾ വ്യത്യാസപ്പെടുന്നു.

യുഎസ് ഭരണഘടനയിൽ ഇലക്ടർമാരുടെ യോഗ്യതയുമായി ബന്ധപ്പെട്ട വളരെ കുറച്ച് വ്യവസ്ഥകളേ ഉള്ളൂ. ഒരു സെനറ്റർ അല്ലെങ്കിൽ പ്രതിനിധി, അല്ലെങ്കിൽ യുണൈറ്റഡ് സ്റ്റേറ്റ്സിന് കീഴിൽ ട്രസ്റ്റ് അല്ലെങ്കിൽ ലാഭത്തിന്റെ ഓഫീസ് കൈവശമുള്ള വ്യക്തിയെ ഒരു ഇലക്ടറായി നിയമിക്കരുത്. അമേരിക്കക്കെതിരെ കലാപത്തിൽ ഏർപ്പെടുകയോ ശത്രുക്കൾക്ക് സഹായം നല്കുകയും ചെയ്യുന്ന സ്റ്റേറ്റ് ഉദ്യോഗസ്ഥർക്ക് ഇലക്ടറായി പ്രവർത്തിക്കുന്നതിൽ നിന്ന് അയോഗ്യരാക്കപ്പെടുന്നു. ഓരോ സംസ്ഥാനത്തിന്റെയും സാക്ഷ്യപത്രം അതിന്റെ നിയുക്ത വോട്ടർമാരുടെ പേരുകൾ സ്ഥിരീകരിക്കുന്നു. ഒരു സംസ്ഥാനത്തിന്റെ വോട്ടർമാരുടെ സർട്ടിഫിക്കേഷൻ പൊതുവെ ഇലക്ടറുടെ യോഗ്യതകൾ സ്ഥാപിക്കാൻ പര്യാപ്തമാണ്.

ഓരോ സംസ്ഥാനത്തിന്റെയും വോട്ടർമാരെ തെരഞ്ഞെടുക്കുന്നത് രണ്ട് ഭാഗങ്ങളുള്ള പ്രക്രിയയാണ്. ഒന്നാമതായി ഓരോ സംസ്ഥാനത്തെയും രാഷ്ട്രീയ പാർട്ടികൾ പൊതുതെരഞ്ഞെടുപ്പിന് മുമ്പ് എപ്പോഴെങ്കിലും സാധ്യതയുള്ള വോട്ടർമാരുടെ സ്റ്റേറ്റുകൾ തെരഞ്ഞെടുക്കുന്നു.

രണ്ടാമതായി പൊതുതെരഞ്ഞെടുപ്പ് വേളയിൽ ഓരോ സംസ്ഥാനത്തെയും വോട്ടർമാർ അവരുടെ സംസ്ഥാനത്തെ വോട്ടർമാരെ വോട്ട് രേഖപ്പെടുത്തി തെരഞ്ഞെടുക്കുന്നു. രാഷ്ട്രീയ പാർട്ടികൾ പലപ്പോഴും വ്യക്തികളെ തെരഞ്ഞെടുക്കുന്നത് ആ രാഷ്ട്രീയ പാർട്ടിയോടുള്ള അവരുടെ സേവനവും അർപ്പണബോധവും തിരിച്ചറിഞ്ഞാണ്. അവർ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരോ സംസ്ഥാന പാർട്ടി നേതാക്കളോ അവരുടെ പാർട്ടിയുടെ പ്രസിഡണ്ട് സ്ഥാനാർത്ഥിയുമായി വ്യക്തിപരമോ രാഷ്ട്രീയമോ ആയ ബന്ധമുള്ള സംസ്ഥാനത്തെ ആളുകളോ ആകാം.

ഈ പ്രക്രിയയുടെ രണ്ടാംഭാഗം പൊതുതെരഞ്ഞെടുപ്പ് സമയത്താണ് നടക്കുന്നത്. ഓരോ സംസ്ഥാനത്തെയും വോട്ടർമാർ തങ്ങൾക്കിഷ്ടമുള്ള പ്രസിഡണ്ട് സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യുമ്പോൾ അവർ തങ്ങളുടെ സംസ്ഥാനത്തെ ഇലക്ടറെ തെരഞ്ഞെടുക്കാൻ വോട്ട് ചെയ്യുന്നു. ആനുപാതികമായി വോട്ടർമാരുടെ വിതരണമുള്ള നെബ്രാസ്കയിലും മെയ്നിലും ഒഴികെ വിജയിക്കുന്ന പ്രസിഡണ്ട് സ്ഥാനാർത്ഥിയുടെ സാധ്യതയുള്ള ഇലക്ടർമാരുടെ സ്റ്റേറ്റിനെ സംസ്ഥാനത്തെ ഇലക്ടർമാരായി നിയമിക്കുന്നു. ഇലക്ട്രേറ്റർ രണ്ടുതവണ പ്രസിഡണ്ടിനായി വോട്ട് ചെയ്യുന്നില്ല.

(ശേഷം 30-ാം പേജിൽ)

# ഹെൽത്ത് ഫെയർ ശ്രദ്ധേയമായി

സ്റ്റാഫോർഡ്: ശ്രീനാരായണഗുരു മിഷനും ഗ്രേറ്റർ ഹൂസ്റ്റൺ മലയാളി അസോസിയേഷനും സംയുക്തമായി നടത്തിയ പത്താമത് ഹെൽത്ത് ഫെയർ ബഹുജന പങ്കാളിത്തംകൊണ്ട് വൻ വിജയമായി. മാഗിന്റെ ആസ്ഥാനമായ സ്റ്റാഫോർഡിലെ കേരളാ ഹൗസിൽ ഒക്ടോബർ 27-ന് ഞായറാഴ്ച രാവിലെ 9-ന് ആരംഭിച്ച് 3.30-ന് സമാപിച്ച സൗ



ജന്യ ഹെൽത്ത് ഫെയറിൽ നൂറുകണക്കിന് ആളുകൾ വിവിധ മെഡിക്കൽ സേവനങ്ങൾ പ്രയോജനപ്പെടുത്തി.

ഡോ. സുജിത് ചെറിയാൻ (പാൽമനോളജി), ഡോ. പൂർണിമ ഹ്യദ്യരാജ് (കാർഡിയോളജി), ഡോ. എലൈനാ സുജിത് (എൻഡോക്രിനോളജി), ഡോ. ലക്ഷ്മി ഗോപാലകൃഷ്ണൻ (ഇന്റേണൽ മെഡിസിൻ), ഡോ. എമ്മ അസാരെ (ഗൈനക്കോളജി), ഡോ.ധന്യാ വിജയകുമാർ (ന്യൂറോളജി), ഡോ. ബസന്ത് ആര്യാ (കാർഡിയോളജി), ഡോ. സുനന്ദാ മുരളി (സൈക്യാട്രി), ഡോ. അർച്ചനാ വർമ്മ (പീഡിയാട്രിക്), ഡോ. അരുൺ ആൻഡ്രൂസ് (സൈക്യാട്രി), ഡോ. സ്നേഹാ സേവ്യർ (ഡെന്റിസ്റ്റ്), ഡോ. നിഷാ സുന്ദരഗോപൻ (ഡെന്റിസ്റ്റ്), ഡോ. ലാരി പുത്തൻപറമ്പിൽ (ഒപ്താൽമോളജി), ഡോ. എസ്താ ഫെനിയ ഫെർണാണ്ടസ് (ഗൈനക്കോളജി) എന്നീ വിദഗ്ദ്ധ ഡോക്ടർമാർ സൗജന്യ പരിശോധനകൾ നടത്തുകയും വിവിധ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ക്ലാസുകൾ നടത്തുകയും ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നല്കുകയും ചെയ്തു. ഇതിൽ പങ്കെടുത്തവർക്ക് ആരോഗ്യപരമായ അവബോധമുണ്ടാക്കുന്നതിനും ആശങ്കകൾ അകറ്റുന്നതിനും ഇത് സഹായകമായി.


അനിതാ മധു, രേഷ്മാ വിനോദ്, ഷൈജി അശോകൻ, അനില സന്ദീപ് തുടങ്ങിയ കോ-ഓർഡിനേറ്റർമാരുടെ സംഘാടനമികവും എസ്എൻജിഎം, എംഎജിഎച്ച് കൂടാതെ യൂത്ത് വോളണ്ടിയർമാരും ഒന്നുചേർന്നു നടത്തിയ ഈ സൗജന്യ ചികിത്സാപരിപാടി ഇന്നേവരെ ഹൂസ്റ്റണിൽ നടന്നിട്ടുള്ളതിൽ വെച്ച് ഏറ്റവും മികച്ച ഹെൽത്ത് ഫെയർ ആയിരുന്നു.

**ശങ്കരൻകുട്ടി**

ഔദ്യോഗിക പരിപാടിയിൽ പങ്കെടുക്കാൻ വാഷിങ്ടൺ ഡിസിയിൽ എത്തിയ ആരോഗ്യമന്ത്രി വീണാ ജോർജിന്റെ അപ്രതീക്ഷിത സന്ദർശന സാന്നിദ്ധ്യം കേരളാ ഹൗസിലെ മെഡിക്കൽ ക്യാമ്പിന് മാറ്റുകൂട്ടി. മാഗ് സെക്രട്ടറി സുബിൻ കുമാരനും ട്രഷറർ ജോസ് കെ. ജോണിനുമൊപ്പം കേരളാ ഹൗസിലെത്തിയ വീണാ ജോർജിനോട് ഹെൽത്ത് ഫെയറിനെക്കുറിച്ചും അതിലൂടെ ജനങ്ങൾക്കു നല്കുന്ന സേവനങ്ങളെപ്പറ്റിയും കോ-ഓർഡിനേറ്റർ രേഷ്മാ വിനോദ് വിശദീകരിക്കുകയും ഡോക്ടർമാരെയും വോളണ്ടിയർമാരെയും പരിചയപ്പെടുത്തുകയും ചെയ്തു.

സൗജന്യമായി ഫ്ളൂ വാക്സിൻ നല്കിയ മെഡിസിറ്റി ഫാർമ ഉടമ തരുൺ ഫിലിപ്പ്, സിപിആർ ട്രെയിനിങ് നല്കിയ ജെസി വിക്ടറി ഉടമ ജെസ്സി സിസിലിനും എൻപിമാരായ അമൃത സുജിത്ത്, റിൻസി ജോസി, കോ-ഓർഡിനേറ്റർമാരായ അനിത മധു, അനില സന്ദീപ്, ഷൈജി അശോകൻ എന്നിവർക്കുമുള്ള സർട്ടിഫിക്കറ്റുകൾ എംഎജിഎച്ച് പ്രസിഡണ്ട് മാത്യു മുണ്ടക്കനും എസ്എൻജിഎം പ്രസിഡണ്ട് അനിയൻ തയ്യിലും ഫോർട്ട് ബെന്റ് കൗണ്ടി ജഡ്ജ് സുരേന്ദ്രൻ പട്ടേലും എംഎജിഎച്ച് പ്രസിഡണ്ട് സുബിൻ കുമാരനും, മുൻപ്രസിഡണ്ട് വിനോദ് വാസുദേവനും ചേർന്ന് നല്കി ആദരിക്കുകയുണ്ടായി. സുരേഷ് രാമകൃഷ്ണൻ അപ്നാ ബസാർ, ട്രാൻസ് കെയർ ഹോം ഹെൽത്ത് കെയർ, ജെസി വിക്ടറി, ഡോ. സോണിയ ഈപ്പൻ എന്നിവർ ഈ പരിപാടിയുടെ സ്പോൺസർമാരായിരുന്നു.

KERALA EXPRESS പ്രവാസി താളുകൾ







# വിശ്വാസപോരാട്ടങ്ങളുടെ നായകൻ

എറണാകുളം പുത്തൻകുരിശ് വടയമ്പാടി ചെറുവിള്ളിൽ മത്തായിയുടെയും കുഞ്ഞാമ്മയുടെയും എട്ട് മക്കളിൽ ആറാമൻ. 1929 ജൂലൈ 22-നു ജനനം. അപസ്മാരരോഗം മൂലം പ്രാഥമിക ഘട്ടത്തിൽത്തന്നെ സ്കൂൾ പഠനം അവസാനിച്ചു. നാലാം ക്ലാസ് തോറ്റ് വീട്ടിൽ ആടിനെ നോക്കിക്കഴിയുന്ന കാലത്ത് തപാൽ ഓഫീസിൽ ജോലിക്കു കയറി. പുത്തൻകുരിശിൽനിന്നു തൃപ്പൂണിത്തുറയിലേക്കു തപാൽകെട്ട് എത്തിക്കുന്ന അഞ്ചലോട്ടക്കാരനായി. മുതിർന്നവർക്ക് 90 രൂപ മാസശമ്പളമുള്ളപ്പോൾ ബാലനായ കുഞ്ഞൂഞ്ഞിന് 16 രൂപ മാത്രം. രാവിലെ തൃപ്പൂണിത്തുറയ്ക്കു മെയിൽ ബാഗുമായി ഓടണം. വൈകിട്ടു തിരിച്ചും. ഇതിനിടയിൽ പോസ്റ്റ്മാസ്റ്റർ പറയുന്ന ഏതു ജോലിയും ചെയ്യും. ബാല്യത്തിലെ സുവിശേഷവേല തോമസിന്റെ മനസിലുണ്ടായിരുന്നു. 1952-ൽ കോറുയോ പട്ടം ലഭിച്ചു.



1958 സെപ്റ്റംബർ 21-ന് മഞ്ഞനിക്കര ദയറയിൽവെച്ചു വൈദികപട്ടമേറ്റു. ചെറുവിള്ളി കുടുംബത്തിലെ 43-ാമത്തെ വൈദികൻ. പുത്തൻകുരിശ്, കീഴ്മുറി, വെള്ളത്തൂവൽ, മലമ്പുഴ, തൃശൂർ, ഫോർട്ട് കൊച്ചി, കൊൽക്കത്ത പള്ളികളിൽ വികാരിയായി. നാലു പള്ളികളിൽ ഒരേ സമയം സേവനം ചെയ്തു. പല പള്ളികളും പുതുക്കിപ്പണിയാനുള്ള നിയോഗമുണ്ടായി.

ഇടവക ഭരണത്തെക്കാൾ സുവിശേഷ പ്രസംഗമായിരുന്നു ഫാ. തോമസിന് ഇഷ്ടം. പള്ളിപ്പെരുന്നാളുകളിലും സുവിശേഷയോഗങ്ങളിലും ഫാ. തോമസിന്റെ പേര് മലങ്കരയിലെങ്ങും നിറഞ്ഞുനിന്നു.


സൗമ്യം, തീക്ഷ്ണം, കർമനിരതം... യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവയുടെ ജീവിതത്തെ ചുരുങ്ങിയ വാക്കുകളിൽ ഇങ്ങനെ കുറിക്കാം. സഭയുടെ ശ്രേഷ്ഠാചാര്യനെന്ന വലിയ നിയോഗം, ദൈവാശ്രയവും അനുഭവസമ്പത്തും കർമോത്സുകതയുംകൊണ്ടു സ്വന്തമാക്കിയ പൊതുസ്വീകാര്യതയും കൈമുതലാക്കി തീക്ഷ്ണതയോടെ നിർവഹിക്കുമ്പോഴും വാക്കിലും പ്രവൃത്തിയിലും സൗമ്യത കാത്തുസൂക്ഷിച്ചൊരു വലിയ ഇടയനാണ് വിട പറഞ്ഞകലുന്നത്.

യാക്കോബായ സഭയ്ക്കു സംഘടിതമായ സ്വഭാവം കെട്ടിപ്പടുത്ത് പൊതുസമൂഹത്തിൽ അഭിമാനത്തോടെ മുന്നോട്ടുനീങ്ങാൻ വിയർപ്പൊഴുക്കിയ ആചാര്യനെന്ന നിലയിൽ വിശ്വാസിസമൂഹം ബസേലിയോസ് തോമസ് പ്രഥമൻ ബാവയെ യുഗപുരുഷനെന്നും വിളിക്കും. മഹത്തായ ചരിത്രത്തിലും മഹിത പൈതൃകത്തിലും വേരൂന്നിയ സഭയെ ഇന്നു കാണുന്ന വളർച്ചയുടെ ആകാശങ്ങളിലേക്കു കൈപിടിച്ചുയർത്തിയ ബാവയുടെ വിയോഗം യാക്കോബായ സമൂഹത്തെ തെല്ലൊന്നുമല്ല സങ്കടപ്പെടുത്തുക. അക്ഷരാർഥത്തിൽ സഭയ്ക്കു പുതിയ കാലത്ത് അനിവാര്യമായ ഊർജം പകർന്ന തങ്ങളുടെ വലിയ കാരണവരെയാണു നഷ്ടമായത്.

30 വർഷം മുമ്പ് പത്തിൽ താഴെ മെത്രാപ്പോലീത്തമാരും പുരോഹിതരും മാത്രമുണ്ടായിരുന്ന സഭയെ ദീർഘവീക്ഷണത്തോടെ നയിക്കാനുള്ള നിയോഗമായിരുന്നു ബാവ ഏറ്റെടുത്തത്. ഇന്നു മുപ്പതിലേറെ മെത്രാപ്പോലീത്തമാർ, സഭയ്ക്ക് അഭിമാനിക്കാവുന്ന തലയെടുപ്പുള്ള ആസ്ഥാനമന്ദിരം, ആയിരക്കണക്കിനു പള്ളികൾ, മികച്ച വിദ്യാലയങ്ങൾ, സെമിനാരി, വിവിധ മേഖലകളിലെ ശുശ്രൂഷകൾക്കായി അനേകം സഭാസ്ഥാപനങ്ങൾ... സഭാവളർച്ചയുടെ പടവുകളിൽ ബാവയുടെ കൈയൊപ്പുകൾ ഇനിയുമുണ്ട്...

സഭാശുശ്രൂഷകളിൽ ആഭിമുഖ്യം തോന്നിയ ആ നല്ല ജീവിതത്തിൽ പിന്നീട് യാക്കോബായ സഭ ദർശിച്ചത് തീക്ഷ്ണതയുള്ള വൈദികവിദ്യാർഥിയുടെ, കഠിനാധ്വാനിയായ വൈദികന്റെ, ചൈതന്യമുള്ള മിഷണറിയുടെ, ദീർഘദർശിയായ ആത്മീയാചാര്യന്റെയെല്ലാം സ്നേഹശുശ്രൂഷകളുടെ മഹിതമായ അധ്യായങ്ങൾ.

സഭയുടെ ആചാര്യനെന്ന നിലയിലുള്ള സേവനകാലം പോരാട്ടങ്ങളുടേതുകൂടിയായിരുന്നു. സഭയുടെ അവകാശങ്ങൾക്കും നീതി ലഭിക്കുന്നതിനുമായി നടത്തിയ നിയമ, സമര പോരാട്ടങ്ങൾ. എത്രയോ വട്ടം അറസ്റ്റ് വരിച്ചു. സമരമുഖങ്ങളിലെ പതറാത്ത നേതൃത്വം - ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ ബാവായെക്കുറിച്ചു വിശ്വാസികളുടെ ഓർമകളിൽ നിറച്ചുവെക്കുന്ന ചിത്രം ഇതായിരിക്കും.



ആലുവ തൃക്കുന്നത്തുപള്ളിയിലും പഴന്തോട്ടം പള്ളിയിലും കോലഞ്ചേരി പള്ളിയിലും ശ്രേഷ്ഠ ബാവാ നടത്തിയ സമരങ്ങൾ സംഭവബഹുലമാണ്. 44 ദിവസത്തെ നിരാഹാരം, ജയിൽ വാസം, സത്യഗ്രഹം, ലാത്തിച്ചാർജ് - ഒരു ബിഷപ്പിന്റെ ജീവിതത്തിൽ സാധാരണമല്ലാത്ത കാര്യങ്ങൾ അദ്ദേഹം നേരിട്ടു കോലഞ്ചേരി പള്ളി പ്രശ്നത്തിൽ ഒട്ടേറെത്തവണ ശ്രേഷ്ഠ ബാവാ ഉപവാസസമരം നടത്തി. പാമ്പാക്കുട, മാമലശേരി, കണ്യാട്ടുനിരപ്പ്, കടമറ്റം തുടങ്ങി ഒട്ടേറെ സ്ഥലങ്ങളിൽ അദ്ദേഹം പ്രതിരോധ സമരങ്ങളുടെ നേതൃനിരയിലായിരുന്നു.



സഭയ്ക്കുവേണ്ടിയുള്ള പോരാട്ടത്തിന്റെ പേരിൽ നൂറുകണക്കിന് കേസുകളിൽ പ്രതിചേർക്കപ്പെട്ടപ്പോഴും പീഡിപ്പിക്കപ്പെട്ടപ്പോഴും തളരാത്ത പോരാട്ടവീര്യത്തിന്റെ നേതൃസാക്ഷ്യമായിരുന്നു ബാവ.

നിയമസംവിധാനങ്ങളും സർക്കാരുകളും പലപ്പോഴും എതിരെന്നു തോന്നിയപ്പോഴും, സഭയും വിശ്വാസികളും ഉറച്ചുനിന്നത്, ബാവയുടെ വിശ്വാസ തീക്ഷ്ണതയിൽ അടിയുറച്ച അതുല്യമായ പോരാട്ടവീര്യത്തിന്റെ ഊർജത്തിലായിരുന്നു.

പുത്തൻകുരിശിലും കേരളമാകെയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും യാക്കോബായ സഭാവിശ്വാസികൾ ഒക്ടോബർ 31-ന് സായാഹ്നങ്ങളിൽ ഉള്ളിൽ ചൊല്ലിയ ജപങ്ങളിൽ ഇതുമുണ്ടായിരുന്നു:

"ഞങ്ങളെ ഞങ്ങളാക്കിയ ഞങ്ങളുടെ പരിശുദ്ധ ബാവ മരിക്കുന്നില്ല, എന്നും ജീവിക്കും..."




# മാനസിക ക്ലേശങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കുന്നതിൽ സാമൂഹികത വഹിക്കുന്ന പങ്ക്

ഫിലിപ്പ് മാരേട്ട്

മാനസിക ക്ലേശങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കുന്നതിൽ സാമൂഹിക പിന്തുണ വഹിക്കുന്ന പങ്കുകൾ നിരവധിയാണ്. എന്നാൽ, നമ്മുടെ സാമൂഹിക പിന്തുണ, സമ്മർദ്ദം, മാനസികാരോഗ്യം എന്നിവ തമ്മിലുള്ള സങ്കീർണ്ണമായ പരസ്പര ബന്ധത്തെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു. അതുപോലെ നിങ്ങളുടെ സുഹൃത്തുക്കളുമായും കുടുംബാംഗങ്ങളുമായുള്ള ബന്ധങ്ങൾ മാനസികാവസ്ഥയെ ശക്തിപ്പെടുത്താനും കാഴ്ചപ്പാട് മെച്ചപ്പെടുത്താനും മാനസിക ക്ഷേമം സംരക്ഷിക്കാനും കഴിയുന്നു. കൂടാതെ സാമൂഹിക പിന്തുണ മെച്ചപ്പെട്ട മാനസികാരോഗ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഉയർന്ന സാമൂഹിക പിന്തുണയുള്ള ആളുകൾ സമ്മർദ്ദപൂരിതമായ സാഹചര്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ അവർ കൂടുതൽ പ്രതിരോധശേഷിയുള്ളവരാണെന്ന് കാണുന്നു.

എന്നാൽ, ആധുനിക സമൂഹത്തിൽ നല്ല മനോഭാവവും നല്ല മാനസികാരോഗ്യവും ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇന്ന് ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളെ ദിവസവും ബാധിക്കുന്ന വിഷാദവും ഉത്കണ്ഠയും വളരെ യഥാർത്ഥമാണ്. ഇത് മോശം മാനസികാരോഗ്യത്തിന് സാധ്യത കൂടുന്നു. അതുകൊണ്ട് നല്ല മാനസികാരോഗ്യം നിലനിർത്തുന്നതിനുള്ള സാധ്യമായ പരിഹാരം സാമൂഹിക കഴിവുകൾ വികസിപ്പിക്കുക എന്നതാണ്.

എന്താണ് സാമൂഹിക കഴിവുകൾ, അവ എന്ത് പങ്കാണ് വഹിക്കുന്നത്? ആംഗ്യങ്ങളിലൂടെയും ശരീരഭാഷയിലൂടെയും നമ്മുടെ വ്യക്തിഗത രൂപത്തിലൂടെയും വാക്കാലുള്ളതും അല്ലാതെയും പരസ്പരം ആശയവിനിമയം നടത്താനും ഇടപഴകാനും ഉപയോഗിക്കുന്ന കഴിവുകളാണ് സാമൂഹിക കഴിവുകൾ. ഇത്തരം സാമൂഹിക കഴിവുകൾ മികച്ച ബന്ധങ്ങൾ കെട്ടിപ്പടുക്കാൻ സഹായിക്കുന്നു. ഇത് ദീർഘകാലാടിസ്ഥാനത്തിൽ സമ്മർദ്ദം കുറയ്ക്കാനും ആത്മാഭിമാനം വർദ്ധിപ്പിക്കാനും സഹായിക്കുന്നു. കൂടാതെ കൂടുതൽ ആളുകളുമായി സംസാരിക്കുന്നതും ആശയവിനിമയം നടത്തുന്നതും ആത്യന്തികമായി സ്വയം ഒറ്റപ്പെടുത്തുന്നതിനോ കൂടുതൽ ആളുകളുമായി സംസാരിക്കാത്തതിനോ പകരം മെച്ചപ്പെട്ട മാനസികാരോഗ്യത്തിലേക്ക് നമ്മെ നയിക്കുന്നു. എന്നാൽ, ആളുകളോട് സംസാരിക്കാൻ കഴിയാത്തത് അല്ലെങ്കിൽ സാമൂഹിക കഴിവുകളുടെ അഭാവം മാനസികവും ശാരീരികവുമായ ആരോഗ്യത്തിന് അപകടസാദ്ധ്യത വർദ്ധിപ്പിക്കുന്നു. വാസ്തവത്തിൽ മോശം സാമൂഹിക കഴിവുകളുള്ള ആളുകൾ പലപ്പോഴും സമ്മർദ്ദവും ഏകാന്തതയും അനുഭവിക്കുന്നു. ഇത്തരം വർദ്ധിച്ചുവരുന്ന ഏകാന്തതയും സമ്മർദ്ദവും മനുഷ്യരെ മാനസിക വിഭ്രാന്തി ഉള്ളവരാക്കി മാറ്റുന്നു. എന്നിരുന്നാലും മോശം സാമൂഹിക കഴിവുകൾ സമ്മർദ്ദം, ഏകാന്തത എന്നിവ പൊതുവെ ആരോഗ്യത്തിന് ഹാനികരമാണ്.

സാമൂഹിക പിന്തുണ മെച്ചപ്പെട്ട മാനസികാരോഗ്യവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? സാമൂഹിക പിന്തുണ മാനസികാരോഗ്യ ഫലങ്ങളിൽ പരോക്ഷമായ സ്വാധീനം ചെലുത്തുമെന്ന് വ്യക്തമാക്കുന്നു. അതിനാൽ ഒരു വിശ്വസനീയമായ പിന്തുണാശൃംഖല ഉണ്ടായിരിക്കുന്നത് വ്യക്തികൾ സമ്മർദ്ദ പൂരിതമായ സംഭവങ്ങളെ എങ്ങനെ കാണുന്നു എന്നതിനെ ഗണ്യമായി രൂപപ്പെടുത്തും. വൈകാരിക പിന്തുണ, പ്രായോഗിക സഹായം, വിവര മാർഗ്ഗനിർദ്ദേശം, കൂട്ടുകെട്ട് എന്നിവയുൾപ്പെടെ സാമൂഹിക പിന്തുണയ്ക്ക് വിവിധ രൂപങ്ങൾ എടുക്കാം. ഈ തരത്തിലുള്ള പിന്തുണയിലേക്ക് വ്യക്തികൾക്ക് ആക്സസ് ലഭിക്കുമ്പോൾ സമ്മർദ്ദം കുറഞ്ഞതായി കാണാനുള്ള സാധ്യത കൂടുതലാണ്. സാരാംശത്തിൽ പിരിമുറുക്കത്തിന്റെ വിലയിരുത്തൽ സംഭവത്തിന്റെ വസ്തുനിഷ്ഠ സ്വഭാവത്തെ മാത്രമല്ല, സാമൂഹിക പിന്തുണ ഉൾപ്പെടെയുള്ള ലഭ്യമായ വിഭവങ്ങളുടെയും വ്യക്തിയുടെ ആത്മനിഷ്ഠമായ വിലയിരുത്തലിനെയും ആശ്രയിച്ചിരിക്കുന്നു. എന്നാൽ, ശക്തമായ പിന്തുണാ സംവിധാനത്തിന് ചില സംഭവങ്ങളെ ഭയാനകമല്ലാത്തതായി കാണാനും അതുവഴി മാനസികാരോഗ്യ ഫലങ്ങളെ ഗുണപരമായി ബാധിക്കാനും നെഗറ്റീവ് മാനസിക പ്രത്യാഘാതങ്ങളുടെ സാധ്യത കുറയ്ക്കുവാനും കഴിയും.


ലേഖകൻ

എന്താണ് മാനസികാരോഗ്യം. പോസിറ്റീവ് വീക്ഷണം ഉണ്ടായിരിക്കേണ്ടത് പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട്? മാനസികാരോഗ്യത്തിന്റെ നിർവചനം 'ഒരു വ്യക്തിക്ക് തന്റെ സ്വന്തം കഴിവുകൾ തിരിച്ചറിയാൻ കഴിയുന്ന ഒരു ക്ഷേമാവസ്ഥയാണ്.' സാധാരണ ജീവിതസമ്മർദ്ദങ്ങളെ നേരിടാനും ഉല്പാദനപരമായും ഫലപ്രദമായും പ്രവർത്തിക്കാനും അവന്റെ അല്ലെങ്കിൽ അവളുടെ സമൂഹത്തിന് ഒരു സംഭാവന നല്കാനും കഴിയും. ഇത് നല്ല മാനസികാരോഗ്യം വൈകാരികവും മാനസികവും സാമൂഹികവുമായ ക്ഷേമത്തെ സൂചിപ്പിക്കുന്നു. വിവിധ മേഖലകളിൽ മാനസികാരോഗ്യം നിർണായകമാണ്. കാരണം, ഇത് സമ്മർദ്ദത്തെ നമ്മൾ എങ്ങനെ കൈകാര്യം ചെയ്യുന്നു, ചിന്തിക്കുന്നു, പ്രവർത്തിക്കുന്നു അല്ലെങ്കിൽ അനുഭവിക്കുന്നു എന്നതിനെ ബാധിക്കുന്നു. എന്നാൽ, മോശം മാനസികാരോഗ്യം വിഷാദത്തിലേക്ക് നയിച്ചേക്കാം. അത് ആത്മഹത്യയിലോ മയക്കുമരുന്ന് ദുരുപയോഗത്തിലോ വരെ കലാശിച്ചേക്കാം. ഇത് നമ്മുടെ സാമൂഹിക കഴിവുകൾ തടയുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. എന്നാൽ, മെച്ചപ്പെട്ട മാനസികാരോഗ്യം നിങ്ങളുടെ മാനസികാവസ്ഥ ലഘൂകരിക്കുകയും നിങ്ങൾക്ക് സന്തോഷം നല്കുകയും ചെയ്യുന്നു.

മാനസിക ക്ലേശം അല്ലെങ്കിൽ മാനസിക പിരിമുറുക്കം എന്നത് ഒരു വ്യക്തിയുടെ ആന്തരിക ജീവിതത്തിന്റെ ലക്ഷണങ്ങളും അനുഭവങ്ങളും ഉൾക്കൊള്ളുന്നു. അതായത് മാനസികാവസ്ഥകളിൽ കോപം നിയന്ത്രിക്കുന്നതിലെ ബുദ്ധിമുട്ട്, സാമൂഹിക സ്വഭാവത്തിലെ കാര്യമായ മാറ്റം, ലൈംഗികാഭിലാഷം കുറയൽ എന്നിവ ഉൾപ്പെടുന്നു. ദൈനംദിന പ്രശ്നങ്ങളിലെ സമ്മർദ്ദം മൂലമാണ് ചെറിയ മാനസിക ക്ലേശങ്ങൾ ഉണ്ടാകുന്നതെങ്കിലും മാനസിക പിരിമുറുക്കത്തിന്റെ ലക്ഷണങ്ങളിൽ ശാരീരികവും മാനസികവുമായ നിരവധി അവസ്ഥകൾ ഉൾപ്പെടുന്നു. പ്രധാനമായും നിങ്ങളുടെ മനസ്സും ശരീരവും നിങ്ങളുടെ ജീവിതത്തിലെ വെല്ലുവിളികളോടും മാറ്റങ്ങളോടും സമ്മർദ്ദങ്ങളോടും പ്രതികരിക്കുമ്പോൾ ഉണ്ടാകുന്ന സ്വാഭാവിക പ്രതികരണമാണ് സമ്മർദ്ദം. മാനസിക പിരിമുറുക്കം അല്ലെങ്കിൽ ഉത്കണ്ഠ എന്നിവയാണ് ഇതിന്റെ പ്രധാന സവിശേഷത. പ്രത്യേകിച്ചും പൊതുവായ സാമൂഹികത, പിരിമുറുക്കങ്ങൾ പരിഹരിക്കാനും സംഘർഷം നിയന്ത്രിക്കാനുമുള്ള കഴിവ്, അധികാരത്തോടുള്ള നമ്മുടെ മനോഭാവം, ശാരീരിക ലക്ഷണങ്ങളിൽ ഉറക്ക അസ്വസ്ഥത, വിശപ്പില്ലായ്മ, തലവേദന, വിട്ടുമാറാത്ത വേദന, ക്ഷീണം എന്നിവയെല്ലാം ഉൾപ്പെടുന്നു.

സാമൂഹികവൽക്കരണം മാനസികാരോഗ്യത്തെ എങ്ങനെ സഹായിക്കുന്നു? ഏകാന്തത, ഒറ്റപ്പെടൽ, ഉത്കണ്ഠ എന്നിവയുടെ വികാരങ്ങൾ കുറയ്ക്കുന്നതിലൂടെ സാമൂഹികവൽക്കരണം വിഷാദരോഗത്തിന്റെ ലക്ഷണങ്ങൾ കുറയ്ക്കും. കഠിനമായ വ്യായാമത്തിനു ശേഷമുള്ള ശാരീരിക പ്രതികരണത്തിന് സമാനമായി പോസിറ്റീവ് സാമൂഹിക സമ്പർക്ക സമയത്ത് നിങ്ങളുടെ ശരീരം എൻഡോർഫിനുകൾ പുറപ്പെടുവിക്കുന്നു. ഇത് സമ്മർദ്ദം കുറയ്ക്കുമ്പോൾ സന്തോഷത്തിന്റെ ഉത്തേജനം നല്കുന്നു. അതുപോലെ സാമൂഹിക വൽക്കരണത്തിന് ചില പ്രാഥമിക ലക്ഷ്യങ്ങളുണ്ട്. അതായത് മനസ്സാക്ഷി വികസിപ്പിക്കുക, ചില സാമൂഹിക വേഷങ്ങൾ ചെയ്യാൻ ആളുകളെ സജ്ജമാക്കുക, പ്രേരണകൊണ്ട് നിയന്ത്രണം പഠിപ്പിക്കുക, അർത്ഥത്തിന്റെയും മൂല്യത്തിന്റെയും പങ്കിട്ട ഉറവിടങ്ങൾ വളർത്തുക മുതലായവയാണ്. എന്നാൽ, സാമൂഹികവൽക്കരണം സാംസ്കാരികമായി നിർദ്ദിഷ്ടമാണ്. കൂടാതെ സാമൂഹികവൽക്കരണത്തിന്റെ പ്രവർത്തനം മാനസികമായി സമ്മർദ്ദത്തിന്റെ തോത് നിലനിർത്തുന്നു. അതിനാൽ മാനസിക ക്ലേശങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കുന്നതിലും ആളുകളെ സംരക്ഷിക്കുന്നതിലും സാമൂഹികവൽക്കരണം മികച്ച പങ്കു വഹിക്കുന്നു.

സാമൂഹികവൽക്കരണത്തിന്റെ നല്ല ഫലങ്ങൾ എന്തൊക്കെയാണ്? മെച്ചപ്പെട്ട മാനസികാരോഗ്യം നിങ്ങളുടെ മാനസികാവസ്ഥ ലഘൂകരിക്കുകയും നിങ്ങൾക്ക് സന്തോഷം നല്കുകയും ചെയ്യും. (ശേഷം 23-ാം പേജിൽ)

# പാസഡീന മലയാളി അസോസിയേഷൻ വാർഷികാഘോഷം വർണശബളമായി

എ.സി. ജോർജ്

ഹൂസ്റ്റൺ: പാസഡീന മലയാളി അസോസിയേഷൻ 2024 വാർഷികാഘോഷം ഒക്ടോബർ 26-ന് ശനിയാഴ്ച അതിമനോഹരവും വർണശബളവുമായി ട്രിനിറ്റി മാർത്തോമ്മാ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. ബബിത റിച്ചാർഡ് ആലപിച്ച പ്രാർത്ഥനാഗാനത്തോടെ ആഘോഷപരിപാടികൾക്ക് തുടക്കം കുറിച്ചു.




ജഡ്ജ് സുരേന്ദ്രൻ പട്ടേൽ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. ട്രഷറർ ജോൺ ജോസഫ് സ്വാഗതം ആശംസിച്ചു. തുടർന്ന് പ്രസിഡണ്ട് തോമസ് ഉമ്മൻ അദ്ധ്യക്ഷപ്രസംഗം നടത്തി. അസോസിയേഷൻ നടത്തിയ ചാരിറ്റി അടക്കമുള്ള എല്ലാ കാര്യങ്ങളിലും സഹകരിക്കുകയും സഹായിക്കുകയും ചെയ്തവർക്ക് അദ്ദേഹം പ്രത്യേകം നന്ദി പറഞ്ഞു. സെക്രട്ടറി റിച്ചാർഡ് സ്കറിയ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

പിക്നിക്കിനോടനുബന്ധിച്ച് നടത്തിയ കായിക പരിപാടികളിൽ വിജയിച്ചവർക്കുള്ള സമ്മാനം മുഖ്യാതിഥി ജഡ്ജ് സുരേന്ദ്രൻ പട്ടേൽ വിതരണം ചെയ്തു. പ്രോഗ്രാം കോ-ഓർഡിനേറ്ററും അസോസിയേഷൻ ആസ്ഥാന കലാകാരൻ എന്നറിയപ്പെടുന്ന ജോമോൻ ജേക്കബ് ആണ് കലാപരിപാടികൾക്ക് നേതൃത്വം കൊടുത്തത്. ഡാൻസ്, പാട്ട്, കവിത, സ്കിറ്റ്, മാജിക് തുടങ്ങി വ്യത്യസ്തങ്ങളായ കലാപരിപാടികൾ എല്ലാവരെയും വളരെയധികം സന്തോഷിപ്പിച്ചു. വളരെ പ്രശസ്തമായ 'റസ്പൂട്ടിൻ' എന്ന ഗാനാവതരണം ശ്രോതാക്കളെ ആവേശംകൊള്ളിക്കുന്ന ഒരു മ്യൂസിക്കൽ പ്രോഗ്രാമായിരുന്നു.


പരിപാടിയുടെ അവസാനം റാഫിൾ ഡ്രോ നടത്തുകയും ആകർഷക സമ്മാനങ്ങൾ നല്കുകയും ചെയ്തു. ഹെൻറി അബാക്കസ്, ജോഷി വർഗീസ് എന്നിവരാണ് സമ്മാനങ്ങൾ സ്പോൺസർ ചെയ്തത്. രുചികരമായ ഡിന്നറോടെ ആഘോഷപരിപാടികൾ സമാപിച്ചു. ഈ വാർഷികാഘോഷ വിജയത്തിനായി പ്രസിഡണ്ട് തോമസ് ഉമ്മൻ നേതൃത്വം നല്കുന്ന ഈ വർഷത്തെ കമ്മിറ്റിയിൽ സെക്രട്ടറി റിച്ചാർഡ് സ്കറിയ, ട്രഷറർ ജോൺ ജോസഫ്, കമ്മിറ്റി അംഗങ്ങളായ ജോമി ജോം, റോബിൻ ഫെറി, ഫെലിക്സ് കാരിക്കൽ, ആന്തണി റസ്റ്റം, പോൾ യോഹന്നാൻ, സലീം അറക്കൽ, രാജൻ ജോൺ, സുജ രാജൻ, ജോമോൻ ജേക്കബ് എന്നിവർ പ്രവർത്തിച്ചു.

# ഇന്ത്യയിൽ മതന്യൂനപക്ഷങ്ങൾ നേരിടുന്ന പീഡനത്തിൽ ആശങ്ക പ്രകടിപ്പിച്ച് ക്രിസ്ത്യൻ സമ്മേളനം

ജോർജ് തുമ്പയിൽ




ചിക്കാഗോ: യുഎസിലെ 30 ദശലക്ഷം വിശ്വാസികളെ പ്രതിനിധീകരിക്കുന്ന 37 അംഗ ക്രിസ്ത്യൻ കൂട്ടായ്മകളുടെ പരമോന്നത സംഘടനയായ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് യുഎസ്എ, ടെന്നസിയിലുള്ള നാഷ്‌വില്ലിൽ വാർഷിക ക്രിസ്ത്യൻ ഐക്യസമ്മേളനം വിളിച്ചുകൂട്ടി. ഒക്ടോബർ 15 മുതൽ 18 വരെയായിരുന്നു സമ്മേളനം.



18-ന് സമ്മേളിച്ച സഭാ പ്രതിനിധികളുടെ എക്സിക്യൂട്ടീവ് കൗൺസിൽ ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾക്കെതിരായ പീഡനങ്ങളെ അപലപിച്ചുകൊണ്ട് ഏകകണ്ഠമായി പ്രമേയം അംഗീകരിച്ചു. ഇന്ത്യൻ ഭരണഘടനയിൽ ആവശ്യപ്പെടുന്നതുപോലെ പൗരന്മാരുടെ മനുഷ്യാവകാശങ്ങളെയും മതസ്വാതന്ത്ര്യത്തെയും മാനിക്കണമെന്ന് ഇന്ത്യാ ഗവൺമെന്റിനോട് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ഈ ഉന്നതാധികാര സമിതി അംഗീകരിച്ച ചരിത്രപരമായ പ്രമേയമാണിത്.



നേരത്തെ യോഗത്തിൽ യുഎസ്എയിലും ലോകമെങ്ങുമുള്ള മത ദേശീയതയെ സഭാ സമിതി അപലപിക്കുകയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നുവരുന്ന മതദേശീയതയ്ക്കെതിരെ ജാഗ്രത പാലിക്കാൻ ഉപദേശിക്കുകയും ചെയ്തു. ഹിന്ദു ദേശീയത അഥവാ ഹിന്ദുത്വതയെക്കുറിച്ച് പ്രത്യേകം പരാമർശിച്ച പ്രമേയം ഇന്ത്യൻ രാഷ്ട്രീയത്തെയും ഇവിടുത്തെ ഹിന്ദു സംസ്കാരത്തെയും ഈ 'ഹിന്ദുത്വ' വിഴുങ്ങുന്നതിനെ അപലപിച്ചു. അമേരിക്കയിലെ ചില മേഖലകളിൽ ഹിന്ദു ദേശീയതയ്ക്ക് സാമ്പത്തികമായും മറ്റ് കമ്യൂണിറ്റി തലത്തിലും ലഭിക്കുന്ന പിന്തുണയെക്കുറിച്ച് അവബോധമുണ്ടായിരിക്കാനും അത്തരം പിന്തുണ ഉപയോഗിച്ച് ഹിന്ദു ദേശീയത നല്കാൻ ശ്രമിക്കുന്ന ഏതൊരു പ്രവൃത്തിയും തള്ളിക്കളയാനും പങ്കാളി സഭകളോടും അംഗസഭകളോടും പ്രമേയം ആവശ്യപ്പെട്ടു. രാജ്യത്തെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാൻ ഇന്ത്യൻ സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നിയമനിർമ്മാതാക്കളോടും പ്രാദേശിക നേതാക്കളോടും പ്രമേയം അവശ്യപ്പെട്ടു. ഈ ചരിത്രപരമായ പ്രമേയം മതങ്ങൾ തമ്മിലുള്ള ബന്ധത്തിലും പങ്കാളികളുമായുള്ള സംഭാഷണങ്ങളിലും വലിയ സ്വാധീനം ചെലുത്തുന്നു-ഫാ. ജോസഫ് വർഗീസ് പറഞ്ഞു.

ഫാ. വർഗീസ് പറയുന്നതനുസരിച്ച്, നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് മുമ്പ് അമേരിക്കയിലെ ക്രിസ്ത്യൻ ദേശീയതയെയും എതിർക്കുകയും അപലപിക്കുകയും ചെയ്തിട്ടുണ്ട്. ലോകത്തിന്റെ മറ്റ് പ്രദേശങ്ങളിൽ മറ്റ് മത ദേശീയതയുമായി തുല്യ പരിഗണന നല്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. യുഎസ്എയിലെ ഹിന്ദു ദേശീയവാദികളുടെ ഫണ്ട് ശേഖരണ പ്രവർത്തനങ്ങൾ തടയാനും അത്തരം പ്രവർത്തനങ്ങൾക്ക് പിന്നിലെ മറഞ്ഞിരിക്കുന്ന അജണ്ടകളെക്കുറിച്ച് ബോധവത്കരിക്കാനും പ്രമേയം ലക്ഷ്യമിടുന്നു.

നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് എല്ലാവർക്കും മതപരമായ ആചാരങ്ങൾക്കുള്ള സ്വാതന്ത്ര്യത്തെ പിന്തുണയ്ക്കുകയും ഇന്ത്യയിലും അതേ സ്വാതന്ത്ര്യം തേടുകയും ചെയ്യുന്നു. അമേരിക്കയിൽ ക്ഷേത്രങ്ങൾ പണിയാൻ ആഗ്രഹിക്കുന്നവർ തിരുപ്പതിയിലെ പള്ളി കെട്ടിടങ്ങൾ തകർക്കുന്നതിനെ പിന്തുണയ്ക്കുന്നത് അപലപനീയമാണ്: ഫാ. വർഗീസ് ചൂണ്ടിക്കാട്ടി.

നമ്മുടെ വിവിധ സഭാ കമ്യൂണിയൻ നേതാക്കളുടെ പ്രവർത്തനവും പ്രത്യേകിച്ച് മെത്തഡിസ്റ്റ് സഭയിലെ റവ. ചക്രവർത്തി സദ്വയുടെ കഠിനാദ്ധ്വാനവും ന്യൂയോർക്ക് കൗൺസിൽ ഓഫ് ചർച്ചസിലെ റവ. പീറ്റർ കുക്ക്, എപ്പിസ്കോപ്പൽ ചർച്ചിലെ റവ. മാർഗരറ്റ് ടെയ്‌ലർ എന്നിവരുടെ പിന്തുണയും മൂലമാണ് പ്രമേയം സാദ്ധ്യമായത്-ഫാ. വർഗീസ് ചൂണ്ടിക്കാട്ടി.




മതാന്തര സംവാദങ്ങളിലൂടെയും സമാധാന ദൗത്യയാത്രകളിലൂടെയും ശ്രദ്ധിക്കപ്പെട്ട, പാർശ്വവൽക്കരിക്കപ്പെട്ടവർക്കു വേണ്ടി സംസാരിക്കുന്ന ഫാ. ജോസഫ് വർഗീസ് ആത്മീയ പാതകളിലെ അനുകരണീയ വ്യക്തിത്വമാണ്. മതങ്ങൾ തമ്മിലും വ്യത്യസ്ത മത പാരമ്പര്യങ്ങൾക്കിടയിലും വിവിധ തലങ്ങളിൽ ദേശീയ, അന്തർദ്ദേശീയ തലത്തിൽ ക്രിയാത്മക ഇടപെടലുകൾക്കും സഹകരണത്തിനും നേതൃത്വം വഹിക്കുന്ന ജോസഫ് വർഗീസ് അച്ചൻ മലയാളികൾക്ക് സുപരിചിതനാണ്. നിലപാടുകളിലെ വ്യതിരക്തത ഈ വൈദികന്റെ പ്രവർത്തനവഴികളെ വേറിട്ടതാക്കുന്നു.



അന്ത്യോഖ്യ സിറിയൻ ഓർത്തഡോക്സ് ചർച്ചിന്റെ അമേരിക്കയിലെ മലങ്കര ആർച്ച് ഡയോസിസിലെ വൈദികനാണ് പത്തനംതിട്ട സ്വദേശിയായ ഫാ. ജോസഫ് വർഗീസ്. ഹോളി സോഫിയ കോപ്റ്റിക് ഓർത്തഡോക്സ് സ്കൂൾ ഓഫ് തിയോളജിയിലെ ആരാധനാക്രമ പഠനത്തിന്റെ അഡ്ജംക്റ്റ് പ്രൊഫസറായും ന്യൂയോർക്കിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിലീജിയസ് ഫ്രീഡം ആൻഡ് ടോളറൻസിന്റെ (ഐആർഎഫ്ടി-ന്യൂയോർക്ക്) എക്സിക്യൂട്ടീവ് ഡയറക്ടറായും ഫാ. ജോസഫ് വർഗീസ് സേവനമനുഷ്ഠിക്കുന്നു. ഐക്യരാഷ്ട്ര സഭാ ആസ്ഥാനത്ത് സമാധാനത്തിനായുള്ള മതങ്ങളുടെ എക്സിക്യൂട്ടീവ് കൗൺസിലിൽ (ആർഎഫ്പി യുഎസ്) അംഗമായും നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് യുഎസ്എയുടെ ഇന്റർ റിലിജിയസ് ഡയലോഗ് (എൻസിസി യുഎസ്)കളുടെ കോ-കൺവീനറായും പ്രവർത്തിക്കുന്നു.



മുപ്പത്തിയേഴ് അംഗ കൂട്ടായ്മകളെയും 30 ദശലക്ഷത്തിലധികം ക്രിസ്ത്യാനികളെയും പ്രതിനിധീകരിക്കുന്ന യുഎസിലെ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ 2010 മുതലുള്ള മതാന്തര സംവാദങ്ങളുടെ കൺവീനിംഗ് ടേബിളിന്റെ കോ-കൺവീനറുമാണ് ഫാ. ജോസഫ് വർഗീസ്.

സിനിമാ റിവ്യൂ

# 'പണി' എട്ടിന്റെ പണിയാക്കി മാറ്റിയ ജോജു ജോർജിന്റെ മാന്ത്രിക സ്പർശം

ഡോ. മാത്യു ജോയിസ്

ഗുണ്ടാവിളയാട്ടവും മാഫിയാ തേർവാഴ്ചയും ബോംബെ അധോലോകത്തിൽ അഴിഞ്ഞാടുന്നത് മലയാളികൾ പല സിനിമകളിലൂടെ ആസ്വദിച്ചിട്ടുള്ളതാണ്. എന്നാൽ, തൃശൂർ ഗഡികൾ, സ്വരാജ് റൗണ്ടിനു ചുറ്റും ചെണ്ടമേളവും പുലിക്കളിയും കാവടിയും ഇടയ്ക്കിടെ വെടിക്കെട്ടും തകർത്തടിക്കുന്നതിനിടയിൽ, എട്ടിന്റെ പണിയുമായി ഒരു ക്രൈം ത്രില്ലർ സുഗമമായി അരങ്ങേറിയ സിനിമയാണ് 'പണി'.

ക്രിമിനൽ ചായ്‌വുള്ള രണ്ട് ചെറുപ്പക്കാർ ഒരു ദമ്പതികളുടെ സമാധാനപരമായ ദാമ്പത്യജീവിതം അപ്രതീക്ഷിതമായി തടസ്സപ്പെടുത്തുമ്പോൾ, പ്രതികാരത്തിന്റെ ഭാഗമായി തൃശൂരിലെ ആൾക്കൂട്ട ജീവിതങ്ങളെ തകിടം മറിക്കുന്ന കുറെ സംഭവങ്ങൾ പിന്തുടരുന്നത് തിയേറ്ററിനുള്ളിൽ കാണികളെ ശ്വാസമടക്കി ഇരുത്തുന്നതിൽ വിജയിച്ചിരിക്കുന്നു.

ഒരു പെണ്ണിനെ, അതും ഒരു കുടുംബിനിയെ തൊടാനും പിടിക്കാനുമുള്ള ഡോൺ എന്ന ഞരമ്പുരോഗിയുടെ ചൊറിച്ചിൽ, നിരവധി ഗുണ്ടകളെ വകവരുത്തുന്നതിൽ വരെ കലാശിക്കുന്ന കുശാഗ്രബുദ്ധി തന്മയത്വമായി കൈകാര്യം ചെയ്തിരിക്കുന്നു.

പോലീസിന്റെ സ്ഥിരം വലവീശൽ തന്ത്രങ്ങൾ ഒരുവശത്ത് നടക്കുന്നുവെങ്കിലും ഇന്നത്തെ തലമുറയുടെ ഒളിപ്പോരിന്റെ സമവാക്യങ്ങളിൽ എത്തിപ്പെടാൻ പരാജയപ്പെടുന്നതും നന്നായി ചിത്രീകരിച്ചിരിക്കുന്നു.

ജോജു ജോർജ് തിരക്കഥയെഴുതി സംവിധാനം ചെയ്ത ഒരു ഇന്ത്യൻ മലയാളം ആക്ഷൻ ത്രില്ലർ ചിത്രമാണ് 'പണി'. ജോജു, സാഗർ സൂര്യ, ജുനൈസ് വി.പി, ബോബി കുര്യൻ, അഭിനയ, അഭയ് ഹിരണ്മയി, സീമ, ചാന്ദിനി ശ്രീധരൻ, പ്രശാന്ത് അലക്സാണ്ടർ, സുജിത് ശങ്കർ, റിനോഷ് ജോർജ്, ജയരാജ് വാര്യർ, ബാബു നമ്പൂതിരി എന്നിവരാണ് ചിത്രത്തിലെ പ്രധാന അഭിനേതാക്കൾ. വിഷ്ണു വിജയ്, സാം സി. എസ്, സന്തോഷ് നാരായണൻ എന്നിവർ ചേർന്നാണ് ചിത്രത്തിന്റെ സംഗീതം ഒരുക്കിയിരിക്കുന്നത്. 2023 ഒക്ടോബർ 9-ന് കേരളത്തിലെ തൃശൂരിൽ ഷൂട്ടിങ് ആരംഭിച്ച 'പണി' 2024 ഒക്ടോബർ 24-ന് തിയേറ്ററുകളിൽ റിലീസ് ചെയ്തപ്പോൾ ജോജു ജോർജ് എന്ന മഹാനടന്റെ ഇതര സാമർത്ഥ്യങ്ങൾക്കും ഒരു പൊൻതൂവൽ ആകുമെന്നു തോന്നുന്നു.




ജോജു ജോർജിന്റെ സംവിധാനത്തിൽ അരങ്ങേറ്റം കുറിച്ച 'പണി' റിവഞ്ച് ത്രില്ലർ വിഭാഗത്തിലേക്കുള്ള നവോന്മേഷദായകവും ശക്തവുമായ എൻട്രിയാണ്. പക്ഷേ, പണി പാളിയോ എന്ന് പലയിടത്തും സംശയം ജനിപ്പിക്കുന്നു. പണിയുടെ ഇതിവൃത്തം നേരായതും ചുരുക്കം ചില വാചകങ്ങളിൽ സംഗ്രഹിക്കാവുന്നതുമാണ്. എന്നാൽ, ജോജുവിന്റെ ശ്രദ്ധേയമായ രചനയും സംവിധാനവുമാണ് സിനിമയെ സവിശേഷമായ ഒന്നിലേക്ക് ഉയർത്തുന്നത്. സിനിമാ ഇൻഡസ്ട്രിയിൽ തനിക്കു നിശ്ചയിച്ചിരിക്കുന്ന അതിർവരമ്പുകൾ ഭേദിക്കാനുള്ള ജോജുവിന്റെ ശ്രമം പ്രശംസനീയമാണ്. കൂടാതെ, താൻ ആ ദൗത്യത്തിന് തയ്യാറാണെന്ന് പണി വ്യക്തമാക്കുന്നു. എതിരാളികൾ നായകന്മാരെ ചുറ്റിപ്പറ്റിയുള്ള മിക്ക സിനിമകളിൽ നിന്നും വ്യത്യസ്തമായി 'പണി' ഹൈടെക് ഒരു സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്.

ഗിരിയും (ജോജു) അവന്റെ സുഹൃത്തുക്കളും കുടുംബവുമായി വിരാജിക്കുന്ന തൃശൂരിൽ തങ്ങളുടേതായ പേര് ഉണ്ടാക്കാൻ ശ്രമിക്കുന്ന ഹിറ്റ്മാൻമാരുടെ (ക്വട്ടേഷൻ ഗുണ്ടാസംഘങ്ങളുടെ) അതിമോഹിയായ ഒരു ജോഡിയെ കേന്ദ്രീകരിച്ചാണ് കഥ നടക്കുന്നത്.

ഡോൺ (സാജൻ സൂര്യ) എന്ന അതിമോഹിയായ ഗുണ്ടാപയ്യന് തന്റെ കാമപൂരണങ്ങൾക്കും മറ്റ് അതിക്രമങ്ങൾക്കും കുട പിടിച്ചു ശാന്തനായി സന്തത സഹചാരിയായി അന്ത്യം വരെ ജുനൈസ് നല്കുന്ന കൂട്ടുകെട്ടിന്റെ വിജയമാണ് 'പണി'യെ ഒരു റിവഞ്ച് ത്രില്ലർ ശ്രേണിയിൽ സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നത്.

ഗിരിയെയും കൂട്ടരെയും പിന്തുടരുന്നതിലും പിരിമുറുക്കം നിലനിർത്തുന്നതിലും അവരുടെ തകർച്ച പ്രേക്ഷകർ ആകാംക്ഷയോടെ കാത്തിരിപ്പിക്കുന്നതിലും ജോജു നിലനിർത്തിയ ഉദ്വേഗമാണ് പണിയെ വ്യത്യസ്തമാക്കുന്നത്.

ഛായാഗ്രഹണമായിരുന്നു മറ്റൊരു പ്രത്യേകത. ചില ഷോട്ടുകൾ, പ്രത്യേകിച്ച് കാർ ചേസ് സീക്വൻസ്, അത്യുജ്ജ്വലമായി എക്സിക്യൂട്ട് ചെയ്തിരിക്കുന്നു. ക്ലൈമാക്സിലെ 'ഡിഫൻഡർ' രംഗം കാവ്യാത്മകമായി ശ്രേഷ്ഠമാക്കിയിരിക്കുന്നു. കൂടാതെ, പണിയിലെ സ്ത്രീകളുടെ ചിത്രീകരണം അശ്ലീലതയിലേക്കു കടന്നുപോകാതെ ശരിയായി ചെയ്തുവെന്നു പറയാം. അവിടെ അവരെ വെറും കാഴ്ചക്കാരായി കാണിക്കുന്നില്ല. മറിച്ച് സജീവമായി പങ്കെടുക്കുന്നവരും കാറുകൾ ഓടിക്കുന്നവരും തോക്കുകൾ ചൂണ്ടുന്നവരും ഉത്തരവാദിത്വങ്ങൾ സ്വന്തമായി കൈകാര്യം ചെയ്യുന്നവരുമാണ്.

സീമയുടെ കഥാപാത്രം വളരെ ഹ്രസ്വമായിരുന്നെങ്കിലും ഈ കഥയെ ഉജ്വലമാക്കിയിരിക്കുന്നു. കഥയുടെ അവസാനത്തിൽ ജോജുവിന്റെ സഹോദരിയുടെ കലിപ്പ് തീർക്കാൻ ഡോണിന്റെ നിർജീവമായ ശരീരഭാഗങ്ങളിൽ വെടിയുതിർത്തതു പോലും പണിയുടെ വീര്യം കൂട്ടിയിട്ടുണ്ട്.

മൊത്തത്തിൽ ജോജു കൊടുത്ത 'പണി' ഒരു അസാധാരണ സിനിമയാണ്. തൃശൂരിന്റെ അതിശയിപ്പിക്കുന്ന ഡ്രോൺ ഷോട്ടുകളും ചിത്രത്തിന്റെ ഉജ്വലമായ നിർവ്വഹണവും കൂടിച്ചേർന്ന് അതിനെ വലിയ സ്ക്രീനിൽ കണ്ടിരിക്കേണ്ട ഒന്നാക്കി മാറ്റിയിരിക്കുന്നു.


ലേഖകൻ

തിയേറ്ററുകളിൽ അത് അനുഭവിക്കാനുള്ള അവസരം നഷ്ടപ്പെടുത്തരുത്.

കാഴ്ചക്കാരെ സംബന്ധിച്ചിടത്തോളം 'ക്രൂകേട് ഹൗസ്' എന്ന അഗതാ ക്രിസ്റ്റി നോവലിന്റെ ആഴവും ഗൂഢാലോചനകളും ഉള്ള ഒരു ആകർഷകമായ ക്രൈം ത്രില്ലർ സിനിമയാണ് 'പണി' - അതും പൂർണ്ണമായും തൃശൂർ ശൈലിയിൽ!

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 84.11 |
| യൂറോ | 91.70 |
| സ്റ്റെർലിംഗ്പൗണ്ട് | 109.00 |
| സ്വിസ് ഫ്രാങ്ക് | 97.43 |
| സിംഗപ്പൂർ ഡോളർ | 63.89 |
| കനേഡിയൻ ഡോളർ | 60.46 |
| ഒമാൻ റിയാൽ | 218.47 |
| ബഹ്റൈൻ ദിനാർ | 223.21 |
| സൗദി റിയാൽ | 22.39 |
| യു.എ.ഇ. ദിർഹം | 22.90 |
| കുവൈത്ത് ദിനാർ | 274.54 |

## ബിപിഎൽ സ്ഥാപകൻ ടി.പി.ജി. നമ്പ്യാർ അന്തരിച്ചു

ബെംഗളൂരു: ഇന്ത്യയുടെ ഇലക്ട്രോണിക് വ്യവസായ രംഗത്തെ അതികായനും ഇലക്ട്രോണിക് ഉത്പന്ന നിർമാണ കമ്പനിയായ ബിപിഎൽ (ബ്രിട്ടീഷ് ഫിസിക്കൽ ലബോറട്ടറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്) ഗ്രൂപ്പ് സ്ഥാപകനുമായ ടി.പി.ജി. നമ്പ്യാർ (95) വിടവാങ്ങി. ബെംഗളൂരുവിലെ വീട്ടിലാണ് അന്തരിച്ചത്. സംസ്കാരം നടത്തി.

1929-ൽ വടക്കേ മലബാറിലെ കോടിയേരി അംശത്ത് രാവരപ്പൻ നമ്പ്യാരുടെയും ദേവകിയമ്മയുടെയും മകനാണ് താഴത്ത് പുല്ലായിക്കൂടി ഗോപാലൻ നമ്പ്യാർ എന്ന ടി.പി.ജി. നമ്പ്യാർ. ലണ്ടൻ നാഷണൽ കോളജിൽനിന്നും എയർ കണ്ടീഷനിങ് ആൻഡ് റെഫ്രിജറേഷനിൽ ഡിപ്ലോമ നേടിയശേഷം അവിടെയുള്ള വർക്സ് ഓഫ് ടെംപറേച്ചർ ലിമിറ്റഡിൽ ആപ്ലിക്കേഷൻ ആൻഡ് സിസ്റ്റം എഞ്ചിനീയറായാണ് ഔദ്യോഗികജീവിതം തുടങ്ങുന്നത്. തുടർന്ന് അമേരിക്കയിലെ റേഡിയേറ്റർ ആൻഡ് സ്റ്റാൻഡേഡ് സാനിറ്ററി കോർപ്പറേഷനിൽ സാങ്കേതികപരിശീലനത്തിന് ചേർന്ന് ജോലിചെയ്തു. തുടർന്ന് ലണ്ടനിലേക്കു മടങ്ങി. മുംബൈയിലും ജോലിചെയ്തു. 1962-ൽ കേരളത്തിലെത്തി പാലക്കാട്ട് ബിപിഎൽ കമ്പനി സ്ഥാപിച്ചു. സൈന്യത്തിനുള്ള ഹെർമെറ്റിക് സീൽഡ് പാനൽ മീറ്ററുകൾ നിർമിച്ചായിരുന്നു തുടക്കം. 1970-കളിൽ കമ്പനിയുടെ ആസ്ഥാനം ബെംഗളൂരുവിലേക്ക് മാറ്റി.



1980-കളുടെ ആരംഭത്തിൽ കളർ ടിവികളിലേക്കും വീഡിയോ കാസറ്റ് റെക്കോഡുകളിലേക്കും റെഫ്രിജറേറ്ററുകളിലേക്കും ബാറ്ററികളിലേക്കും മറ്റ് കൺസ്യൂമർ ഇലക്ട്രോണിക് ഉത്പന്നങ്ങളിലേക്കും ടെലികമ്യൂണിക്കേഷനിലും കടന്ന് വ്യവസായസാമ്രാജ്യം വ്യാപിപ്പിച്ചു. ഭാര്യ: തങ്കം. ബിപിഎൽ ചെയർമാനും മാനേജിങ് ഡയറക്ടറുമായ അജിത് നമ്പ്യാർ, ബോർഡ് അംഗം അഞ്ജു ചന്ദ്രശേഖർ എന്നിവർ മക്കളാണ്. മുൻ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ മകളുടെ ഭർത്താവാണ്. മരുമകൾ: മീന.



# കാതോലിക്കേറ്റ് കോളജ് അലുംമ്നിക്ക് പുതിയ സാരഥികൾ

ജീമോൻ റാന്നി

സാൻഫ്രാൻസിസ്കോ: കേരളത്തിലെ ഏറ്റവും പ്രശസ്ത കോളജുകളിലൊന്നായ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിന്റെ ഏറ്റവും പ്രമുഖ പൂർവ വിദ്യാർത്ഥി കൂട്ടായ്മയായ പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് അലൂംമ്നി അസോസിയേഷൻ നോർത്ത് അമേരിക്കയ്ക്ക് ശക്തമായ പുതിയ നേതൃനിര നിലവിൽ വന്നു.


**പുതിയ ഭാരവാഹികൾ:** ഡോ. വർഗീസ് ജോർജ് അറ്റ്ലാന്റ (പ്രസിഡണ്ട്), മാത്യു ജോർജ് ചിക്കാഗോ (വൈസ് പ്രസിഡണ്ട്), അലക്സാണ്ടർ മാത്യു, ഷോണി-കാൻസസ് (സെക്രട്ടറി), അനിൽ ജോസഫ് മാത്യു സാൻഫ്രാൻസിസ്കോ (ട്രഷറർ), പ്രഫ. തോമസ് ഡേവിഡ് അറ്റ്ലാന്റ (പബ്ലിക് റിലേഷൻ ഓഫീസർ) എന്നിവരാണ് ഔദ്യോഗിക ഭാരവാഹികൾ.

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി വെരി റവ.ഫാ. രാജു ദാനിയേൽ കോർ എപ്പിസ്കോപ്പ (ഡാളസ്), സുനിൽ നൈനാൻ മാത്യു (വിൺസർ,കാനഡ), ഉമ്മൻ കാപ്പിൽ (ഫിലാഡൽഫിയ), തങ്കച്ചൻ (കോറൽ സ്പ്രിങ്സ്, ഫ്ളോറിഡ), ജോൺസൻ മാത്യു (മയാമി, ഫ്ളോറിഡ) എന്നിവരെയും തെരഞ്ഞെടുത്തു.

യുഎസിലും കാനഡയിലുമുള്ള എല്ലാ കാതോലിക്കേറ്റ് കോളജ് പൂർവവിദ്യാർത്ഥികളും സംഘടനയിൽ ചേർന്ന് പൂർവ വിദ്യാർത്ഥി കൂട്ടായ്മയെ ശക്തമാക്കുന്നതിന് സഹകരിക്കണമെന്ന് ഭാരവാഹികൾ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: ഡോ. വർഗീസ് ജോർജ് 706 564 8903, മാത്യു ജോർജ് 630 865 4118, പ്രഫ. തോമസ് ഡേവിഡ് 404 538 0404 അനിൽ ജോസഫ് മാത്യു 209 624 6555.




## സാമൂഹികത വഹിക്കുന്ന പങ്ക്

(20-ാം പേജിൽനിന്നും)

സാമൂഹിക ഇടപെടൽ നിങ്ങളുടെ തലച്ചോറിന്റെ ആരോഗ്യത്തിന് നല്ലതാണ്. സുരക്ഷിതത്വം, അവകാശം എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു. മറ്റുള്ളവരിൽ വിശ്വസിക്കാനും അവർ നിങ്ങളിൽ വിശ്വസിക്കാനും നിങ്ങളെ അനുവദിക്കുന്നു. കൂടാതെ, സാമൂഹിക വൽക്കരണ സമയത്താണ് നമ്മൾ എങ്ങനെ നടക്കണം, സംസാരിക്കണം, ഭക്ഷണം നല്കണം, അതുപോലെ നമ്മുടെ സമൂഹവുമായി പൊരുത്തപ്പെടാൻ സഹായിക്കുന്ന പെരുമാറ്റ മാനദണ്ഡങ്ങൾ എന്നിവയും മറ്റും പഠിക്കുന്നത്. നമ്മുടെ ജീവിതത്തിലുടനീളം സാമൂഹികവൽക്കരണം സംഭവിക്കുന്നു. സാമൂഹിക ഇടപെടൽ നമ്മുടെയെല്ലാം മാനസികവും വൈകാരികവുമായ ആരോഗ്യം മെച്ചപ്പെടുത്താൻ സഹായിക്കുന്നു. അതുപോലെ വിഷാദത്തിന്റെയും ഉത്കണ്ഠയുടെയും താഴ്ന്ന നിരക്കുകൾ മെച്ചപ്പെട്ട ആത്മാഭിമാനം, സഹാനുഭൂതിയുടെ ശക്തമായ തലങ്ങൾ, കൂടുതൽ വിശ്വാസയോഗ്യമായ നിങ്ങളുടെ ബന്ധങ്ങളുടെ എണ്ണവും ശക്തിയും നിങ്ങളുടെ മാനസികവും ശാരീരികവുമായ ക്ഷേമത്തെ ബാധിക്കുന്നു.

സാമൂഹിക കഴിവുകൾക്കും മാനസികാരോഗ്യത്തിനും തമ്മിൽ പരസ്പര ബന്ധമുണ്ടോ? ഭൂമിശാസ്ത്രപരമായ പരിമിതികൾക്കപ്പുറവും പരസ്പരം ആശയവിനിമയം നടത്താൻ നമ്മൾ വളരെ താല്പര്യമുള്ളവരാണ്. അതായത് നിങ്ങളുടെ മാനസികാരോഗ്യത്തിനായി സോഷ്യലൈസ് ചെയ്യാനും സുഹൃത്തുക്കളെ ഉണ്ടാക്കാനും പഠിക്കേണ്ടത് പ്രധാനമാണ്. കാരണം, മനുഷ്യരെന്ന നിലയിൽ നമ്മൾ സ്വപ്നം കാണുന്നു, പഠിക്കുന്നു, വളരുന്നു, സമൂഹത്തിന്റെ ഭാഗമായിട്ട് പ്രവർത്തിക്കുന്നു. ഇത് സാമൂഹിക ഇടപെടലിൽ ഒരു പരിധിവരെ നമ്മൾക്ക് വലിയ ആശ്വാസം കണ്ടെത്തുന്നു എന്നതാണ്. എന്നാൽ, നാം ജനിച്ച സമൂഹവും ജീവിതത്തിലുടനീളം കൂടെ സഞ്ചരിക്കുന്ന സമൂഹങ്ങളും നമ്മുടെ വ്യക്തിത്വത്തെ എങ്ങനെ രൂപപ്പെടുത്തുന്നു. എല്ലാത്തിനുമുപരി ഒരു ജീവിവർഗം നിലനില്ക്കണമെങ്കിൽ അതിലെ അംഗങ്ങൾക്ക് പ്രത്യുല്പാദനം മാത്രമല്ല. അവരുടെ സന്തതികളെ ദോഷങ്ങളിൽ നിന്ന് സംരക്ഷിക്കാനും സമപ്രായക്കാരെ പരുക്കിൽ നിന്ന് സംരക്ഷിക്കാനും കഴിയണം. വാസ്തവത്തിൽ പ്രതികൂല സാഹചര്യങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കാൻ കഴിയുമ്പോൾ മാനസികാരോഗ്യത്തിൽ സാമൂഹികജീവിതത്തിന്റെ നിലവാരവും ക്ഷേമവും നമ്മൾ മെച്ചപ്പെടുത്തുന്നു.

സാമൂഹിക ജീവിതം ഒരു വ്യക്തിയെന്ന നിലയിൽ നമ്മെ എങ്ങനെ ബാധിക്കുന്നു? സുഹൃത്തുക്കളുമായും പ്രിയപ്പെട്ടവരുമായും ഇടപഴകുന്നത് ശാരീരികമായും മാനസികമായും നിങ്ങളുടെ ജീവിതത്തിൽ നല്ല സ്വാധീനം ചെലുത്താൻ കഴിയുന്ന ബന്ധങ്ങളുടെ അളവും ഗുണനിലവാരവും പ്രധാനമാണ്. ഒരു സാമൂഹികബന്ധം അർത്ഥമാക്കുന്നത് മറ്റുള്ളവരുമായിട്ടുള്ള അടുത്തബന്ധം, ആവശ്യമുള്ള സമയങ്ങളിൽ പിന്തുണയ്ക്കായി തെരയുന്ന ഒരു വ്യക്തി, സാമൂഹിക വിനിമയങ്ങൾ മുതലായവയാണ്. വാസ്തവത്തിൽ ഒരു പ്രണയ പങ്കാളിയുമായോ കുടുംബവുമായോ സുഹൃത്തുക്കളുമായോ അയൽക്കാരുമായോ സഹപ്രവർത്തകരുമായോ നിങ്ങൾക്ക് സംതൃപ്തമായ ബന്ധമുണ്ടെങ്കിൽ നിങ്ങൾ സന്തുഷ്ടരാണെന്നും ആരോഗ്യപ്രശ്നങ്ങൾ കുറവാണെന്നും കൂടുതൽ കാലം ജീവിക്കുമെന്നും മനസ്സിലാക്കാം.

നേരെമറിച്ച്, ഏകാന്തതയോ സാമൂഹികമായി ഒറ്റപ്പെട്ടതോ ആയ ആളുകൾക്ക് മോശം ആരോഗ്യം, വിഷാദം, കൂടാതെ നേരത്തെതന്നെ മരണത്തിനുള്ള സാദ്ധ്യത എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു.

അതുപോലെ ഒരു വ്യക്തിയുടെ സാമൂഹിക പിന്തുണ സമ്മർദ്ദം കുറയ്ക്കുമെന്നും കൂടാതെ ഇത് പോസ്റ്റീവ് ഇഫക്റ്റ് വർദ്ധിക്കുന്നതിനും നിങ്ങളുടെ മാനസിക ക്ലേശങ്ങളുടെ ഉത്കണ്ഠയും വിഷാദവും കുറയ്ക്കുന്നതിനും പ്രധാന കാരണമാകുന്നു.



# കേസുകൾ പിൻവലിക്കൽ: ഗൗരവം മനസിലാക്കി വേണം തീരുമാനമെന്ന് ഹൈക്കോടതി

കൊച്ചി: കേസുകൾ പിൻവലിക്കുന്നതിൽ സർക്കാർ നിർദേശങ്ങൾ പാലിക്കുന്നതിനു പകരം പബ്ലിക് പ്രോസിക്യൂട്ടർമാർ വിഷയത്തിന്റെ ഗൗരവം മനസിലാക്കി തീരുമാനമെടുക്കണമെന്നു ഹൈക്കോടതി.

ക്രിമിനൽ നടപടിച്ചട്ടത്തിലെ സെക്ഷൻ 321 കോടതി അനുമതിയോടെ കേസുകൾ പിൻവലിക്കാൻ പ്രോസിക്യൂട്ടർമാരെ അനുവദിക്കുന്നുണ്ടെങ്കിലും ഒരു കേസ് പിൻവലിക്കാൻ തീരുമാനിക്കുമ്പോൾ തെളിവുകൾ സ്വതന്ത്രമായി വിലയിരുത്തണമെന്ന് ജസ്റ്റിസ് കെ. ബാബു വ്യക്തമാക്കി.

പ്രോസിക്യൂട്ടർമാർ കേവലം സർക്കാർ നിർദേശങ്ങൾക്കായുള്ള ചാനലുകളായി പ്രവർത്തിക്കരുത്. കേസ് പിൻവലിക്കാൻ ശ്രമിക്കുന്നതിനു മുമ്പ് അതു പൊതുതാത്പര്യവുമായി പൊരുത്തപ്പെടുമോയെന്നു പരിശോധിക്കണമെന്നും കോടതി ഓർമിപ്പിച്ചു. കേസ് പിൻവലിക്കാൻ സർക്കാർ നിർദേശിച്ചിട്ടുണ്ടെങ്കിലും പബ്ലിക് പ്രോസിക്യൂട്ടർ അതിൽ തീരുമാനമെടുക്കുമ്പോൾ കേസ് സംബന്ധിച്ചു മനസിരുത്തി പഠനം നടത്തണം. പ്രസക്തമായ എല്ലാ കാര്യങ്ങളും പരിഗണിച്ചു വേണം തീരുമാനമെടുക്കാൻ - കോടതി പറഞ്ഞു.

പയ്യന്നൂർ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ പി.വി. നിർമലയെ അധിക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ആക്രമിക്കുകയും ചെയ്തതിനു പ്രതിയായ മുഹമ്മദ് അഷ്റഫിനെതിരെ കേസെടുത്തിരുന്നു.

ഇന്ത്യൻ ശിക്ഷാനിയമത്തിലെ സെക്ഷൻ 353 (ഒരു പൊതുപ്രവർത്തകനെ ഡ്യൂട്ടിയിൽനിന്നു പിന്തിരിപ്പിക്കുന്നതിനുള്ള ആക്രമണം അല്ലെങ്കിൽ ക്രിമിനൽ ബലപ്രയോഗം), സെക്ഷൻ 354 (ആക്രമണമോ ക്രിമിനൽ ബലപ്രയോഗമോ), സെക്ഷൻ 506 എന്നിവ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ പ്രകാരമായിരുന്നു കേസ്.

പിന്നീട് കേസിൽനിന്നു പിന്മാറാൻ അസി. പബ്ലിക് പ്രോസിക്യൂട്ടർ സിആർപിസി സെക്ഷൻ 321 പ്രകാരം വിചാരണക്കോടതിയിൽ അപേക്ഷ നൽകി. എന്നാൽ മജിസ്ട്രേറ്റ് ഈ അപേക്ഷ നിരസിച്ചു.

തനിക്കെതിരായ കേസിലെ നടപടികൾ ഒഴിവാക്കുന്നത് വിചാരണക്കോടതി വിസമ്മതിച്ചതിനെ ചോദ്യംചെയ്തു പ്രതിയാണ് ഹൈക്കോടതിയെ സമീപിച്ചത്. കേസ് പിൻവലിക്കാനുള്ള സർക്കാർ തീരുമാനത്തെ ബാഹ്യഘടകങ്ങൾ സ്വാധീനിച്ചതായി ഹൈക്കോടതി ചൂണ്ടിക്കാട്ടി.

കേസ് പൂർണമായി അവലോകനം ചെയ്യാതെയാണു പ്രോസിക്യൂട്ടർ പിൻവലിക്കാൻ അപേക്ഷ നൽകിയതെന്നും കോടതി വ്യക്തമാക്കി.

കുറ്റകൃത്യങ്ങളുടെ ഗൗരവവും പൊതുതാത്പര്യവും പരിഗണിച്ച ഹൈക്കോടതി ഹർജി തള്ളുകയും മൂന്നു മാസത്തിനകം കേസിൽ വിചാരണ പൂർത്തിയാക്കാൻ നിർദേശിക്കുകയും ചെയ്തു.

## ആഗോള അന്തരീക്ഷമലിനീകരണ റാങ്കിങ്ങിൽ ഡൽഹി ഒന്നാമത്

ന്യൂഡൽഹി: ദീപാവലി ആഘോഷങ്ങൾക്കു പിന്നാലെ ആഗോളതലത്തിൽ അന്തരീക്ഷ മലിനീകരണ തോത് ഏറ്റവും ഉയർന്ന നഗരമായി ഡൽഹി. സ്വിസ് സ്ഥാപനമായ ഐക്യു എയറിന്റെ കണക്കനുസരിച്ചാണ് ഡൽഹി അന്തരീക്ഷ മലിനീകരണ തോതിൽ ഒന്നാമതെത്തിയത്.

സർക്കാരിന്റെ വിലക്കുകളെല്ലാം ലംഘിച്ച് പടക്കം പൊട്ടിച്ചതാണ് മലിനീകരണത്തോത് ഉയരാൻ കാരണം. നവംബർ ഒന്നിന് പുലർച്ചെ നഗരത്തിൽ രേഖപ്പെടുത്തിയ ശരാശരി വായു ഗുണനിലവാരത്തോത് (എക്യുഐ) 400-ന് അടുത്താണ്.

നേരം പുലരുവോളം ദീപാവലി ആഘോഷം നീണ്ടതോടെ തീപിടിത്തം ഉൾപ്പെടെ 318 അപകട കോളുകളാണ് അഗ്നിരക്ഷാസേനയ്ക്കു ലഭിച്ചത്. ഒക്ടോബർ 31-ന് വൈകുന്നേരം അഞ്ചിനും നവംബർ ഒന്നിന് പുലർച്ചെ അഞ്ചിനുമിടയിലാണ് ഇത്രയും കോളുകൾ വന്നത്. 13 വർഷത്തെ ദീപാവലി ആഘോഷത്തിനിടെയുള്ള ഏറ്റവും ഉയർന്ന അപകടനിരക്കാണിതെന്ന് അഗ്നിരക്ഷാസേന ഉദ്യോഗസ്ഥർ പറയുന്നു.

ആർ.കെ. പുരം, ആനന്ദ് വിഹാർ തുടങ്ങിയ സ്ഥലങ്ങളിലാണ് മലിനീകരണം അതിരൂക്ഷാവസ്ഥയിൽ നിലനിൽക്കുന്നത്. എക്യുഐ 395 മുകളിലാണ് ഇവിടങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

എക്യുഐ പൂജ്യത്തിനും 500-നും ഇടയിലുള്ളവയാണ് മികച്ചതായി കണക്കാക്കുന്നത്. 51 മുതൽ 100 വരെ തൃപ്തികരവും 301-നും 401-നുമിടയിലുള്ള തോത് വളരെ മോശം അവസ്ഥയെയും സൂചിപ്പിക്കുന്നു. തോത് 400-നു മുകളിൽ കടക്കുന്നതോടെ ഗുരുതരാവസ്ഥയിലും 450 കടക്കുന്നതോടെ മലിനീകരണത്തോത് അതീവ ഗുരുതരാവസ്ഥയിലെത്തിയതായും കണക്കാക്കും.

അതേസമയം, മലിനീകരണത്തോത് മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇത്തവണ കുറവായിരുന്നുവെന്ന് ചൂണ്ടിക്കാട്ടി ഡൽഹി പരിസ്ഥിതി മന്ത്രി ഗോപാൽ റായ് രംഗത്തുവന്നു.

സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണം ആളുകൾ പാലിച്ചതാണ് ഇതിനു കാരണമെന്നും അദ്ദേഹം വ്യക്തമാക്കി.

## ലീലാമ്മ മാത്യു അന്തരിച്ചു



ഫിലാഡൽഫിയ: ഓർമാ ഇന്റർനാഷണൽ ചാപ്റ്റർ പ്രസിഡണ്ട് ഷൈലാ രാജന്റെ മാതാവ്, തെക്കേവീട്ടിൽ ലീലാമ്മ മാത്യു (74) അന്തരിച്ചു. അമേരിക്കൻ ഈസ്റ്റേൺ സ്റ്റാൻഡേർഡ് ടൈം നവംബർ അഞ്ചിന് ചൊവ്വാഴ്ച രാത്രി 10.30 മുതൽ 12.30 വരെ ആറന്മുള മല്ലപ്പുഴശ്ശേരി തെക്കേവീട്ടിൽ പൊതുദർശനവും രാത്രി 12.30 മുതൽ 1.15 വരെ അന്ത്യശുശ്രൂഷകളും. അമേരിക്കൻ ഈസ്റ്റേൺ സ്റ്റാൻഡേർഡ് ടൈം നവംബർ ആറിന് ബുധനാഴ്ച രാത്രി 1.30-ന് കോഴഞ്ചേരി മാരാമൺ മാർതോമാ സിറിയൻ ചർച്ചിൽ സംസ്കാരശുശ്രൂഷകളും സെമിത്തേരിയിൽ അടക്കവും.

മല്ലപ്പുഴശ്ശേരി തെക്കേവീട്ടിൽ റ്റി.റ്റി. മാത്യുവാണ് പരേതയുടെ ഭർത്താവ്. ഓർമാ ഇന്റർനാഷണൽ ഫിലാഡൽഫിയാ ചാപ്റ്റർ പ്രസിഡണ്ട് ഷൈലാ രാജൻ, ഷെറി സുമോദ് എന്നിവരാണ് മക്കൾ. പരേതനായ സ്കറിയാ ടി. അബ്രാഹം, സുമോദ് ജേക്കബ് എന്നിവരാണ് മരുമക്കൾ. റോണി സ്കറിയാ, ഏയ്മി ടോപ്, റോഹൻ സുമോദ്, രോഹിതാ സുമോദ് എന്നിവർ കൊച്ചുമക്കൾ. ഓർമാ ഇന്റർനാഷണൽ ഭാരവാഹികൾ അനുശോചനം അറിയിച്ചു.

## തോമസ് പ്രഥമൻ കാതോലിക്കാ ബാവാ ഓർമയായി

(3-ാം പേജിൽനിന്നും)

പ്രാർഥനാവേദികളിലും സമരമുഖങ്ങളിലും ഒരുപോലെ സജീവമായിരുന്നു. ഇതിന്റെ പേരിൽ പോലീസ് മർദനവും അറസ്റ്റും ജയിൽവാസവും അനുഭവിക്കേണ്ടിവന്നു. അറുന്നൂറോളം കേസുകളിൽ പ്രതിചേർക്കപ്പെട്ടു.

1929 ജൂലൈ 22-ന് എറണാകുളം ജില്ലയിലെ പുത്തൻകുരിശിനടുത്ത് വടയമ്പാടി ചെറുവിള്ളിൽ മത്തായിയുടെയും കോലഞ്ചേരി കല്ലിങ്കൽ കുഞ്ഞാമ്മയുടെയും എട്ട് മക്കളിൽ ആറാമനായാണു ജനനം. 1958 സെപ്റ്റംബർ 21-നു വൈദികനായി. സുവിശേഷപ്രസംഗകൻ എന്നു പേരെടുത്ത ഫാ. തോമസിനെ 1974 ഫെബ്രുവരി 24-നു മെത്രാപ്പൊലീത്തയായി ഡമാസ്കസിൽ പരിശുദ്ധ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ അഭിഷേകം ചെയ്തു.

സഭയിൽ മൂന്ന് മെത്രാപ്പോലീത്തമാരും ഏതാനും പള്ളികളും മാത്രമുണ്ടായിരുന്ന കാലത്തു നേതൃസ്ഥാനത്തേക്കുയർന്ന ശ്രേഷ്ഠ ബാവാ ഒട്ടേറെ പള്ളികളും സഭാസ്ഥാപനങ്ങളും പുത്തൻകുരിശിൽ ആസ്ഥാനമന്ദിരവും നിർമിച്ചു. 13 മെത്രാപ്പൊലീത്തമാരെ വാഴിച്ചു. 350 വൈദികർക്കു പട്ടം നൽകി. അപൂർവമായ നൂറ്റിയൊന്നിൻമേൽ കുർബാനയ്ക്കു മൂന്ന് വട്ടം മുഖ്യ കാർമികത്വം വഹിച്ചു.

2002-ൽ പരിശുദ്ധ പരുമല തിരുമേനിയുടെ ചരമശതാബ്ദിയോടനുബന്ധിച്ചു പുത്തൻകുരിശ് പാത്രിയർക്കാ സെന്റർ മൈതാനിയിലും 2010-ൽ ക്നാനായ അതിഭദ്രാസന ശതാബ്ദിയോടനുബന്ധിച്ചു ചിങ്ങവനം ദയറാ കത്തീഡ്രൽ അങ്കണത്തിലും 2023 മേയ് 12-നു കോതമംഗലം മാർതോമാ ചെറിയ പള്ളിയിലുമായിരുന്നു സഭാചരിത്രത്തിലെ ഈ അപൂർവ സന്ദർഭങ്ങൾ. കബറടക്ക ശുശ്രൂഷകൾ പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിലെ മാർ അത്തനേഷ്യസ് കത്തീഡ്രലിലാണ് നടന്നത്. കോതമംഗലത്തു നിന്ന് വിലാപയാത്രയായാണ് ബാവായുടെ ഭൗതികദേഹം പുത്തൻകുരിശിലെത്തിച്ചത്. പൊതുദർശനത്തിനു വെച്ച ബാവയുടെ ഭൗതികദേഹത്തിൽ അന്ത്യാഞ്ജലിയർപ്പിക്കാൻ സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ പുത്തൻകുരിശിലേക്ക് ഒഴുകിയെത്തി.

കബറടക്ക ശുശ്രൂഷകളുടെ ആദ്യത്തെ രണ്ടു ഘട്ടങ്ങളിലെ പ്രാർഥനാ ചടങ്ങുകൾ കോതമംഗലം ചെറിയപള്ളിയിലും മൂന്നാം ഘട്ടം വലിയ പള്ളിയിലും നടന്നു. ആഗോള സുറിയാനി സഭയുടെ അധ്യക്ഷനും അന്ത്യോഖ്യാ പാത്രിയാർക്കീസുമായ ഇഗ്നാത്തിയോസ് അഫ്രേം രണ്ടാമൻ ബാവ ഡമാസ്കസിലെ പാത്രിയർക്കാ അരമന കത്തീഡ്രലിൽ ശ്രേഷ്ഠ ബാവായ്ക്കുവേണ്ടി പ്രത്യേക ധൂപപ്രാർഥന നടത്തി.

നവംബർ രണ്ടിന് ശനിയാഴ്ച ഉച്ച കഴിഞ്ഞ് മൂന്നുമണിയോടെയാണ് കബറടക്കത്തിന്റെ അവസാനഘട്ട ശുശ്രൂഷ തുടങ്ങിയത്. വിടവാങ്ങൽ ശുശ്രൂഷയിലെ മൂന്നാംഘട്ട പ്രാർഥനകൾ വലിയപള്ളിയിൽ നടത്തിയശേഷം 3.30-ഓടെ ഭൗതികദേഹം കബറടക്ക ശുശ്രൂഷകൾ നടക്കുന്ന പുത്തൻകുരിശിലെ പാത്രിയാർക്കാ സെന്ററിലേക്ക് കൊണ്ടുപോയി. നിരവധി വാഹനങ്ങളുടെ അകമ്പടിയോടെ കെഎസ്ആർടിസിയുടെ ലോ ഫ്ളോർ ബസിലാണു ഭൗതികദേഹം വഹിച്ചത്.

സീറോമലബാർ സഭാ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ, സീറോമലങ്കര സഭാ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, കേന്ദ്രമന്ത്രി സുരേഷ് ഗോപി, മന്ത്രിമാരായ പി. പ്രസാദ്, വി.എൻ. വാസവൻ, നടൻ മമ്മൂട്ടി തുടങ്ങി നിരവധി പേർ അന്ത്യോപചാരമർപ്പിക്കാൻ എത്തിയിരുന്നു.

മദ്ബഹയിലെ ശുശ്രൂഷയ്ക്കുശേഷം കേരള സർക്കാരിന്റെ ഔദ്യോഗിക ബഹുമതിയോടെ വൈകുന്നേരം 5.30-ന് ഭൗതികദേഹം കത്തീഡ്രൽ പള്ളിയുടെ മദ്ബഹയ്ക്കു താഴെ വടക്കേമൂലയിൽ പ്രത്യേകം തയാറാക്കിയ കബറിടത്തിൽ സംസ്കരിച്ചു.

## സിൽവർലൈൻ

(3-ാം പേജിൽനിന്നും)

സർവ കക്ഷിയോഗം അടക്കം വിളിച്ച് പദ്ധതിയിൽ വ്യക്തത വരുത്തുന്നത് അടക്കം പരിഗണനയിലുണ്ട്. മെട്രോമാൻ ഇ. ശ്രീധരന്റെ ബദൽ നിർദേശവും പരിഗണിക്കും. കേന്ദ്ര സർക്കാരിന്റെ ഉപദേശവും കണക്കിലെടുക്കും. നിർദിഷ്ട കെ-റെയിൽപാത 1.435 മീറ്റർ വീതിയിലുള്ള സ്റ്റാൻഡേർഡ് ഗേജിലാണ് നിർമിക്കാനുദ്ദേശിക്കുന്നത്. 1.676 മീറ്റർ വീതിയുള്ള നിലവിലുള്ള ബ്രോഡ്ഗേജ് പാതകളുമായി ബന്ധിപ്പിക്കാൻ കഴിയാത്തതു കാരണം ദീർഘദൂര യാത്രക്കാർക്ക് തുടർയാത്രക്ക് പ്രയോജനപ്പെടില്ല.

ഈ സാങ്കേതികപ്രശ്നം അടക്കം പരിഹരിക്കേണ്ടതുണ്ട്. പ്രദേശങ്ങളെ രണ്ടായി വിഭജിക്കപ്പെടാതിരിക്കാനുള്ള കരുതലും എടുക്കും.

പദ്ധതിക്കായി മാറ്റങ്ങൾ വരുത്താൻ തയാറാണെന്നു കേന്ദ്രമന്ത്രിയെ മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിലാണു പ്രശ്നങ്ങൾ പരിഹരിച്ചാൽ പദ്ധതി നടപ്പാക്കാമെന്ന കേന്ദ്രമന്ത്രിയുടെ പ്രസ്താവന. കേരള സർക്കാർ ജൂൺ 2020-ൽ പദ്ധതിക്ക് അംഗീകാരം നൽകി കേന്ദ്രത്തിനു സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെ കേന്ദ്രത്തിന്റെ അനുമതി ലഭിച്ചിട്ടില്ല.

## ഏകവ്യക്തി നിയമം

(3-ാം പേജിൽനിന്നും)

കേരളത്തിലെ എല്ലാ സ്ത്രീകൾക്കും പ്രതിമാസം 2100 രൂപ നൽകും എന്ന വാഗ്ദാനമാണ് പ്രകടന പത്രികയിലെ പ്രധാന ആകർഷണം. ഓരോ വീടിനും 500 രൂപ നിരക്കിൽ എൽപിജി സിലിണ്ടറുകൾ, പ്രതിവർഷം രണ്ട് സൗജന്യ സിലിണ്ടറുകൾ എന്നിവയും വാഗ്ദാനങ്ങളിലുണ്ട്. അഞ്ച് ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും അധികമായി 2,87,500 സർക്കാർ ജോലികൾ ലഭ്യമാക്കുമെന്നും ബിജെപി വാഗ്ദാനം ചെയ്യുന്നു. തൊഴിൽരഹിതരായ വിദ്യാസമ്പന്നർക്കു രണ്ട് വർഷക്കാലയളവിൽ പ്രത്യേകം സ്റ്റൈപൻഡ് നൽകുമെന്നും അമിത് ഷാ പറഞ്ഞു.

പെൺകുട്ടികൾക്ക് കിൻഡർ ഗാർഡൻ മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള പഠനം സൗജന്യമാക്കും. ക്വിന്റലിന് 3,100 രൂപയ്ക്ക് കർഷകരിൽ നിന്നു നെല്ല് വാങ്ങുകയും 24 മണിക്കൂറിനുള്ളിൽ പണം ലഭ്യമാക്കുകയും ചെയ്യുമെന്നും വാഗ്ദാനങ്ങളിലുണ്ട്.

നവംബർ 13, 20 ദിവസങ്ങളിൽ രണ്ടു ഘട്ടമായാണ് ജാർഖണ്ഡിൽ തെരഞ്ഞെടുപ്പ്. നവംബർ 23-ന് വോട്ടെണ്ണൽ.

## ബൈബിൾ റീഡിങ് ചലഞ്ച്

(11-ാം പേജിൽനിന്നും)

ദൈവസ്നേഹം കൂടുതൽ ആഴത്തിൽ അനുഭവിക്കുന്നതിനും ദൈവത്തെ കൂടുതൽ അടുത്തറിയുവാൻ ഉപകരിക്കുന്ന ദിവസേനയുള്ള ഈ ബൈബിൾ പാരായണത്തിൽ കുട്ടികളെ തീർച്ചയായും പങ്കുകാരാക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം എന്ന് ഇടവക വികാരി ഫാദർ സിജു മുടക്കോടിയിൽ വിശുദ്ധ കുർബാന മദ്ധ്യേ മാതാപിതാക്കളെ ഉദ്ബോധിപ്പിച്ചു.

മതബോധന സ്കൂൾ ഡയറക്ടർ സജി പൂതൃക്കയിൽ ഇടവകയിലെ സി. എം.എൽ. യൂണിറ്റ് ഡയറക്ടേഴ്സ് ആയ സിസ്റ്റർ ജസീന, ജോജോ അനാലിൽ, ബിബി നെടുംതുരുത്തി പുത്തൻപുരയിൽ, സൂര്യ കരിക്കുളം, ഇടവകയിലെ മതാദ്ധ്യാപകർ എന്നിവർ ഈ സംരംഭത്തിന്റെ വിജയത്തിനായി വേണ്ടുന്ന എല്ലാ ക്രമീകരണങ്ങളും നടത്തിക്കൊണ്ടു പോരുന്നു.

# SEEKING BRIDEGROOM

*Christian Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5′, did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested,
please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email: **mallugurl81@gmail.com.**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God

# SEEKING BRIDE

*Parents from US are inviting proposals for their born again son working as a doctor (MD, 33 years, fair and slim). If interested, please email at **Questhdan@gmail.com**

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

## SEEKING BRIDEGROOM CONTD.....

fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

**Visit Our Website: www.keralaexpress.com for Matrimonial Advt.**

## ELDERLY COUPLE LOOKING FOR LIVE-IN CAREGIVER AT ELMHURST(CHICAGO)

Elderly couple (79 and 80 year old) looking for live-in caregiver, at Elmhurst (Chicago). Duties include assisting with daily activities, light cooking, housework, and overall company.

**Competitive pay, please contact**

**Ginash George 630-975-2525**

**for more information.**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**




## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ




*Inserted by: Firm Believer, Oklahoma*

### ഉപകാരസ്മരണ




*Inserted by: Firm Believer, Oklahoma*

### *Favors Received*




*Inserted by: Firm Believer, Atlanta*

### *Favors Received*




*Inserted by: Firm Believer, Atlanta*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*

### *Favors Received*



എത്രയും ദയയുള്ള മാതാവേ, നിന്റെ സങ്കേതത്തിൽ ഓടിവന്ന്, നിന്റെ സഹായം അപേക്ഷിച്ച്, നിന്റെ മാധ്യസ്ഥം യാചിച്ചവരിൽ ഒരുവനെയെങ്കിലും നീ ഉപേക്ഷിച്ചതായി ലോകത്തിൽ കേട്ടിട്ടില്ലെന്ന് ഓർക്കണമേ. കന്യകകളുടെ രാജ്ഞി, ദയയുള്ള മാതാവേ, ഇപ്രകാരമുള്ള വിശ്വാസത്താൽ ധൈര്യം പ്രാപിച്ച്, നിന്റെ തൃപ്പാദത്തിങ്കൽ ഞാനടുത്തു വരുന്നു. പാപിയായ ഞാൻ നെടുവീർപ്പോടും കണ്ണുനീരോടും കൂടെ നിന്റെ ദയാധിക്യത്തെ പ്രതീക്ഷിച്ചുകൊണ്ട് നിന്റെ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിൽ മാതാവേ, എന്റെ അപേക്ഷ നിരസിക്കാതെ ദയാപൂർവം കേട്ടരുളേണമേ. ആമേൻ.

*Inserted by: Firm Believer, Houston*

**Visit Our Website: www.keralaexpress.com for Classified Advt.**

# കാണാത്ത തീരങ്ങൾ

ജോയ്സി

121

ഹേമചന്ദ്രന്റെ കൊലപാതകം നടന്ന് നാലു മാസങ്ങൾക്കു ശേഷം ജൂലൈ മാസം ഒടുവിൽ തമിഴ്നാട് തിരുനെൽവേലിയിലെ താമ്രപർത്തി നദിക്കരയിലുള്ള വാകൈക്കുളം എന്ന സ്ഥലത്തുനിന്ന് അനിബാബുവിനെ പോലീസ് പിടികൂടി.

അയാളെ കേരളത്തിലെത്തിച്ച് വിശദമായ ചോദ്യംചെയ്യലിനു വിധേയനാക്കി. ഒട്ടേറെ കേസുകൾ നടത്തി പരിചയമുള്ള അനിബാബു, പോലീസ് പിടികൂടിയപ്പോൾ കുറ്റസമ്മതം നടത്തിയിരുന്നു. ഹേമചന്ദ്രനെ കഴുത്തു മുറിച്ചു കൊലപ്പെടുത്തുകയായിരുന്നു എന്നും ആ സമയം കയ്യുറകൾ ധരിച്ചിട്ടുണ്ടായിരുന്നെന്നും ആ കയ്യുറകളും ധരിച്ചിരുന്ന വസ്ത്രങ്ങളും ബോഡിനായ്ക്കന്നൂരിൽ വെച്ച് കത്തിച്ചുകളഞ്ഞിരുന്നുവെന്നും അനിബാബു പോലീസിനു മൊഴി നൽകി. കൊലനടത്താൻ ഉപയോഗിച്ച കത്തി കൊലപാതകത്തിനുശേഷം ഈരാറ്റുപേട്ട-വാഗമൺ-ഉപ്പുതറ വഴി കമ്പംമെട്ടിലേക്കു വരുന്നതിനിടയിൽ ഉപ്പുതറ പാലത്തിൽനിന്ന് പെരിയാറിലേക്കു വലിച്ചെറിഞ്ഞു. രാത്രിയായിരുന്നതിനാൽ കത്തി വീണത് കൃത്യമായി കണ്ടില്ല. പോലീസ് അനിബാബുവിനെ ഉപ്പുതറ ഭാഗത്ത് പെരിയാറിനു കുറുകെയുള്ള പാലത്തിൽ കൊണ്ടുപോയി, കത്തി എറിഞ്ഞ ദിശ കാട്ടിത്തരാൻ ആവശ്യപ്പെട്ടു.

"എന്റെ സാറൻമാരേ, അതൊന്നും ഇനി കണ്ടുപിടിക്കാൻ പറ്റത്തില്ല, പെരിയാറാ. നിറയെ പാറക്കെട്ടുകളും അള്ളുകളുമാ. കഴിഞ്ഞ മാസം മുതൽ ഭയങ്കര മഴേം വെള്ളോം. ഇപ്പത്തന്നെ ആറ് നിറഞ്ഞൊഴുകുവാ. എവിടെച്ചെന്നു തപ്പാനാ?"

കഠാര കണ്ടുപിടിക്കുക അസാധ്യമാണെന്ന് പോലീസിനും ബോധ്യപ്പെട്ടു. മഴക്കാലമാണ്. പെരിയാർ കലങ്ങിമറിഞ്ഞ് കുതിച്ചു പായുകയാണ്. ചപ്പാത്തു മുതൽ തോണിക്കടവു വരെ വെള്ളത്തിനടിയിൽ പാറകളും പാറകൾക്കുള്ളിൽ ചെറു തുരങ്കങ്ങളുമുണ്ട്.

ഹേമചന്ദ്രന്റെ ഘാതകൻ അനിബാബു ആണെന്നു തെളിയിക്കാൻ സാഹചര്യത്തെളിവുകളും അനിബാബുവിന്റെ കുറ്റസമ്മതവുമല്ലാതെ തൊണ്ടിസാധനങ്ങളൊന്നും പോലീസിനു കോടതിയിൽ ഹാജരാക്കാൻ കഴിഞ്ഞില്ല.

*** *** ***

ഓഗസ്റ്റ് മാസം ആദ്യവാരത്തിൽത്തന്നെ സോഫിയായ്ക്കു കനേഡിയൻ വിസ എത്തിച്ചേർന്നിരുന്നു. രാജ്യാന്തര വിമാന സർവീസുകൾ പുനരാരംഭിക്കുന്നതേയുള്ളൂ. വിമാനത്താവളങ്ങളെല്ലാം തന്നെ അടഞ്ഞു കിടക്കുകയാണ്. എന്നിരുന്നാലും ചരക്കു വിമാനങ്ങൾ, ആതുര സേവകരെയും മരുന്നുകളും കൊണ്ടുപോകുന്ന വിമാനങ്ങൾ എന്നിവ സർവീസ് നടത്തുന്നുണ്ട്. സോഫിയായയ്ക്കു കാനഡയിലേക്കു പോകാനുള്ള പണം സംഘടിപ്പിക്കണമായിരുന്നു. അവളുടെ കൈവശം ചില്ലിക്കാശില്ല. പൈസ ഇറക്കേണ്ട ചുമതല കിഷോറിനാണ്. ഇതിനകം തന്നെ സോഫിയായുടെ പഠനത്തിനും താമസത്തിനും വീസാ പരിശ്രമങ്ങൾക്കുമായി കിഷോറിന്റെ സമ്പാദ്യത്തിൽനിന്ന് നല്ലൊരു തുക ചെലവായിക്കഴിഞ്ഞു. ഒടുവിൽ അവൻ ധർമസങ്കടത്തോടെ സോഫിയായോടു പറഞ്ഞു: "നിന്നെ പ്രേമിച്ചു പ്രേമിച്ച് ഞാനൊരു പാപ്പരായിത്തീർന്നു. ഇനി കടക്കാരനാകാൻ പോകുവാണ്. അവസാനം ഞാനൊരു തെണ്ടിയായി മാറും."

"അയ്യോ കഷ്ടം! എന്നാ നമുക്ക് കാനഡായിൽ പോക്ക് ക്യാൻസൽ ചെയ്താലോ?" സോഫിയ ചോദിച്ചു.

"എന്നിട്ട്?"

"നമുക്ക് ഈ നാട്ടിൽത്തന്നെയങ്ങ് കൂടാം."

"എങ്ങനെ കൂടാമെന്ന്?"

"ഒരു വാടക വീടെടുത്ത് എന്നെ അവിടെ താമസിപ്പിക്കണം. നമ്മുടെ കല്യാണം കഴിഞ്ഞതാണല്ലോ."

"അപ്പോ നിന്റെ വീടിന്റെ കടങ്ങൾ തീർക്കണ്ടേ. അനുജത്തിമാരെ പഠിപ്പിക്കണ്ടേ. നിന്നെ പഠിപ്പിക്കാൻവേണ്ടി നിന്റെ മമ്മി നഷ്ടപ്പെടുത്തിയ ഗോൾഡ് എല്ലാം വാങ്ങിച്ചു കൊടുക്കണ്ടേ?"

"എനിക്കിനി എങ്ങോട്ടും പോകാൻ തോന്നുന്നില്ല കിച്ചുവേട്ടാ."

"എടി നന്ദികെട്ടവളേ... നീ എന്തൊക്കെയാ എന്നോടു പറഞ്ഞത്. നാൽപതു ലക്ഷം രൂപ വീട്ടിൽ കൊടുത്താലേ നിന്നെ കല്യാണം കഴിക്കാൻ പറ്റുന്ന്, അല്ലേ?"

"അതൊക്കെ ശരിയാ. പക്ഷേ, നമ്മുടെ കല്യാണം കഴിഞ്ഞു പോയില്ലേ കിച്ചുവേട്ടാ. ഇനിയെപ്പളാ നമ്മളൊന്നിച്ചു ജീവിക്കാൻ തുടങ്ങുന്നെ."

"എന്നിട്ടു വേണം നിന്റെ വീട്ടിലുള്ളവരെല്ലാംകൂടി എന്നെ കൂട്ടമായിട്ടു ശപിക്കാൻ. അതൊന്നും വേണ്ട. എല്ലാം മുൻപേ തീരുമാനിച്ചപോലെ തന്നെ മതി. രണ്ടു വർഷം കാനഡയിൽ ജോലി. വീട്ടുകാർക്ക് കൊടുക്കാനുള്ളത് കൊടുക്കുക. ഞാനന്ന് അവർക്കു വാക്ക് കൊടുത്തത്. പിന്നെ എന്റെ കടം വീട്ടുക."

"കിച്ചുവേട്ടന്റെ കടമോ?"

"നിന്നെ കാനഡയ്ക്കു കേറ്റി അയയ്ക്കുന്ന വകയിൽ എത്ര ലക്ഷം രൂപയാ എന്റെ കയ്യീന്ന് എക്സ്പെൻസ് വരുന്നെ."

"അതൊക്കെ ഞാൻ വീട്ടണോ? ഹസ്ബന്റ് വൈഫിനുവേണ്ടി മുടക്കുന്ന പൈസ കടമാണോ? അത് വൈഫ് ജോലി ചെയ്തു വീട്ടണോ?"

"ഇതിപ്പോ ഒരു മനസ്സമാധാനത്തിനുവേണ്ടി മാര്യേജ് രജിസ്റ്റർ ചെയ്തതാണോ കുരിശായത്. കാര്യങ്ങളൊന്നും നടന്നുമില്ല, ഉത്തരവാദിത്തം മുഴുവൻ ചുമക്കുകേം വേണം."

"എന്തു കാര്യങ്ങളാ മോനേ നടക്കാത്തത്?" സോഫിയ കുസൃതിയിൽ അവനെ നോക്കി.

"ഹണിമൂണൊക്കെ പെൻഡിങ്ങിലല്ലേ."

"ഓ - അതാണ് കാര്യം... അതിനല്ലേ ഞാൻ പറഞ്ഞത് വാടക വീടെടുത്ത് താമസം തുടങ്ങാംന്ന്."

"ആ അഭ്യാസമൊക്കെ മനസ്സിൽ വെച്ചിരുന്നാ മതി. കാനഡയ്ക്കു പോകാനുള്ള പൈസ ഞാൻ തെണ്ടിയിട്ടാണെങ്കിലും സംഘടിപ്പിച്ചു തന്നേക്കാം."

സോഫിയ അതുകേട്ട് ചിരിച്ചു.

ലോൺ എടുക്കുകയല്ലാതെ കിഷോറിനു മറ്റ് മാർഗമൊന്നും ഇല്ലായിരുന്നു. സന്ദീപിനോട് കുറെ പണം കടം വാങ്ങി. ഒരു ആത്മസുഹൃത്തിന്റെ അടിയന്തര ചികിത്സയ്ക്കുവേണ്ടി എന്നു കള്ളം പറഞ്ഞ്, വൈഷ്ണവിയുടെ, ബാങ്ക് ലോക്കറിലിരുന്ന സ്വർണം മുഴുവൻ എടുപ്പിച്ച് പണയം വെച്ചു. ഓഗസ്റ്റ് അവസാനത്തോടെ സോഫിയായ്ക്കുള്ള ഫ്ളൈറ്റും എയർ ടിക്കറ്റും റെഡിയായി. സോഫിയായെ യാത്ര അയയ്ക്കാൻ നെടുമ്പാശേരി എയർപോർട്ടിൽ സന്ദീപിനോടൊപ്പം അല്ലിമയും പോയി. കൂത്താട്ടുകുളത്തുനിന്ന് സോഫിയായെ കൊണ്ടുവിടാനായി കുര്യച്ചനും എത്തിയിരുന്നു.

"സൂക്ഷിക്കണം മോളെ. കോവിഡാണ് ലോകമെമ്പാടും." കുര്യച്ചൻ മകളെ ഓർമിപ്പിച്ചു.

"എനിക്കു പേടിയൊന്നുമില്ല പപ്പാ. ഞാൻ നല്ല ഹെൽത്തിയല്ലേ. പിന്നെ, കോവിഡിനെ തുരത്താനുള്ള ചില പൊടിക്കൈ മെഡിസിൻസൊക്കെ കിച്ചുവേട്ടൻ തന്നിട്ടൊണ്ട്."

എയർപോർട്ടിൽവെച്ച് പിരിയുന്നതിനു മുൻപ് സോഫിയ അല്ലിമയോടു ചോദിച്ചു:

"എന്നാണ് നിങ്ങളുടെ കല്യാണം?"

"തീരുമാനിച്ചില്ല. സമയം ഒണ്ടല്ലോ, എന്തായാലും നിങ്ങടെ ഒറിജിനൽ മാര്യേജിനു മുൻപേ ഞങ്ങളുടേത് നടത്തും."

അല്ലിമ പുഞ്ചിരിയോടെ പറഞ്ഞു.

"ഒറിജിനലോ?"

സോഫിയാ ഒളികണ്ണിട്ട് കുര്യച്ചനെ നോക്കി. കുര്യച്ചൻ എയർപോർട്ടിലെ കാഴ്ചകൾ കണ്ട് ആശ്ചര്യത്തിൽ നിൽക്കുകയാണ്.

"കിച്ചുവേട്ടാ... ഇനി ഒറിജിനൽ കല്യാണം എന്നൊന്ന് ഉണ്ടോ?" സോഫിയ സ്വരം താഴ്ത്തി ചോദിച്ചു.

"കാര്യം മനസ്സിലായില്ലേ. രണ്ടു വർഷം കഴിയുമ്പം നീയൊരു ഫ്ളൈറ്റിൽ കേറി ഇങ്ങു വരും. അപ്പോൾ നമ്മുടെ വീട്ടുകാർ പരസ്പരം ആലോചിച്ച് ആഘോഷമായിട്ട് കല്യാണം നടത്തും. അതാണ് ഒറിജിനൽ കല്യാണം." കിഷോർ പറഞ്ഞു.

"ഞാൻ രണ്ടു വർഷം കഴിഞ്ഞു തിരിച്ചു വന്നില്ലെങ്കിലോ?"

സോഫിയ കുസൃതി പിടിച്ചു.

"ഞാനൊരു ഫ്ളൈറ്റിൽ കേറി അങ്ങോട്ടു വരും. അവിടെവെച്ച് അറസ്റ്റ് ചെയ്ത് നാട്ടിലേക്ക് അടുത്ത ഫ്ളൈറ്റിൽ കേറ്റി അയയ്ക്കും." കിഷോർ പറഞ്ഞു.

പിരിയേണ്ട സമയമായി.

കരഞ്ഞും കണ്ണീരു തുടച്ച് ആശ്വസിപ്പിച്ചും ആലിംഗനം ചെയ്തും അവർ പരസ്പരം യാത്രപറഞ്ഞു പിരിഞ്ഞു. ഒന്നര മണിക്കൂറിനുശേഷം സോഫിയായെയും വഹിച്ചുകൊണ്ടുള്ള കനേഡിയൻ വിമാനം നെടുമ്പാശേരിയുടെ ആകാശത്ത് പറന്നു പൊങ്ങി ദൂരെ ചക്രവാളത്തിൽ മറഞ്ഞു.

*** *** ***

ഹരിപ്പാട്ടുനിന്നുള്ള രണ്ടു കാറും രാജഗോപാലിന്റെ വീട്ടുമുറ്റത്ത് എത്തിനിന്നു.

ജയദേവൻ നമ്പ്യാരുടെ കാറിൽനിന്ന് നമ്പ്യാരും രാജശ്രീയും ഇറങ്ങി.

സന്ദീപിന്റെ കാറിലായിരുന്നു നന്ദന.

അവരെ സ്വീകരിച്ച് അകത്തേക്ക് ആനയിക്കുന്നതിനിടയിൽ രാജഗോപാൽ ചോദിച്ചു:

"എന്താ രണ്ടു കാറിൽ വന്നത്. നാലുപേർക്കുംകൂടി ഒരു കാർ മതിയായിരുന്നല്ലോ."

"അങ്കിളേ... ഇവരങ്ങ് തിരിച്ചു പോകും. എനിക്ക് വേറെ കുറെ പ്രോഗ്രാംസ് ഉണ്ട്." സന്ദീപ് പറഞ്ഞു. പെരിയാർ വാലിയിൽനിന്ന് ശേഖരൻകുട്ടിയും രമണിയും എത്തിച്ചേർന്നിട്ടുണ്ടായിരുന്നു. കോവിഡ് കാലമായതിനാൽ യാത്രാ പരിമിതികൾ പരിഗണിച്ച് രാജഗോപാലും അല്ലിമയുംകൂടി പെരിയാർവാലിയിൽ പോയി അവരെ കാറിൽ കൂട്ടിക്കൊണ്ടു വരികയാണു ചെയ്തത്. അവരെ കൂടാതെ സുധാകരൻ നായരും വൈഷ്ണവിയും കിഷോറും ഗോപികയും കൂടി അതിഥികളായി അവിടെയുണ്ട്. സന്ദീപും അല്ലിമയും തമ്മിലുള്ള വിവാഹം എന്നു നടത്തണം, എങ്ങനെ നടത്തണം തുടങ്ങിയ കാര്യങ്ങൾ കൂടിയാലോചിക്കാനും തീരുമാനമെടുക്കാനും വേണ്ടിയുള്ള ഒത്തുചേരലായിരുന്നു അത്.

"അല്ലിമയുടെ ഡേറ്റ് ഓഫ് ബെർത്ത് വെച്ച് ഞാനൊരു ജ്യോത്സ്യനെക്കൊണ്ട് ജാതകം എഴുതിച്ചിട്ടുണ്ട്." ജയദേവൻ നമ്പ്യാർ പറഞ്ഞു: "സന്ദുവിന്റെ ജാതകവും അതും തമ്മിൽ ഒത്തു നോക്കിച്ചപ്പോൾ പൊരുത്തക്കേടൊന്നും ഇല്ലായെന്നാണ് ജ്യോത്സ്യൻ പറഞ്ഞത്."

"അത്രേയുള്ളു കാര്യം. ഇത് ആദ്യംതന്നെ നടത്തീരുന്നെങ്കിലും ഒരു കുഴപ്പോം ഇല്ലായിരുന്നു. അല്ലേ ചേച്ചീ..." സുധാകരൻ നായർ രാജശ്രീയോടു ചോദിച്ചു.

"ജാതകം ഒത്തുനോക്കാതെ നടത്താൻ പറ്റില്ല. അക്കാര്യത്തിൽ അന്നുമിന്നും എനിക്ക് ഒരേ അഭിപ്രായം തന്നെയാ." ജയദേവൻ നമ്പ്യാർ പറഞ്ഞു.

"അന്ന് ഞങ്ങൾക്ക് ഈ നിർബന്ധബുദ്ധി കാരണം കുറെ മനോവിഷമം ഉണ്ടായെങ്കിലും ഇപ്പോ സന്ദീപിന്റെ അച്ഛനോട് താങ്ക്സ് പറയുകയാണ്." രാജഗോപാൽ പറഞ്ഞു: "അങ്ങനെ നിർബന്ധം പിടിച്ചതുകൊണ്ട് എന്തെല്ലാം കാര്യങ്ങൾ വെളിച്ചത്തു വന്നു. ആരെയെല്ലാം തിരിച്ചറിയാൻ സാധിച്ചു. ആരുടെയെല്ലാം ക്രൂരതകൾ ലോകം അറിഞ്ഞു. മഹാപാപം ചെയ്തവർക്ക് അർഹിക്കുന്ന ശിക്ഷ കിട്ടാനും ഇടയായി."

പൊടുന്നനെ ഒരു മ്ലാനത എല്ലാ മുഖങ്ങളിലും ദൃശ്യമായി. കഴിഞ്ഞുപോയ സംഭവങ്ങളുടെ ഓർമകളിലേക്ക് പിൻവലിഞ്ഞതായിരുന്നു ആ വിഷാദ മൂകതയ്ക്കു കാരണം.

ഒടുവിൽ രാജശ്രീ മൗനം ഭഞ്ജിച്ചു.

"കല്യാണം എന്നു നടത്താൻ പറ്റും?"

"കല്യാണം കഴിക്കേണ്ടവർ അവരുടെ അഭിപ്രായം പറയട്ടെ."

സുധാകരൻ നായർ നിർദേശിച്ചു.

"കല്യാണം അടുത്തവർഷം നടത്തിയാൽ മതിയെന്നാ ഞങ്ങളുടെ അഭിപ്രായം." സന്ദീപ് അല്ലിമയോടു ചേർന്നു നിന്നുകൊണ്ട് പറഞ്ഞു. "ഈ കോവിഡ് പ്രതിസന്ധി ഒന്നു കഴിഞ്ഞോട്ടെ."


"അതാണ് നല്ലത്."

വൈഷ്ണവി പിന്താങ്ങി.

"ഇപ്പോ നടത്തിയാ ആഘോഷമാക്കാൻ പറ്റില്ല. പരമാവധി അൻപതു പേർ. നമ്മുടെ ചെക്കന്റേം പെണ്ണിന്റേം കല്യാണം അങ്ങനെ നടത്തിയാ മതിയോ? എല്ലാവരും അറിയണ്ടേ. പന്തലും സദ്യേം നാദസ്വരമേളോം വേണ്ടേ..."

ഒടുവിൽ അങ്ങനെ തീരുമാനിക്കപ്പെട്ടു.

കോവിഡ് മഹാമാരിക്ക് ഒരു ശമനമുണ്ടാകുന്ന മുറയ്ക്ക് വിവാഹം നടത്താം. അതുവരെ അല്ലിമയ്ക്കു വേണമെങ്കിൽ സിവിൽ സർവീസിന്റെ പ്രവേശന പരീക്ഷയ്ക്കു തയാറെടുക്കാം. ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം രാജശ്രീയും സന്ദീപും ജയദേവൻ നമ്പ്യാരും നന്ദനയുംകൂടി സുധാകരൻ നായരുടെ വീട്ടിലേക്കു പോയി. അവിടത്തെ വിശിഷ്ടാതിഥികളായി അന്നേ ദിവസം താമസിച്ചശേഷം പിറ്റേന്ന് നമ്പ്യാരും രാജശ്രീയും നന്ദനയും ഹരിപ്പാട്ടേക്കു തിരിച്ചുപോയി.



ശേഖരൻകുട്ടിയും രമണിയും രാജഗോപാലിന്റെ വീട്ടിലാണു താമസിച്ചത്. അവരെ തിരിച്ചു പെരിയാർവാലിയിൽ എത്തിക്കേണ്ട ചുമതല സന്ദീപും അല്ലിമയുംകൂടി ഏറ്റെടുത്തു. സന്ദീപിന്റെ കാറിൽ അവരെ പെരിയാർവാലിയിലെ വീട്ടിൽ എത്തിച്ചു. തിരിച്ചുപോകും മുൻപ് അല്ലിമ അച്ഛനെയും അമ്മയെയും സംസ്കരിച്ച സ്ഥലത്തു ചെന്നുനിന്ന് മൂകമായി പ്രാർത്ഥിച്ചു. തിരികെ പോരാനിറങ്ങിയപ്പോൾ സന്ദീപ് ശേഖരൻകുട്ടിയോടും രമണിയോടുമായി പറഞ്ഞു:

"എന്നെ ഇനിയൊരു അന്യനായിട്ട് കാണരുത്. അല്ലിമയുടെ മുത്തച്ഛനും മുത്തശ്ശിയും എന്റേംകൂടിയാണ്. എന്താവശ്യമുണ്ടെങ്കിലും ഞാൻ തന്നിട്ടുള്ള ഫോൺ നമ്പറിൽ വിളിച്ചാ മതി. ഒറ്റപ്പെട്ടു പോയെന്നോ സഹായത്തിന് ആരുമില്ലെന്നോ ഉള്ള ചിന്തയേ വേണ്ട. ഞങ്ങളുണ്ട്."

"അറിയാം മോനേ..." ശേഖരൻകുട്ടി സന്ദീപിന്റെ കരംഗ്രഹിച്ചു.

"ഞങ്ങൾക്ക് വേണ്ടി എന്തെല്ലാം ചെയ്തു. ഇനീം ചെയ്യുമെന്നറിയാം. ആ സന്മനസ്സു മാത്രം മതി ഞങ്ങക്ക്."

അല്ലിമ രമണിയോടു യാത്ര പറഞ്ഞു:

"ഞങ്ങൾ ഇടയ്ക്കിടെ വരും. എനിക്കു നിങ്ങളെ രണ്ടുപേരെയും കാണണം. നിങ്ങളിൽകൂടിയാ ഞാനെന്റെ അച്ഛനെ കാണുന്നെ. ഞാനൊരിക്കലും കണ്ടിട്ടില്ലല്ലോ. ഇനിയൊരിക്കലും കാണാനും പറ്റില്ലല്ലോ." രമണി അവളെ ആശ്ലേഷിച്ച് നെറുകയിൽ മുകർന്നു. അവർ മനംനിറഞ്ഞ് അനുഗ്രഹങ്ങൾ ചൊരിഞ്ഞ് അവളെ യാത്രയാക്കി.

തിരിച്ചു പോകുമ്പോൾ, അല്ലിമയ്ക്ക് ഇടുക്കി ഡാം കാണണമെന്നു പറഞ്ഞതിനാൽ സന്ദീപ് ചെറുതോണി വഴിയാണ് കാർ വിട്ടത്. ഇടുക്കി ഡാമും ചെറുതോണി ഡാമും കണ്ടശേഷം അവർ റിസർവ് വനത്തിലൂടെയുള്ള പാതയിലൂടെ കാറോടിച്ച് കുളമാവ് ഡാമിലെത്തി. അവിടെയും കാർ നിർത്തി കാഴ്ച കണ്ടു. വീണ്ടും യാത്ര തുടർന്നു.

നാടുകാണി ചുരത്തിനു മുകളിലെത്തിയപ്പോൾ സന്ദീപ് ഇടതുവശത്തെ പോക്കറ്റ് റോഡിലേക്കു കാർ തിരിച്ചു. ഒരു ഇരുനില കെട്ടിടത്തിന്റെ കാർ പോർച്ചിൽ കാർ ചെന്നു നിന്നു. നാടുകാണി പവിലിയൻ ആയിരുന്നു അത്.

"ഇതൊരു വ്യൂ പോയിന്റാണ്. പഴയൊരു സൂയിസൈഡ് പോയിന്റും." സന്ദീപ് ഡോർ തുറന്ന് ഇറങ്ങി. പുറകെ അല്ലിമയും ഇറങ്ങിച്ചെന്നു. നാടുകാണി വ്യൂ പോയിന്റ് പവിലിയന്റെ കമ്പിവേലിക്കരികെ നിന്ന് വിദൂരതയിലേക്കു നോക്കിയ അല്ലിമയുടെ മിഴികളിൽ ആശ്ചര്യം വിടർന്നു.

"വൗ... ബ്യൂട്ടിഫുൾ... എന്തു ഭംഗി കാണാൻ!" അല്ലിമ ഉല്ലാസഭരിതയായി.

"അങ്ങനെ നമ്മൾ ഇവിടെയും എത്തി." സന്ദീപ് പുഞ്ചിരി പൂണ്ടു.

"ഇവിടെയും? എന്നുവെച്ചാൽ...?" അല്ലിമ സാകൂതം അവനെ നോക്കി.

"ഓർത്തു നോക്ക്. നമ്മുടെ കണ്ടുമുട്ടൽ ഒരു ചെറിയ സംഭവമായിരുന്നു. ഒരു ഹൗസ് വാമിങ്. അന്ന് എത്രപേരെ കണ്ടു. പരിചയപ്പെട്ടു. നമ്മൾ ഓർക്കുന്നുണ്ടോ – ഇല്ല. പക്ഷേ, നമ്മുടെ കണ്ടുമുട്ടലോ! അതിനുശേഷം എന്തെല്ലാം സംഭവങ്ങൾ. എവിടെയെല്ലാം നമ്മൾ ഒന്നിച്ചു യാത്ര ചെയ്തു. എന്തെല്ലാം പ്രതിബന്ധങ്ങളെ നേരിട്ടു. എത്രയെത്ര നിഗൂഢതകളുടെ മറ നീക്കി. ആരെയെല്ലാം കണ്ടെത്തി. ആരെയൊക്കെ നഷ്ടപ്പെട്ടു... നമ്മുടെ ആ കണ്ടുമുട്ടലായിരുന്നു എല്ലാറ്റിനും നിമിത്തം."

"ശരിയാണ്." അല്ലിമ പ്രേമപൂർവം അവനോടു ചേർന്നു നിന്ന് ദൂരേക്കു നോക്കി.

പവിലിയനു താഴെയുള്ള സൂയിസൈഡ് പോയിന്റിലെ പാറക്കെട്ടും വനാന്തരങ്ങളും! അങ്ങ് അഗാധ താഴ്‌വരയെ പകുത്തൊഴുകുന്ന ജലപ്രവാഹം ക്രമേണ പുഴയായി മാറുന്നതും അവയ്ക്കു മീതെയുള്ള പാലങ്ങളും കൈരേഖ പോലുള്ള റോഡുകളും പുഴ ചെന്നു ചേരുന്നിടത്തെ മലങ്കര ഡാമും. ഇരുവശങ്ങളിലെയും പർവതങ്ങളും പാറക്കെട്ടുകളും പാലരുവികളും ചേർന്നുള്ള കാഴ്ച അതിമനോഹരമായിരുന്നു.

സായാഹ്ന സൂര്യന്റെ മഞ്ഞ വെയിൽ വീണ വിദൂര സമതലങ്ങൾ അങ്ങകലെ ചക്രവാളത്തിൽ ലയിച്ചു ചേരുന്ന പോലെ.

സന്ദീപ് അവളുടെ അരയിൽ കൈ ചുറ്റി. അല്ലിമ അവന്റെ ചുമലിൽ ശിരസ്സർപ്പിച്ച് ആനന്ദമുഗ്ധയായി നിന്നു.

(അവസാനിച്ചു)

# ലോകത്തിലെ മൂന്നിലൊന്ന് വൃക്ഷസമ്പത്ത് വംശനാശ ഭീഷണിയിൽ

പത്തനംതിട്ട: ലോകത്തെ മൂന്നിലൊന്നു വൃക്ഷസമ്പത്തും നിലനിൽപുഭീഷണി നേരിടുന്നതായി രാജ്യാന്തര പരിസ്ഥിതിപാലന സംഘടനയായ ഐയുസിഎന്നിന്റെ മുന്നറിയിപ്പ്. ഗവേഷകർ ഇതിനകം തിരിച്ചറിഞ്ഞു രേഖപ്പെടുത്തിയ 1,66,061 വൃക്ഷങ്ങളിൽ 46,337 എണ്ണവും സംരക്ഷിച്ചില്ലെങ്കിൽ കുറ്റിയറ്റു പോകുന്ന സ്ഥിതിയിലാണെന്നു സംഘടന പുറത്തിറക്കിയ ആദ്യ ആഗോള വൃക്ഷ കണക്കെടുപ്പിൽ പറയുന്നു.

കൊളംബിയയിൽ ആരംഭിച്ച പതിനാറാമതു ജൈവവൈവിധ്യ സമ്മേളനത്തിലാണു പഠനഫലം പുറത്തുവിട്ടത്.

ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ വംശനാശപ്പട്ടിക പ്രസിദ്ധീകരണം ആരംഭിച്ചതിന്റെ 60–ാം വർഷം പ്രമാണിച്ചാണു വൃക്ഷക്കണക്കെടുപ്പു നടത്തിയതെന്നു ഡയറക്ടർ ജനറൽ ഡോ. ഗ്രെഥേൽ ഓഗിലാൽ പറഞ്ഞു.

ലോകത്തെ ജൈവവൈവിധ്യ കലവറയായ തെക്കേ അമേരിക്കയിൽ 3356 ഇനം മരങ്ങളാണു വംശനാശത്തിന്റെ വക്കിലെത്തിയിരിക്കുന്നത്. പക്ഷികൾ, വന്യജീവികൾ എന്നിവയെക്കാൾ കൂടുതൽ വംശനാശഭീഷണിത്തോത് വൃക്ഷവൈവിധ്യത്തിനാണ് – 38 ശതമാനം.

1000 ശാസ്ത്രജ്ഞർ ചേർന്ന് 192 രാജ്യങ്ങളിലെ 47,282 വൃക്ഷങ്ങളെപ്പറ്റി നടത്തിയ പഠനത്തിൽ അതിൽ 16,425 എണ്ണവും സമീപഭാവിയിൽത്തന്നെ ഇല്ലാതായേക്കാവുന്ന നിലയിലാണെന്നു ചൂണ്ടിക്കാട്ടുന്നു.

ഇന്ത്യ ഉൾപ്പെടെ മധ്യരേഖാപ്രദേശത്തും ചുഴലിക്കാറ്റും കടലേറ്റവുംമൂലം പല മരങ്ങളും വംശമറ്റുപോകുന്ന സ്ഥിതിയാണ്. മരങ്ങളില്ലെങ്കിൽ ലോകത്തിന്റെ ജൈവസന്തുലനം ഇല്ലാതാകുമെന്നതിനാൽ വൃക്ഷനയം സംബന്ധിച്ചു കരാറുകൾ നടപ്പാക്കാനാണ് ഐയുസിഎൻ ശ്രമം.

# ക്ഷയം ഏറ്റവും വലിയ പകർച്ചവ്യാധി

തൃശൂർ: രോഗാണു മൂലമുള്ള ഏറ്റവും വലിയ പകർച്ചവ്യാധിയെന്ന നിലയിലേക്ക് ക്ഷയരോഗം മാറുന്നു. മാനവരാശിയെ വിറപ്പിച്ച കോവിഡിനെ മറികടന്നാണീ വ്യാപനം. ലോകാരോഗ്യസംഘടന ഈയിടെ പ്രസിദ്ധീകരിച്ച ടി.ബി. റിപ്പോർട്ടിലാണ് വിവരങ്ങൾ. ആകെ രോഗികളിൽ 26 ശതമാനവും ഇന്ത്യയിലാണ്. കഴിഞ്ഞ റിപ്പോർട്ടിൽ 27 ശതമാനമായിരുന്നുവെന്നതാണ് ചെറിയൊരു ആശ്വാസം.

മുൻപുള്ള മൂന്നുവർഷം ലോകത്ത് ഏറ്റവുംകൂടുതൽ ജീവനപഹരിച്ചത് കോവിഡാണ്. എന്നാൽ, 2023–ൽ 12.5 ലക്ഷം ജീവനെടുത്ത് ക്ഷയരോഗം തിരിച്ചെത്തി.

ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ രോഗപ്രതിരോധം തുടങ്ങിയശേഷം ഏറ്റവും കൂടുതൽ പുതിയ രോഗികളുണ്ടായ വർഷമാണ് കഴിഞ്ഞുപോയത്. 82 ലക്ഷം പേരിലാണ് പുതിയതായി സ്ഥിരീകരിച്ചത്. മുൻവർഷമിത് 75 ലക്ഷമായിരുന്നു. ഔഷധപ്രതിരോധമുള്ള രോഗത്തിന്റെ വ്യാപനമാണ് വലിയ ഭീഷണി.

# വിദേശികൾക്കായി പൗരത്വനിയമം ഉദാരമാക്കേണ്ട: സുപ്രീംകോടതി

ന്യൂഡൽഹി: വിദേശികൾക്ക് ഇന്ത്യൻ പൗരത്വം നൽകുന്നതിനായി 1955-ലെ പൗരത്വനിയമത്തെ ഉദാരമായി വ്യാഖ്യാനിക്കേണ്ടതില്ലെന്ന് സുപ്രീംകോടതി. പൗരത്വനിയമത്തിലെ വകുപ്പുകളിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ വ്യക്തവും ലളിതവുമാണ്. അതിനാൽ, സ്വാഭാവികമായ അർത്ഥത്തിൽത്തന്നെ എടുത്താൽമതിയെന്ന് മദ്രാസ് ഹൈക്കോടതിയുടെ 2022 മേയിലെ ഉത്തരവ് റദ്ദാക്കിക്കൊണ്ടുള്ള വിധിയിൽ ജസ്റ്റിസ് എ.എസ്. ഓക അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

മാതാപിതാക്കൾ ഇന്ത്യൻപൗരത്വം ഉപേക്ഷിക്കുന്ന സമയത്ത്, ഗർഭസ്ഥശിശുവിന് അത് അവകാശപ്പെടാമെന്നായിരുന്നു ഹൈക്കോടതിവിധി. ഇന്ത്യൻ പൗരത്വത്തിനുള്ള അപേക്ഷ തള്ളിയ കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ 2019-ലെ ഉത്തരവ് ചോദ്യംചെയ്ത് പ്രണവ് ശ്രീനിവാസൻ എന്നയാൾ നൽകിയ ഹർജിയിലായിരുന്നു ഹൈക്കോടതിയുടെ വിധി.

തമിഴ്നാട്ടുകാരായിരുന്ന മാതാപിതാക്കൾ ഇന്ത്യൻ പൗരത്വം ഉപേക്ഷിച്ച് സിങ്കപ്പൂരിലേക്ക് പോകുമ്പോൾ ഗർഭസ്ഥശിശുവായിരുന്നു പ്രണവ്. 1998-ൽ അച്ഛനമ്മമാർ സിങ്കപ്പൂർ പൗരത്വമെടുത്തശേഷമാണ് പ്രണവ് ജനിച്ചത്. ജനനംകൊണ്ട് സിങ്കപ്പൂർ പൗരനായ പ്രണവ് പ്രായപൂർത്തിയായപ്പോൾ ഇന്ത്യൻ പൗരത്വത്തിന് അപേക്ഷിക്കുകയായിരുന്നു. പൗരത്വനിയമം എട്ടാം (രണ്ട്) വകുപ്പുപ്രകാരം പൗരത്വം പുനഃസ്ഥാപിക്കണമെന്ന പ്രണവിന്റെ അപേക്ഷ സർക്കാർ തള്ളി.

ഈ വകുപ്പുപ്രകാരമുള്ള പൗരത്വം പുനഃസ്ഥാപിക്കലിന് പ്രണവ് അർഹനല്ലെന്നാണ് ആഭ്യന്തരമന്ത്രാലയം ചൂണ്ടിക്കാട്ടിയത്. പകരം നിയമത്തിലെ മറ്റുവകുപ്പുകൾപ്രകാരം പുതുതായി പൗരത്വത്തിന് അപേക്ഷിക്കാമെന്നും മന്ത്രാലയം വ്യക്തമാക്കി. ഇതിനെതിരെ പ്രണവ് നൽകിയ ഹർജിയിൽ മദ്രാസ് ഹൈക്കോടതിയിൽനിന്ന് അനുകൂലവിധിയുണ്ടായി. ഇതിനെതിരെ കേന്ദ്രസർക്കാർ സുപ്രീംകോടതിയെ സമീപിക്കുകയായിരുന്നു.

പ്രണവിന്റെ അച്ഛനമ്മമാരും അവരുടെ അച്ഛനമ്മമാരും തമിഴ്നാട്ടിലാണ് ജനിച്ചത്. മാതാപിതാക്കളുടെ അച്ഛനമ്മമാർ സ്വാതന്ത്ര്യത്തിനുമുൻപ് അവിഭക്ത ഇന്ത്യയിൽ ജനിച്ചവരാണെന്നതിനാൽ തനിക്ക് സ്വാഭാവികമായി ഇന്ത്യൻ പൗരത്വത്തിന് അവകാശമുണ്ടെന്നാണ് പ്രണവ് വാദിച്ചത്.

എന്നാൽ, ഈ വാദം സുപ്രീംകോടതി തള്ളി. ഇത് അംഗീകരിച്ചാൽ, ആദ്യ പൗരത്വനിയമം നിലവിൽവന്ന 1935-നുശേഷം പാക്കിസ്ഥാനിലോ ബംഗ്ലാദേശിലോ ജനിച്ചവരുടെ മക്കളോ കൊച്ചുമക്കളോ ഇന്ത്യൻ പൗരത്വത്തിന് അർഹരാവില്ലേയെന്ന് സുപ്രീംകോടതി ചോദിച്ചു.

## ഇലക്ടറൽ കോളജ് എന്ന മറിമായം

(18-ാം പേജിൽനിന്നും)

നവംബറിൽ നടക്കുന്ന പൊതുതെരഞ്ഞെടുപ്പിൽ അവർ വോട്ട് ചെയ്യുമ്പോൾ, അവർ ഇതുവരെ ഇലക്ടർമാരായിട്ടില്ല. ഇവർ സ്വയം ഇലക്ടറാകാൻ വേണ്ടി വോട്ട് ചെയ്യുന്നു. അവർ മാത്രമാണ് യഥാർത്ഥത്തിൽ പ്രസിഡണ്ടിന് വോട്ട് ചെയ്യുന്നത്. അവർ ഇലക്ടറുടെ മീറ്റിംഗിൽ ഇത് ചെയ്യുന്നു. (ഡിസംബറിലെ രണ്ടാമത്തെ ബുധനാഴ്ചയ്ക്കു ശേഷമുള്ള ആദ്യത്തെ തിങ്കളാഴ്ച).

ഇലക്ടർമാർ അവരുടെ സംസ്ഥാനങ്ങളിലെ ജനകീയ വോട്ടിന്റെ ഫലങ്ങൾ അനുസരിച്ച് വോട്ട് ചെയ്യണമെന്ന് ആവശ്യപ്പെടുന്ന ഭരണഘടനാ വ്യവസ്ഥയോ ഫെഡറൽ നിയമമോ ഇല്ല. എന്നിരുന്നാലും ചില സംസ്ഥാനങ്ങൾ വോട്ടർമാരുടെ വോട്ട് പോപ്പുലർ വോട്ട് അനുസരിച്ച് രേഖപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നു. ഇലക്ടർമാർക്ക് പൂർണ്ണ സ്വാതന്ത്ര്യം വേണമെന്ന് ഭരണഘടന ആവശ്യപ്പെടുന്നില്ലെന്നും അതിനാൽ പാർട്ടികളുടെ നോമിനികൾക്ക് വോട്ട് ചെയ്യാൻ വോട്ടർമാരിൽ നിന്ന് രാഷ്ട്രീയ പാർട്ടികൾക്ക് പ്രതിജ്ഞയെടുക്കാമെന്നും യുഎസ് സുപ്രീംകോടതി അഭിപ്രായപ്പെട്ടു. 'വിശ്വാസമില്ലാത്ത ഇലക്ടർമാർ' എന്ന് വിളിക്കപ്പെടുന്നവർ പിഴയ്ക്ക് വിധേയമാകാം. അല്ലെങ്കിൽ അസാധുവായ വോട്ട് രേഖപ്പെടുത്തിയതിന് അയോഗ്യരാക്കപ്പെടുകയും പകരം ഒരു ഇലക്ടറെ നിയമിക്കുകയും ചെയ്യുമെന്ന് ചില സംസ്ഥാന നിയമങ്ങൾ നല്കുന്നു. തങ്ങളുടെ പാർട്ടിയുടെ സ്ഥാനാർത്ഥിക്കല്ലാത്ത മറ്റൊരാൾക്ക് ഇലക്ടർ വോട്ട് നല്കി ജനകീയ വോട്ടിനെ അവഗണിക്കുന്ന ഇലക്ടറുകൾ വിരളമാണ്. ഇലക്ട്രറ്റർമാർ പൊതുവെ അവരുടെ പാർട്ടിയിൽ നേതൃസ്ഥാനം വഹിക്കുന്നു അല്ലെങ്കിൽ പാർട്ടിയിലുള്ള വിശ്വസ്ത സേവനത്തെ അംഗീകരിക്കാൻ തെരഞ്ഞെടുക്കപ്പെട്ടവരാണ്.

ഇലക്ടർമാർ പ്രസിഡണ്ടിന് വോട്ട് ചെയ്യുകയാണെങ്കിൽ ഞാൻ എന്തിന് പൊതുതെരഞ്ഞെടുപ്പിൽ വോട്ടുചെയ്യണം? ഇത് ഓരോ വോട്ടർമാരും അവരോടുതന്നെ ചോദിക്കുന്ന ചോദ്യമാണ്. പൊതുതെരഞ്ഞെടുപ്പ് വേളയിൽ നിങ്ങളുടെ വോട്ട് നിങ്ങളുടെ സംസ്ഥാനത്തെ വോട്ടർമാരെ നിർണ്ണയിക്കാൻ സഹായിക്കുന്നു. നിങ്ങൾ ഒരു പ്രസിഡണ്ട് സ്ഥാനാർത്ഥിക്ക് വോട്ടുചെയ്യുമ്പോൾ നിങ്ങൾ യഥാർത്ഥത്തിൽ പ്രസിഡണ്ടിന് വോട്ടു ചെയ്യുന്നില്ല. ഇലക്ടർമാരുടെ യോഗത്തിൽ നിങ്ങളുടെ സംസ്ഥാനം ഏതു സ്ഥാനാർത്ഥിക്ക് വോട്ടുചെയ്യണമെന്ന് നിങ്ങൾ സംസ്ഥാനത്തോട് പറയുന്നു. സംസ്ഥാനങ്ങൾ ഈ പൊതുതെരഞ്ഞെടുപ്പ് ഫലങ്ങൾ (പോപ്പുലർ വോട്ട് എന്നും അറിയപ്പെടുന്നു) അവരുടെ ഇലക്ടർമാരെ നിയമിക്കുന്നതിന് ഉപയോഗിക്കുന്നു. വിജയിക്കുന്ന സ്ഥാനാർത്ഥിയുടെ സംസ്ഥാന രാഷ്ട്രീയപാർട്ടി വോട്ടർമാരാകുന്ന വ്യക്തികളെ തെരഞ്ഞെടുക്കുന്നു. ഡോണൾഡ് ട്രംപ് 2016-ൽ അരിസോണയിൽ ഏകദേശം 4 ശതമാനം പോയിന്റിന് വിജയിച്ചു. എന്നാൽ, 2020-ൽ ജോ ബൈഡനോട് അര ശതമാനത്തിൽ താഴെ പോയിന്റിന് സ്ഥാനം നഷ്ടപ്പെട്ടു. ഈ വർഷം നടത്തിയ സർവേയിൽ ട്രംപും കമലാ ഹാരിസും തമ്മിൽ സമനിലയിലാണെന്ന് കണ്ടെത്തി. ഡോണൾഡ് ട്രംപ് 2016-ൽ ജോർജിയയിൽ ഏകദേശം 5 ശതമാനം പോയിന്റിന് വിജയിച്ചു. എന്നാൽ, 2020-ൽ ജോ ബൈഡനോട് 12,000-ൽ താഴെ വോട്ടുകൾക്ക് പരാജയപ്പെട്ടു. ഈ വർഷത്തെ മത്സരം ഒരു ടോസ്-അപ്പ് ആണ്. ഡോണൾഡ് ട്രംപ് 2016-ൽ മിഷിഗണിൽ വിജയിച്ചു. 1988-നുശേഷം റിപ്പബ്ലിക്കൻ പാർട്ടിക്കാർ വിജയിച്ചിട്ടില്ലാത്ത അത് ഡെമോക്രാറ്റുകളെ അത്ഭുതപ്പെടുത്തി. 2020-ൽ ജോ ബൈഡൻ 3 ശതമാനം പോയിന്റോടെ അവിടെ വിജയിച്ചു. ഇവിടെയും ടോസ്-അപ്പ് ആണ് കാണുന്നത്. നെബ്രാസ്ക ഇത്തവണ കമലാ ഹാരിസിനു അനുകൂലമാണ്. എന്നാൽ, നെവാഡ ട്രംപിലേക്ക് ആണ് താല്പര്യം കാണിക്കുന്നത്.

കറുത്തവർഗ്ഗ വോട്ടുകൾ കൂടുതലുള്ള നോർത്ത് കരോലിന കമലാ ഹാരിസ് ഇത്തവണ പിടിക്കുമെന്നാണ് അവരുടെ വിശ്വാസം. 2008 മുതൽ ഒരു ഡെമോക്രാറ്റിക് പ്രസിഡണ്ടായി വോട്ട് ചെയ്തിട്ടില്ല. കഴിഞ്ഞ രണ്ടു തവണയും ട്രംപ് ആണ് അവിടെ വിജയിച്ചത്. 2024-ലെ തെരഞ്ഞെടുപ്പിൽ ഏറ്റവും നിർണ്ണായകമായ യുദ്ധഭൂമിയായി പെൻസിൽവേനിയ ഉയർന്നുവരുന്നു. ഡോണൾഡ് ട്രംപ് 2016-ൽ ഒരു ശതമാനത്തിൽ താഴെ പോയിന്റിൽ സംസ്ഥാനത്ത് വിജയിക്കുകയും 2020-ൽ ഏകദേശം ഒരു ശതമാനം പോയിന്റിൽ തോൽക്കുകയും ചെയ്തു. കമലാ ഹാരിസ് അവിടെ കടുത്ത മത്സരം കാഴ്ച വെക്കുന്നു. സംസ്ഥാനത്തെ ടോസ്-അപ്പ് നിലയിലേക്ക് കൊണ്ടുവന്നിട്ടുണ്ട്. വിസ്കോൺസിൻ ഡെമോക്രാറ്റുകളും റിപ്പബ്ലിക്കന്മാരും തമ്മിലുള്ള ഒരു ടോസ്-അപ്പ് യുദ്ധഭൂമിയാണ്. ഡോണൾഡ് ട്രംപ് 2016-ൽ അവിടെ വിജയിച്ചത് ഒരു ശതമാനത്തിൽ താഴെ പോയിന്റിന്. 2020-ൽ ജോ ബൈഡൻ അവിടെ വിജയിച്ചു, ഒരു ശതമാനത്തിൽ താഴെ പോയിന്റിനും.

ഡെമോക്രാറ്റിക് വൈസ് പ്രസിഡണ്ട് കമലാ ഹാരിസും റിപ്പബ്ലിക്കൻ മുൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപും തമ്മിലുള്ള മത്സരം 'സ്റ്റാറ്റിസ്റ്റിക്കൽ ടൈ' അല്ലെങ്കിൽ സമനില എന്നു പറയാം ഇപ്പോൾ. പ്രസിഡൻഷ്യൽ തെരഞ്ഞെടുപ്പിന്റെ ഫലം ഇതുവരെ ഉറച്ച തീരുമാനം എടുക്കാത്ത കുറച്ച് വോട്ടർമാരും ബാറ്റിൽ ഗ്രൗണ്ട് സ്റ്റേറ്റ് എന്ന് വിശേഷിപ്പിക്കുന്ന സംസ്ഥാനങ്ങളിലെ പോളിംഗും നിർണ്ണയിക്കും. രണ്ടായാലും ഒരു ചരിത്രനിമിഷത്തിനാണ് വോട്ട് ചെയ്യാൻ തയ്യാറായിരിക്കുന്നത്. അത് അങ്ങനെതന്നെയാകട്ടെ എന്ന് ആഗ്രഹിക്കുന്നു.

## ആയുർവേദ പ്രവർത്തനമാരംഭിച്ചു

(13-ാം പേജിൽനിന്നും)

ആയുർവേദ ശാസ്ത്രത്തെ ആരോഗ്യരംഗത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള ശാന്തിഗ്രാമിന്റെ ദൗത്യത്തിലെ ഒരു സുപ്രധാന ചുവടുവെപ്പായിരിക്കും ഇത്.

ന്യൂജേഴ്സിയിലെ ഹാമിൽട്ടണിൽ ഉടൻതന്നെ ആരംഭിക്കുന്ന കേന്ദ്രത്തിന്റെയും വിപുലീകരണ പദ്ധതിയുടെയും ഭാഗമാണ് ന്യൂയോർക്കിലെ മൻഹാട്ടന് സമീപം സ്ഥിതി ചെയ്യുന്ന ജേഴ്സി സിറ്റിയിലെ ശാന്തിഗ്രാം കേന്ദ്രം.

ഈ വിപുലീകരണം ഒരു പ്രമുഖ ദേശീയ ആയുർവേദ കമ്പനി എന്ന നിലയിലുള്ള ശാന്തിഗ്രാമിന്റെ സ്ഥാനം ഊട്ടിയുറപ്പിക്കുന്നതോടൊപ്പം സമഗ്രവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ തെറാപ്പികൾ വാഗ്ദാനം നല്കുകയും ചെയ്യുന്നു. മസ്കുലോസ്കലെറ്റൽ ഡിസോർഡേഴ്സ്, ജീവിതശൈലി അവസ്ഥകൾ, വയോജന പരിചരണം തുടങ്ങിയ സേവനങ്ങൾ ഇവിടെ ലഭ്യമാണ്.

'ആയുർവേദ മന്ത്ര' എന്ന ടിവി ഏഷ്യ സീരീസ് ഹോസ്റ്റ് ചെയ്ത ലോക പ്രശസ്ത ആയുർവേദ വിദഗ്ദ്ധയും ശാന്തിഗ്രാമിന്റെ ചീഫ് കൺസൾട്ടന്റുമായ ഡോ. അംബിക നായരുടെ സേവനം അപ്പോയ്ന്റ്മെന്റ് എടുത്താൽ ശാന്തിഗ്രാം വെൽനെസ് സെന്ററിൽ ലഭിക്കുന്നതാണ്.

സ്പെഷലൈസ്ഡ് വെൽനെസ് സേവനങ്ങളാണ് ശാന്തിഗ്രാമിന്റെ സവിശേഷതകളിലൊന്ന്. 24/7 ആയുർവേദ വെൽനെസ് കൺസൾട്ടേഷൻ പ്ലാറ്റ്ഫോം സജ്ജീകരിച്ചിട്ടുമുണ്ട്.

ശാന്തിഗ്രാം വെൽനെസിന് ഫ്രാഞ്ചൈസി നല്കുന്നതിന് ഫെഡറൽ അംഗീകാരമുണ്ടെന്നും അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ ഫ്രാഞ്ചൈസി മാതൃകയിൽ ശാന്തിഗ്രാം വെൽനെസ് സെന്ററുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടെന്നും ഡോ. ഗോപിനാഥൻ നായർ അറിയിച്ചു.

**കൂടുതൽ വിവരങ്ങൾക്ക്:**

ശാന്തിഗ്രാം വെൽനെസ് കേരള ആയുർവേദ, 1681 സ്റ്റേറ്റ് റൂട്ട് 27, എഡിസൺ ന്യൂജേഴ്സി 08817 എന്ന വിലാസത്തിലോ +1-732 915 8813 എന്ന നമ്പറിലോ ബന്ധപ്പെടാം.

e-mail: info@santhigram.com, വെബ്സൈറ്റ്: www.santhigram.com


SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

- ❑ Enclosing $ 200.00 for five years.
- ❑ Enclosing my subscription of $ 54.00 for one year.
- ❑ Enclosing my subscription of $99.00 for two years.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

*Subscription fee non-refundable*

VISA

MasterCard

DISCOVER




K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**